# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 06 ജനുവരി–2015 ലക്കം 1**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


ഇടയലേഖനം .......................................................... 05
സർക്കുലർ .......................................................... 10
സർക്കുലർ .......................................................... 15
*Workers India Federation* .......................................... 18
സമർപ്പിതർ കൃപയുടെ അടയാളങ്ങൾ ....................... 19
സഭൈക്യവാരം ...................................................... 25
രൂപതാകച്ചേരി വാർത്തകൾ ...................................... 38
പ്രസ്ബിറ്ററൽ കൗൺസിൽ ...................................... 39
ലഹരിവിമുക്ത വർഷാചരണം .................................. 42
വൈദികരുടെ മാസധ്യാനം ........................................ 48
ബൈബിൾ അപ്പോസ്തലേറ്റ് ...................................... 49
മതബോധനരംഗം ...................................................... 50
ചെറുപുഷ്പമിഷൻലീഗ് ............................................. 53
*Department of Youth Ministry* ................................... 56
കെ.സി.വൈ.എം. ....................................................... 58
കുടുംബപ്രേഷിതത്വം ................................................ 66
വിമൻസ് കമ്മീഷൻ .................................................. 71
സീയോൻ വാർത്തകൾ ............................................... 72
വിൻസെന്റ് ഡി പോൾ സൊസൈറ്റി ....................... 74
സാമൂഹ്യ സേവനരംഗം (WSSS) .................................. 81
കേരള ലേബർ മൂവ്മെന്റ് ........................................ 86
റേഡിയോ മാറ്റൊലി ................................................. 87
മീഡിയാകമ്മീഷൻ .................................................... 88
ക്രിസ്ത്യൻ കൾച്ചറൽ ഫോറം ................................... 90
*Mary Matha Arts & Science College* ............................ 91
*CEADOM* വിദ്യാഭ്യാസ മേഖല ........................................ 92
അറിയിപ്പുകൾ ........................................................... 94
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ...................................... 95
ബിഷപ്പ്സ് പ്രോഗ്രാം .................................................. 96

## ഇടയലേഖനം

Prot. No. 3033/2014

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്
**ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത** തന്റെ സഹശുശ്രൂഷ
കരായ മെത്രാപ്പോലീത്തമാർക്കും മെത്രാൻമാർക്കും വൈദികർക്കും
സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരി
ക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

2014 നവംബർ 30 മുതൽ 2016 ഫെബ്രുവരി 2 വരെയുള്ള കാലഘട്ടത്തെ സമർപ്പിതരുടെ വർഷമായി പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പാ പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ സന്ദർഭത്തിൽ സമർപ്പിതജീവിതത്തെക്കുറിച്ച് ചില ആമുഖചിന്തകൾ സഭാമക്കൾക്ക് നൽകുവാൻ ആഗ്രഹിക്കുകയാണ്. സമർപ്പിതവർഷത്തിൽ നടക്കാനിരിക്കുന്ന പഠനങ്ങൾക്കും വിചിന്തനങ്ങൾക്കും നവീകരണ പരിപാടികൾക്കും ഈ ചിന്തകൾ ഉപകരിക്കുമെന്ന് കരുതട്ടെ.

തിരുസഭയുടെ ആരംഭംമുതലേ സഭയിൽ നിലനിന്നിരുന്ന ഒരു ജീവിതരീതിയാണ് സന്യാസം. ക്രിസ്തീയ സന്യാസം മൗലികമായി സുവിശേഷത്തിലെ ക്രിസ്തുവിനെ അടുത്തനുഗമിക്കലാണ്, അനുകരിക്കലാണ്. സന്യാസജീവിതത്തെ ദൈവം മുൻകൈ എടുത്ത് നടത്തുന്ന ഒരാഹ്വാനത്തിന്റെ പശ്ചാത്തലത്തിലേ മനസ്സിലാക്കാൻ സാധിക്കൂ. പിതാവായ ദൈവം പരിശുദ്ധാത്മാവിലൂടെ സഭയ്ക്കു നല്കുന്ന ദാനമാണിത് (സമർപ്പിതജീവിതം1). അന്ത്യഅത്താഴ വേളയിൽ ഈശോ ശിഷ്യൻമാരോടു പറഞ്ഞു, നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത് (യോഹ 15:16). അവിടുന്ന് വിളിക്കുന്നത് അവിടുത്തെ അനുഗമിക്കാനാണ്. വിളിക്കപ്പെടുന്നവർ എല്ലാം ഉപേക്ഷിക്കണം എന്ന്

അവിടുന്ന് ആഗ്രഹിക്കുന്നു. സ്വന്തമെന്ന്, ഏറ്റവും പ്രധാനപ്പെട്ടതെന്ന് മനുഷ്യൻ കരുതുന്നതെല്ലാം ഉപേക്ഷിക്കണമെന്നതാണ് ശിഷ്യത്വത്തിന്റെ അടിസ്ഥാനമായി ഈശോ പറയുക (ലൂക്ക14:26).

സുവിശേഷോപദേശങ്ങളനുസരിച്ച് കൂടുതൽ സ്വാതന്ത്ര്യത്തോടെ ക്രിസ്തുവിനെ പിൻചെല്ലാനും അവിടുത്തെ അടുത്തനുകരിക്കാനും ജീവിതം പരിപൂർണ്ണമായി സമർപ്പിച്ച സ്ത്രീപുരുഷന്മാർ സഭയുടെ ആദ്യകാലം മുതൽ ജീവിച്ചിരുന്നു. ഏകാന്തവാസം, വനവാസം, ഭിക്ഷുചര്യ, സന്യസ്ഥാശ്രമം, സമർപ്പിത സമൂഹം എന്നിങ്ങനെ പലരീതികളിൽ സന്യാസ ജീവിതം ക്രൈസ്തവ സഭകളിൽ നിലനില്ക്കുന്നുണ്ട്. ഇവയിൽ ആശ്രമശൈലിയും സമൂഹശൈലിയുമാണ് ഇന്ന് കൂടുതൽ പ്രാബല്യത്തിലുള്ളത്. ക്രൈസ്തവ സന്യാസവും ഇതരമതങ്ങളിലെ സന്യാസജീവിതശൈലിയും തമ്മിൽ സാധർമ്മ്യങ്ങൾ പലതുണ്ടെങ്കിലും വ്യത്യസ്തതകൾ ഏറെയാണ്. ലോകത്തോടുള്ള വിരക്തി ഹൈന്ദവ -ബുദ്ധമതങ്ങളിലെ സന്യാസത്തിന്റെ പ്രധാന സവിശേഷതയാണ്. 20-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധംവരെ ലൗകിക സുഖസന്തോഷങ്ങളോടുള്ള വിരക്തിയായിരുന്നു ക്രൈസ്തവസന്യാസത്തിന്റെയും ഊന്നൽ. ക്രിസ്തുവിനെ അടുത്തനുകരിക്കുന്നവർക്ക് ലൗകിക സുഖങ്ങളിൽ മുഴുകി ജീവിക്കുക സാദ്ധ്യമല്ല എന്ന ബോദ്ധ്യമാണ് ഈ ചിന്തയ്ക്കു പിന്നിലുള്ളത്. പിന്നീട് സന്യാസസമർപ്പണത്തിന്റെ സുവിശേഷാനുസൃത സ്വഭാവം തേടിയുള്ള നവീകരണ പരിശ്രമങ്ങളുടെ ഫലമായി സുഖസന്തോഷങ്ങളോടുള്ള വിരക്തിയോടൊപ്പം ദൈവത്തോടും ദൈവരാജ്യത്തോടുമുള്ള അർപ്പണത്തിനും ക്രൈസ്തവ സന്യാസം കൂടുതൽ പ്രാധാന്യം നല്കിത്തുടങ്ങി. ദൈവഹിതമനുസരിച്ചുള്ള ജീവിതത്തിന്റെ ഒരു തീവ്രമായ ശൈലിയായി ഇന്ന് ക്രൈസ്തവ സന്യാസ സമർപ്പണം വിവക്ഷിക്കപ്പെടുന്നു.

ക്രിസ്തുവാണ് സന്യാസസമർപ്പണ ജീവിതത്തിൽ സമർപ്പിതർക്ക് മാതൃക. അവിടുന്ന് ഭക്ഷിക്കുന്നവനും പാനംചെയ്യുന്നവനുമായി വന്നു. എന്നാൽ ദരിദ്രനായി ജീവിക്കുകയും ദരിദ്രരോട് സഹവസിക്കുകയും ചെയ്തു. അവിടുന്ന് പിതാവിന്റെഹിതം നിർവ്വഹിക്കുന്നതിനുവേണ്ടി തന്നെത്തന്നെ പൂർണ്ണമായി സമർപ്പിക്കുകയും ബ്രഹ്മചാരിയായി ജീവിക്കുകയും ചെയ്തു. ദൈവഹിതത്തോടുള്ള പൂർണ്ണ വിധേയത്വത്തിലായിരുന്നു ക്രിസ്തുവിന്റെ ജീവിതം. ഇപ്രകാരം അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നീ സുകൃതങ്ങൾ വ്രതമായി സ്വീകരിച്ച് ആശ്രമങ്ങളിലോ സന്യാസ ഭവനങ്ങളിലോ ജീവിക്കുന്നവരെ

യാണ് ക്രൈസ്തവ സഭ വിശേഷിച്ചും കത്തോലിക്കാസഭ സന്യസ്തരെന്ന് വിളിക്കുന്നത്.സമർപ്പിതജീവിതക്കാരെന്നും അവർ വിശേഷിപ്പിക്ക പ്പെടുന്നു. മലമുകളിൽ പ്രാർത്ഥിക്കുകയും ജനങ്ങളോടു ദൈവരാജ്യം പ്രസംഗിക്കുകയും പാപികളെ നേർവഴിക്കു തിരിക്കുകയും ശിശുക്കളെ അനുഗ്രഹിക്കുകയും എല്ലാവർക്കും നന്മചെയ്യുകയും തന്നെ അയച്ച പിതാവിന്റെ അഭീഷ്ടം നിറവേറ്റുകയും ചെയ്ത ക്രിസ്തുശൈലിയാ കണം സന്യസ്തരുടേതെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ ഓർമ്മിപ്പിക്കുന്നു.(തിരുസഭ 46).

സമർപ്പിത ജിവിതക്കാരായ ഓരോ സന്ന്യാസസമൂഹത്തിനും അതിന്റേതായ സവിശേഷവരം (Charism) ഉണ്ടായിരിക്കും. ഓരോ സമൂഹത്തിന്റെയും സ്ഥാപകരാണ് ഈ കാരിസം കണ്ടെത്തുന്നത്. അനുയായികൾ അതു സ്വീകരിച്ച് ജീവിക്കുകയും ചെയ്യുന്നു. എല്ലാ സന്യാസസമൂഹങ്ങളുടെയും കാരിസങ്ങൾ ക്രിസ്തു പ്രസംഗിക്കു കയും സാക്ഷ്യപ്പെടുത്തുകയും ചെയ്ത സുവിശേഷമൂല്യങ്ങളിൽ അധിഷ്ഠിതമായിരിക്കും. സുവിശേഷ പ്രഘോഷണം, വിശ്വാസ പരിശീലനം, കാരുണ്യപ്രവർത്തനം, കുടുംബപ്രേഷിതത്വം, വിദ്യാഭ്യാസം, ആതുരശുശ്രൂഷ, അനാഥരുടെ സംരക്ഷണം ഇങ്ങനെയുള്ള സവിശേഷവരങ്ങളിൽ ഏതെങ്കിലും ഒന്നോ രണ്ടോ കാരിസമായി സ്വീകരിച്ച് ജീവിക്കുന്ന അനേകം സമർപ്പിതരുടെ സമൂഹങ്ങൾ സഭയിൽ പ്രവർത്തനനിരതമാണ്. പ്രസ്തുത പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനു വേണ്ടിയുള്ള സ്ഥാപനങ്ങളും ഈ സന്യാസസമൂഹങ്ങൾ നടത്തിവരുന്നു. സന്യാസസമൂഹങ്ങളുടെ പ്രവർത്തനങ്ങളിലൂടെയാണ് സഭയുടെ സ്നേഹസാക്ഷ്യം വളരെയേറെ പ്രാവർത്തികമാകുന്നത്. സഭയിൽ സുവിശേഷമൂല്യങ്ങൾ ശോഷണമില്ലാതെ സജീവമാക്കി നിലനിർത്തുന്ന വലിയ സാക്ഷ്യങ്ങൾ സമർപ്പിതർ നല്കുന്നതിനാലാണ് സഭയിൽ സമർപ്പിതർക്ക് സവിശേഷമായ സ്ഥാനമുണ്ട് എന്ന് രണ്ടാംവത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത് (തിരുസഭ 43, സന്യാസജീവിതം 1).

വൈദികരുടേതായ സമർപ്പിത സമൂഹങ്ങളുണ്ട്; ബ്രഹ്മചാരി കളായ അവൈദികരുടെ സന്യാസസമൂഹങ്ങളുണ്ട്; സ്ത്രീകളുടെ സമർപ്പിതസമൂഹങ്ങളുമുണ്ട്. ഏകസ്ഥരും പ്രേഷിതപ്രവർത്തനങ്ങൾ നിർവ്വഹിച്ചുകൊണ്ട് ബ്രഹ്മചര്യജീവിതം നയിക്കുന്ന പുരുഷന്മാരു ടെയും സ്ത്രീകളുടേതുമായ ജീവിതാന്തസ്സുകളും കത്തോലിക്കാ സഭയിലുണ്ട്. ഇങ്ങനെയുള്ളവർ ചില സന്ദർഭങ്ങളിൽ ഒന്നിച്ചുകൂടി തങ്ങളുടെ സമർപ്പിതജീവിതത്തെ നവീകരിക്കാനുള്ള കർമ്മപരിപാടി

കളിൽ ഏർപ്പെടുന്നു. എല്ലാ സമർപ്പിതരുടെയും ജീവിതലക്ഷ്യം ദൈവത്തിന്റെ മഹത്വവും തങ്ങളുടെതന്നെ വിശുദ്ധീകരണവും ദൈവരാജ്യത്തിന്റെ വളർച്ചയും സകലജനങ്ങളുടെയും സുസ്ഥിതിയുമാണ്. സന്യാസജീവിതത്തിന്റെ ആരംഭത്തിൽ വൈദികശുശ്രൂഷ ഒരു ആവശ്യഘടകമായി കരുതപ്പെട്ടിരുന്നില്ല. ഇന്നും സന്യാസത്തിന് പൗരോഹിത്യം ആവശ്യഘടകമല്ല. പുരുഷന്മാർക്കു വേണ്ടിയുള്ള ബഹുഭൂരിപക്ഷം സമർപ്പിതസമൂഹങ്ങളിലും വൈദികരാണ് അംഗങ്ങളിൽ ഏറെയും എന്നതിനാൽ സന്യാസികൾ വൈദികരായിരിക്കണമെന്നുള്ള ചിന്ത സഭാംഗങ്ങളുടെ ഇടയിലുണ്ട്. എന്തോ കുറവുണ്ടെന്ന മട്ടിൽ ചിന്തിക്കുന്നവരുമുണ്ട്. സമർപ്പിത ജീവിതത്തിൽ എല്ലാ സന്യസ്തരും വൈദികരും അവൈദികരും തുല്യരാണെന്ന ചിന്ത നിലനിർത്തിക്കൊണ്ട് വൈദികരെപ്പോലും സഹോദരൻ എന്നുമാത്രം വിശേഷിപ്പിക്കുന്ന പതിവാണ് ഫ്രാൻസിസ്കൻ സന്യാസസമൂഹങ്ങൾക്കുള്ളത്. അവയിൽ പലരും അവൈദികരായ തങ്ങളുടെ സമൂഹാംഗങ്ങളെ ഉന്നതാധികാരികളായും തെരഞ്ഞെടുക്കാറുണ്ട്. കപ്പൂച്ചിൻ സഭയിലും ഫ്രാൻസിസ്കൻ മൂന്നാംസഭയിലും അപ്രകാരമുള്ള സഹോദരന്മാർ Minister General-മാരായി പ്രവർത്തിക്കുന്നുണ്ട്. അവൈദികരായ സന്യാസസഹോദര ന്മാർ വൈദികരായ സന്യസ്തരെപ്പോലെ തന്നെ കർത്താവായ ഈശോമിശിഹായെ തീവ്രമായി അനുകരിക്കുകയും തങ്ങളുടെ ജീവിതങ്ങളെ സ്നേഹസാക്ഷ്യമായി സമർപ്പിക്കുകയും ചെയ്യുന്ന വരാണ്. പൗരോഹിത്യവരം ഇല്ലാത്ത അവർ വിശുദ്ധ കുർബാനയും മറ്റു കൂദാശകളും പരികർമ്മം ചെയ്യുന്നില്ല. അജപാലകരായ വൈദികരോടും സമർപ്പിതരായ സന്യാസിനികളോടും അല്മായ ജനത്തോടും സഹകരിച്ച് അജപാലനപ്രവർത്തനങ്ങളിലും പ്രേഷിതപ്രവർത്തനങ്ങളിലും വ്യാപൃതരാകുന്നവരാണ് നമ്മുടെ സഭയിലെ സമർപ്പിതരായ അവൈദിക സഹോദരന്മാർ.

സീറോമലബാർസഭ സമർപ്പിതദൈവവിളിയുടെ ഏറ്റവും വളക്കൂറുള്ള മണ്ണായി അറിയപ്പെട്ടിരുന്നു. നമ്മുടെ സഭയിൽനിന്ന് സമർപ്പിതദൈവവിളി സ്വീകരിച്ച ഏകദേശം അയ്യായിരത്തോളം സന്യാസവൈദികരും മുപ്പത്തിമൂവായിരത്തോളം സന്യാസിനികളും നൂറ്റിഎഴുപതോളം സന്യാസസഹോദരന്മാരും ഇപ്പോഴുണ്ട്. എന്നാൽ അടുത്തകാലങ്ങളിൽ നമുക്ക് സമർപ്പിതദൈവവിളിയിൽ കാര്യമായ വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ട്. കുടുംബമാണ് എല്ലാ വിളികളിലേക്കു മുള്ള മക്കളെ രൂപപ്പെടുത്തുന്നത്. കുടുംബം നേരിടുന്ന ഏത്

പ്രതിസന്ധികളും ദൈവവിളികളെ സ്വാധീനിക്കും. കുട്ടികളുടെ എണ്ണത്തിൽ വന്നിരിക്കുന്ന ഭീതിതമായ കുറവ് കണ്ടില്ലെന്ന് നടിക്കരുത്. ചിലപ്പോഴെങ്കിലും സോഷ്യൽ മീഡിയകളിലും കുടുംബസദസ്സുകളിലും സമർപ്പിതരെ അകാരണമായി പരിഹസിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നതും സമർപ്പിത ദൈവവിളി സ്വീകരിക്കുന്നവരുടെ എണ്ണം കുറയുന്നതിനു കാരണമാകുന്നു.

വൈദികരും വിശ്വാസപരിശീലകരും സമർപ്പിതജീവിതത്തിന്റെ സവിശേഷതകൾ വിശ്വാസസമൂഹത്തെ പൊതുവായും കുഞ്ഞുങ്ങളെ പ്രത്യേകമായും പഠിപ്പിക്കുകയും ദൈവവിളികൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. മാതാപിതാക്കൾ മക്കളെ ക്രിസ്തീയ പുണ്യങ്ങളിൽ വളർത്തിക്കൊണ്ട് അവരിൽ സമർപ്പിത ജീവിതത്തിലേക്കുള്ള വിളി പരിപോഷിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. അതുപോലെ സമർപ്പിതർക്ക് തങ്ങളുടെ ജീവിത മാതൃകവഴി മറ്റുള്ളവരെ സമർപ്പിത ജീവിതത്തിലേക്ക് ആകർഷിക്കാനും സാധിക്കണം.

രണ്ടാം വത്തിക്കാൻകൗൺസിൽ ആഹ്വാനം ചെയ്യുന്നതുപോലെ സ്ഥിരവും വിനീതവുമായ വിശ്വസ്തതയോടെ ദൈവത്തിന് അർപ്പിതമായ ജീവിതം നയിക്കുകയും ക്രിസ്തുവിന്റെ മണവാട്ടിയായ തിരുസഭയ്ക്ക് അലങ്കാരമെന്നവണ്ണം വിരാജിക്കുകയും ചെയ്തുകൊണ്ട് ആശ്രമങ്ങൾ, വിദ്യാലയങ്ങൾ, മിഷൻരംഗങ്ങൾ എന്നിവിടങ്ങളിൽ സകലജനതയെയും വിവിധതരത്തിൽ ഉദാരമായി സേവിക്കുന്ന എല്ലാ സ്ത്രീപുരുഷൻമാരെയും സഹോദരീസഹോദരൻമാരെയും സന്യാസിനിസന്യാസികളെയും നമുക്കു പ്രോത്സാഹിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്യാം (തിരുസഭ 46). സമർപ്പിതവർഷത്തിൽ സന്യസ്തരായ നമ്മുടെ സഹോദരീസഹോദരന്മാരുടെ ശുശ്രൂഷകളോടൊപ്പം സഭാമക്കൾ എല്ലാവരുടെയും ശുശ്രൂഷകൾ നവീകരിക്കപ്പെടുവാൻ ഇടയാകട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

---

**NB:- ഈ ഇടയലേഖനം സൗകര്യപ്രദമായ ഒരു ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

**Prot. No. 3036/2014**

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്
**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി** തന്റെ സഹശുശ്രൂഷകരായ
മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും
സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരി
ക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ !

പ്രേഷിതയായിരിക്കുക എന്നത് തിരുസഭയുടെ ദൈവവിളിയാണ്. മാമ്മോദീസായിലൂടെ ദൈവദാനമായി സ്വീകരിച്ചിരിക്കുന്ന ഈ ദൈവവിളി എല്ലാവരുമായി പങ്കുവയ്ക്കുവാൻ ഓരോ ക്രൈസ്തവനും കടപ്പെട്ടവനാണ്. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം! (1കോറി 9:16) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഇവിടെ അർത്ഥവത്താണ്. മിശിഹായിലൂടെ ലഭിച്ച പ്രേഷിതദൗത്യത്തെക്കുറിച്ച് ബോധ്യമുണ്ടായിരുന്ന ശ്ലീഹന്മാർ പ്രഘോഷണം, ജീവിതസാക്ഷ്യം എന്നിവ വഴി അത് നിർവഹിച്ചു. അതുപോലെ ആദിമക്രൈസ്തവസമൂഹവും ഒരു ഹൃദയവും ഒരാത്മാവുമായി വർത്തിച്ചുകൊണ്ട് തങ്ങളുടെ വിളി അതിന്റെ പൂർണ്ണതയിൽ ജീവിക്കുകയും അനേകരെ സഭാകൂട്ടായ്മയിലേക്ക് ആകർഷിക്കുകയും ചെയ്തു. ഇപ്രകാരം സഭ ലോകത്തിന്റെ നാനാഭാഗങ്ങളിലും പടർന്നുപന്തലിച്ചു.

ഈശോമിശിഹാ സഭയെ ഭരമേല്പിച്ച പ്രേഷിതദൗത്യത്തിന്റെ അനുസ്മരണവും ആഘോഷവുമാണ് ആഗോള കത്തോലിക്കാസഭ ഒക്ടോബർ മാസത്തിലെ മിഷൻ സൺഡേ ആചരണത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഈ ആചരണം വിജയകരമാക്കുവാൻ സഭാമക്കൾ നൽകുന്ന സഹകരണം പ്രശംസനീയമാണ്. കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ ഒരു വ്യക്തി സഭയായ സീറോമലബാർ സഭയ്ക്ക് മിഷൻ

രൂപതകളും, മിഷൻ പ്രദേശങ്ങളുമുണ്ടല്ലോ. പ്രസ്തുത മിഷൻപ്രവർത്തനങ്ങളിൽ പങ്കുചേരേണ്ടത് നമ്മുടെ പ്രത്യേകമായ ഉത്തരവാദിത്വമാണെന്ന് സീറോ മലബാർ ബിഷപ്സ് സിനഡ് വലിയിരുത്തുകയും, സഭയുടെ മിഷൻ പ്രവർത്തനങ്ങളെ ശാക്തീകരിക്കുന്നതിനുവേണ്ടി ദനഹാ തിരുനാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ച സീറോ മലബാർ മിഷൻ സൺഡേയായി ആചരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. വർഷംതോറും നടത്തിവരുന്ന ഈ സീറോ മലബാർ മിഷൻ സൺഡേ കൂടുതൽ ഉപകാരപ്രദവും, അർത്ഥപൂർണ്ണവുമായ രീതിയിൽ ആചരിക്കേണ്ടതിന്റെ ആവശ്യകത 2014 ഓഗസ്റ്റിൽ കൂടിയ സിനഡ് ചർച്ച ചെയ്യുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം മുതൽ ചെറുപുഷ്പ മിഷൻലീഗ്, സി.എൽ.സി, ജീസസ്സ് യൂത്ത് എന്നീ സംഘടനകളുടെ പ്രത്യേക സഹകരണത്തോടെയായിരിക്കും സീറോ മലബാർ മിഷൻ സൺഡേ ആഘോഷിക്കുക. 2015-ൽ ജനുവരി 11 ഞായറാഴ്ചയാണ് സീറോ മലബാർ മിഷൻ സൺഡേയായി ആചരിക്കുന്നത്.

ഇത് സംബന്ധിച്ചുള്ള സർക്കുലർ, പ്രാർത്ഥനാ കാർഡുകൾ, വാൾപോസ്റ്ററുകൾ, കുടുംബങ്ങൾക്കും സ്ഥാപനങ്ങൾക്കും നൽകുവാനുള്ള കവറുകൾ, എന്നിവ മുൻകൂട്ടി അയയ്ക്കുന്നതാണ്. സീറോ മലബാർ മിഷൻ സൺഡേയെക്കുറിച്ചുള്ള അവബോധം സഭാമക്കളിൽ എത്തിക്കുവാൻ ഭക്തസംഘടനകൾ പ്രത്യേകം പരിശ്രമിക്കേണ്ടതാണ്. മിഷൻ സൺഡേയോടനുബന്ധിച്ചുള്ള വി.കുർബാനയിൽ മിഷനറിമാരുടെ പ്രേഷിതാനുഭവങ്ങൾ പങ്കുവയ്ക്കാനുള്ള അവസരങ്ങൾ ഒരുക്കുന്നത് നന്നായിരിക്കും. അതുപോലെ, വിശ്വാസികളിൽ പ്രേഷിതാവബോധം വളർത്തുവാനുതകുന്ന കർമ്മപരിപാടികൾ ഇടവക, ഫൊറോനാ തലങ്ങളിൽ ആസൂത്രണം ചെയ്യുന്നതും ഫലപ്രദമായിരിക്കും. കുടുംബ കൂട്ടായ്മകളിലും, മതബോധന ക്ലാസ്സുകളിലും സീറോ മലബാർ സഭ മിഷൻ പ്രദേശങ്ങളിൽ നല്കിവരുന്ന ത്യാഗോജ്ജ്വലമായ സേവനങ്ങളെകുറിച്ച് ചർച്ചചെയ്യുന്നതിനും, മിഷൻ ദൈവവിളികൾ പ്രോത്സാഹിപ്പിക്കുന്നതിനും, മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനുവേണ്ടി ധനം സമാഹരിക്കുന്നതിനുള്ള അവസരമായിക്കൂടി സീറോ മലബാർ മിഷൻ സൺഡേ ആചരണം പ്രയോജനപ്പെടുത്തേണ്ടതാണ്.

ജറുസലെമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെ നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കും (അപ്പ. 1:8) എന്ന ദിവ്യഗുരുവിന്റെ ആഹ്വാനം പത്രോസ്, പൗലോസ് ശ്ലീഹന്മാർ റോമായിലും, തോമാശ്ലീഹാ ഭാരതത്തിലും, ഇതര ശിഷ്യന്മാർ

ലോകത്തിന്റെ മറ്റുഭാഗങ്ങളിലും നിർവഹിച്ചു. മാർ തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്താൽ രൂപംകൊണ്ട മാർതോമാ ക്രിസ്ത്യാനികളുടെ സഭാ പാരമ്പര്യത്തിൽ നിലനിന്നു പോരുന്നതാണ് സീറോ മലബാർ സഭ. തോമാശ്ലീഹായുടെ പ്രേഷിതതീക്ഷ്ണതയാണ് നമ്മുടെ മിഷൻപ്രവർത്തനങ്ങളെ എന്നും പ്രചോദിപ്പിക്കുകയും, ശക്തിപ്പെടുത്തുകയും ചെയ്യുന്നത്.

ഭാരതത്തിന്റെ സുവിശേഷവത്ക്കരണത്തിലും സാർവ്വത്രിക സഭയുടെ പ്രേഷിത മുന്നേറ്റത്തിലും നമ്മുടെ സഭയുടെ സംഭാവനകൾ വളരെ വലുതാണ്. ആഗോള സഭയ്ക്ക് അനേകം മിഷനറിമാരെ പ്രദാനംചെയ്യുവാൻ നമ്മുടെ സഭയ്ക്ക് സാധിച്ചതിൽ കാരുണ്യവാനായ ദൈവത്തിനു കൃതഞ്ജതയർപ്പിക്കാം. മാർ തോമാശ്ലീഹാ പകർന്നു നൽകിയ പ്രേഷിതചൈതന്യം സ്വജീവിതത്തിൽ പ്രാവർത്തികമാക്കി നമുക്കു മുമ്പേ കടന്നുപോയ മിഷനറിമാരെ നന്ദിയോടെ ഓർമ്മിക്കാം.

പ്രേഷിതതീക്ഷ്ണത ഇല്ലാത്ത സഭ, കർത്താവിന്റെ ശാപം ഏറ്റുവാങ്ങിയ കായ്ക്കാത്ത അത്തിമരത്തെപ്പോലെയാണെന്നാണ് പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപ്പാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നത്. പ്രേഷിതചൈതന്യമില്ലാത്ത സഭ ജീവനില്ലാത്ത സഭയാണ്. സഭയുടെ ജീവന്റെ അടയാളം അതിന്റെ പ്രേഷിതോന്മുഖതയാണ് (EN.14). അതുകൊണ്ടുതന്നെ സുവിശേഷവത്ക്കരണം സഭാമക്കളുടെ കൂട്ടുത്തരവാദിത്വവും അവകാശവും കടമയുമാണ്. സഭയുടെ കാനോനിക പ്രബോധനങ്ങളിൽ സുവിശേഷവത്ക്കരണം എല്ലാ സഭാവിശ്വാസികളുടെയും ഉത്തരവാദിത്വമാണെന്ന് പറയുന്നുണ്ടെങ്കിലും ഈ ഉത്തരവാദിത്വം പലപ്പോഴും അജപാലകരായ വൈദികരുടെയും മിഷൻരംഗത്ത് സേവനം ചെയ്യുന്ന ഏതാനും മിഷനറിമാരുടെയും മാത്രം ചുമതലയായി പരിഗണിക്കുന്നത് തെറ്റായ പ്രവണതയാണ്. പ്രാർത്ഥനകൊണ്ടും, പരിത്യാഗംകൊണ്ടും, ആളുകൊണ്ടും, അർത്ഥംകൊണ്ടും എല്ലാ സഭാതനയരും പ്രേഷിതപ്രവർത്തനത്തിൽ കൂട്ടുപങ്കാളികൾ ആകേണ്ടതാണ്. ഈ പങ്കാളിത്തപരമായുള്ള കൂട്ടുത്തരവാദിത്വം അല്മായർ വ്യക്തിഗതമായും സംഘാതമായും പരിപ്പോഷിപ്പിക്കേണ്ടതാണ് (മിഷൻ പോളസി 1,5,7,9, സീറോ മലബാർ സഭയുടെ പ്രേഷിതപ്രവർത്തനമാർഗ്ഗരേഖ).

മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സുവിശേഷപ്രഘോഷണത്തിന് വ്യത്യസ്തങ്ങളായ സമീപനങ്ങളും, രീതികളും അവലംബിക്കുവാൻ നമുക്ക് സാധിക്കണം. ആധുനിക സമ്പർക്കമാധ്യമങ്ങൾ ഉപയോഗിച്ച് അൽമായരുടെ പങ്കാളിത്തത്തോടെ സഭ മിഷൻ രംഗത്ത് മുന്നേറ്റം നടത്തേണ്ടതാണ്. അല്മായർ സഭയുടെ

മിഷൻ പ്രവർത്തനങ്ങളിൽ സജീവമാകുന്നത് മിഷൻപ്രദേശങ്ങളുടെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് ഉപകരിക്കും.

സഭ സ്വഭാവത്താലെ പ്രേഷിതയാണെങ്കിൽ, ക്രിസ്തീയ കുടുംബവും അതിന്റെ ക്രിസ്തീയ സ്വഭാവത്താൽ തന്നെ പ്രേഷിതയാണ് (മിഷൻ പോളിസി 7:6). വിശ്വാസപരിശീലനത്തിന്റെയും അനുദിനസാക്ഷ്യത്തിന്റെയും കേന്ദ്രം കുടുംബമാകയാൽ, മാതാപിതാക്കളുടെ മാതൃകാപരമായ ജീവിതം, കുടുംബപ്രാർത്ഥന എന്നിവയിലൂടെ കുടുംബങ്ങൾ സുവിശേഷവത്ക്കരിക്കപ്പെടണം. മിഷനറിമാർക്കുവേണ്ടി പ്രാർത്ഥിക്കുവാനും, കുടുംബത്തിൽ മിഷൻ ദൈവവിളികൾ പ്രോത്സാഹിപ്പിക്കുവാനും മാതാപിതാക്കൾക്ക് സാധിക്കണം. സീറോ മലബാർ സഭയുടെ പ്രേഷിതാഭിമുഖ്യം കൂടുതൽ വളർത്തുവാനും വിശ്വാസികളുടെ സജീവമായ പങ്കാളിത്തത്തിലൂടെ മിഷനറി ദൈവവിളികളെ പ്രോത്സാഹിപ്പിക്കുവാനും, വൈദിക, സന്ന്യാസ പരിശീലനത്തിൽ സഭാമക്കളുടെ സാമ്പത്തിക സഹായം ലഭ്യമാക്കുവാനും മിഷൻഫണ്ട് സമാഹരണം കൂടുതൽ കാര്യക്ഷമമായി നടത്തുവാനുമുള്ള ക്രിയാത്മകപദ്ധതികൾ സഭയിൽ തുടങ്ങേണ്ടതാണ്. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് നമ്മുടെ സഭ സീറോ മലബാർ മിഷൻ സൺഡേ ആചരിക്കുക. കൂടാതെ, 2011–ൽ നമ്മുടെസഭ മിഷൻ വർഷം ആചരിച്ചപ്പോൾ എ. എസ്. എസ്. എം. (ASSM - Association of Supporters of Syro-Malabar Mission) എന്ന അസോസ്സിയേഷന് സീറോ മലബാർ സഭയിലെ മെത്രാന്മാരുടെ സിനഡ് രൂപംകൊടുക്കുകയും ചെയ്തു. നമ്മുടെ മിഷൻ രൂപതകളെയും, മിഷൻ പ്രദേശങ്ങളെയും സാമ്പത്തികമായി സഹായിക്കുക എന്നതാണ് ഈ അസോസ്സിയേഷന്റെ പ്രധാന ലക്ഷ്യം. ഈ അസോസ്സിയേഷൻ നമ്മുടെ ഇടവകകളും, വ്യക്തികളും, സന്ന്യാസ സമൂഹങ്ങളും, സ്ഥാപനങ്ങളും നൽകിയ സംഭാവനകൾ ഉപയോഗിച്ച് ഏകദേശം ഒന്നേമുക്കാൽ കോടി രൂപ സമാഹരിച്ചു. ഈ ഫണ്ട് വിവിധ മിഷൻ രൂപതകളിലെയും, മിഷൻ പ്രദേശങ്ങളിലെയും പ്രേഷിതപ്രവർത്തനങ്ങൾക്കായി വിതരണം ചെയ്യുകയും ചെയ്തു.

നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോസ് 16:15) എന്ന ഈശോയുടെ ദിവ്യാഹ്വാനം ആധുനിക കാലഘട്ടത്തിന്റെ വെല്ലുവിളികളുടെ നടുവിൽ ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കാൻ ഏവർക്കും സാധിക്കട്ടെയെന്ന് ഞാൻ പ്രത്യാശിക്കുന്നു. പ്രവാസികളായി കഴിയുന്ന സഭാംഗങ്ങളുടെ അജപാലന ആവശ്യങ്ങൾക്ക് നേതൃത്വം വഹിക്കുന്നതിന് ഇന്ത്യയിൽ

അപ്പസ്റ്റോലിക്ക് വിസിറ്റേറ്ററായി നിയമിതനായിരിക്കുന്ന അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെയും, വിദേശ രാജ്യങ്ങളിലെ നമ്മുടെ സഭാമക്കളുടെ അജപാലന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നൽകുന്ന അഭിവന്ദ്യ മാർ സെബാസ്ററ്യൻ വടക്കേൽ പിതാവിന്റെയും ഉദ്യമങ്ങൾ ഫലമണിയട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം എന്നു പറഞ്ഞ നമ്മുടെ അപ്പസ്തോല നായ തോമാശ്ലീഹായുടെ വാക്കുകൾ നമ്മുടെ പ്രേഷിതതീക്ഷ്ണ തയെ ജ്വലിപ്പിക്കട്ടെ. സഭയുടെ മിഷൻപ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേർന്നുകൊണ്ട് ക്രിസ്തുവിന് സാക്ഷ്യം വഹിക്കുവാൻ മാർ തോമാശ്ലീഹായുടെ മാദ്ധ്യസ്ഥ്യം നമുക്ക് സഹായകമാകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,
**കർദ്ദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

---

**NB:** **1. ഈ സർക്കുലർ 2015 ജനുവരി മാസം 4-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

**2. സീറോ മലബാർ മിഷൻ സൺഡേ കവറിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രങ്ങളിൽ ഏല്പിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന എ.എസ്.എസ്.എം. ഓഫീസിൽ 2015 ഫെബ്രുവരി 28-ന് മുമ്പായി എത്തിക്കേണ്ടതാണ്. പ്രസ്തുത ഫണ്ട് സീറോ മല ബാർ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കായി വിനിയോ ഗിക്കുന്നതാണ്.**

## 2015 ജനുവരി 15 കർഷകദിനം

## കെസിബിസി ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

എല്ലാവർഷവും ജനുവരി 15-ന് കർഷക ദിനമായി കേരള സഭ ആചരിക്കുകയാണല്ലോ. ഈ ദിനത്തോട് അനുബന്ധിച്ച് കാർഷിക മേഖലയുമായി ബന്ധപ്പെട്ട ചിലകാര്യങ്ങൾ നിങ്ങളുമായി പങ്കുവെക്കുവാനാണ് ഈ സർക്കുലർ.

കേരളത്തിലെ കാർഷിക മേഖല ഇന്നു നേരിടുന്ന സങ്കീർണ്ണമായ പ്രശ്നങ്ങളിലേയ്ക്ക് നിങ്ങളുടെ സത്വരമായ ശ്രദ്ധ ക്ഷണിക്കാനാണ് ഈ സർക്കുലർ എഴുതുന്നത്. കഴിഞ്ഞ ദശകത്തിന്റെ ആരംഭത്തിൽ സമാനമായ പ്രതിസന്ധികളുടെ പശ്ചാത്തലത്തിലാണ് ഇൻഫാം എന്ന കർഷകപ്രസ്ഥാനത്തിന് നാം രൂപം കൊടുത്തത്. അസംഘടിതരും അവകാശങ്ങളെക്കുറിച്ച് അവബോധമില്ലാതിരുന്നവരുമായ കർഷകരെ സംഘടിപ്പിക്കാനും അതുവഴി അവകാശങ്ങൾക്കുവേണ്ടി ജാതിമത കക്ഷിരാഷ്ട്രീയത്തിനതീതമായി കൂട്ടായ ശബ്ദമുയർത്തുവാനും ഇൻഫാമിന്റെ നേതൃത്വത്തിൽ നമുക്ക് കഴിഞ്ഞു എന്നത് ഏവർക്കുമറിയാമല്ലോ. ഇതിനോടകം സർക്കാർ നടപ്പിലാക്കിയ കാർഷിക പെൻഷൻ എന്ന ആശയം ആദ്യമായി അവതരിപ്പിച്ചതും അതിനായി കർഷകർ സമരരംഗത്തിറങ്ങിയതും ഇൻഫാമിന്റെ നേതൃത്വത്തിലാണ്. ഇൻഫാമിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട ആയിരക്കണക്കിന് സ്വാശ്രയസംഘങ്ങൾ കേരളത്തിലുടനീളം ശക്തമായ കർഷക കൂട്ടായ്മകളായി മാറിയതും ഓർമ്മയിലുണ്ട്. മലയോര ഗ്രാമങ്ങളിലെ കർഷകർ വർഷങ്ങളായി നേരിട്ടുവരുന്ന വന്യമൃഗശല്യത്തിനെതിരായ മുന്നേറ്റത്തിന്റെ നേതൃത്വത്തിലും ഇൻഫാം ഉണ്ടായിരുന്നു.

അനിയന്ത്രിതമായ പാമോയിൽ ഇറക്കുമതിയിലൂടെ കേരകർഷകർ പീഢിപ്പിക്കപ്പെട്ടപ്പോൾ പാമോയിൽ ബഹിഷ്കരിച്ചുകൊണ്ടും ഐതിഹാസികമായ തുറമുഖ ഉപരോധസമരത്തിലൂടെയും ഇൻഫാം രംഗത്തിറങ്ങി. കഴിഞ്ഞ ദശകത്തിന്റെ ആരംഭത്തിൽ റബർവില കുത്തനെ ഇടിഞ്ഞ സാഹചര്യത്തിൽ റബർ കയറ്റുമതിചെയ്യാൻ ഇൻഫാം മുന്നോട്ടിറങ്ങിയത് റബർ വിപണിയിൽ കാര്യമായ ഗുണഫലങ്ങൾ ഉളവാക്കിയ നീക്കങ്ങളായിരുന്നല്ലോ.

കർഷകർ സംഘടിതമായി മുന്നോട്ടിറങ്ങിയാൽ ക്രിയാത്മകമായ പല മാറ്റങ്ങളും സാധ്യമാകും എന്നു വ്യക്തമാക്കാനാണ് ഇത്രയും കാര്യ

ങ്ങൾ സൂചിപ്പിച്ചത്. എന്നാൽ കാർഷിക മേഖല മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്തവിധം തകർച്ചയെ അഭിമുഖീകരിക്കുകയാണിപ്പോൾ. കേന്ദ്ര സർക്കാരുകളുടെ കർഷകദ്രോഹപരമായ റബർ ഇറക്കുമതി നയംമൂലം റബറിന്റെ വില മുൻവർഷത്തേക്കാൾ പകുതിയോളമായി ചുരുങ്ങി എന്നത് കർഷകരുടെ സകല പ്രതീക്ഷയേയും കൃഷിയുടെ ഭാവിയേയും തകിടം മറിച്ചിരിക്കുകയാണ്. വ്യവസായ ലോബികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാനായി പ്രതിവർഷം ആവശ്യമായ ഇറക്കുമതിയുടെ ഏഴിരട്ടിവരെ റബർ ഇറക്കുമതി ചെയ്യാൻ സർക്കാർ അനുവദിക്കുന്നതാണ് ഇപ്പോഴത്തെ പ്രതിസന്ധിക്കു പ്രധാന കാരണം. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായ റബറിന്റെ ഇറക്കുമതിയിലെ വികലമായ നയങ്ങൾ ഉടനടി തിരുത്തപ്പെടുന്നില്ലെങ്കിൽ സംസ്ഥാനത്തെ ആയിരക്കണക്കിന് കർഷകകുടുംബങ്ങൾ പട്ടിണിയിലാകും. റബറിനെ വ്യവസായ ഉല്പന്നത്തിൽ നിന്ന് ഒഴിവാക്കി, കാർഷിക ഉല്പന്നമായി കണ്ട് റബർ തടി മറ്റു സംസ്ഥാനങ്ങളിലേക്ക് കയറ്റുമതി ചെയ്യുവാൻ അനുവദിച്ചാൽ റബർ കർഷകർക്ക് അല്പമെങ്കിലും ആദായമാകും. ഉല്പന്നങ്ങളുടെ വിലയിടിവിനു പുറമെ സ്വന്തം കൃഷിഭൂമിയുടെ സ്വതന്ത്രവിനിയോഗത്തിനുവേണ്ടി ഗാഡ്ഗിൽ, കസ്തൂരിരംഗൻ കമ്മീഷനുകളുടെയും ഉദ്യോഗസ്ഥലോബികളുടെയും ദയാദാക്ഷിണ്യത്തിനു കാത്തുനിൽക്കേണ്ട ഗതികേടും പശ്ചിമഘട്ടത്തിലെ സാധാരണ കർഷക കുടുംബങ്ങൾ നേരിടുന്നു.

തീരദേശജനതയും വലിയൊരു ജീവിത പ്രതിസന്ധിയിലാണിന്ന്. തീരദേശനിയന്ത്രണ വിജ്ഞാപനത്തിലെ അപാകതകൾ പരിഹരിക്കുമെന്ന സർക്കാർ ഉറപ്പ് ഇതുവരെയും പാലിക്കപ്പെട്ടിട്ടില്ല. ഈ വിജ്ഞാപനം മൂലം തീരദേശവാസികൾക്ക് വീടുകൾ പുതുക്കി പണിയുന്നതിനോ പുതിയ വീട് നിർമ്മിക്കുന്നതിനോ സാധ്യമല്ലാത്ത സാഹചര്യമാണ്.

തീരദേശത്തിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥയും മത്സ്യസമ്പത്തും സംരക്ഷിക്കപ്പെടണം. എന്നാൽ കടലിന്റെയും കായലുകളുടെയും തീരങ്ങളിൽ വർഷങ്ങളായി താമസിക്കുന്ന ജനങ്ങളെ വിസ്മരിക്കരുത്. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും തീരത്തെ ജനസാന്ദ്രതയും പരിഗണിച്ച് വിജ്ഞാപനത്തിലെ വനനിർമ്മാണത്തിനായുള്ള ദൂരപരിധി നിയന്ത്രണം പൂർണ്ണമായും ഒഴിവാക്കണം. പരമ്പരാഗത ചെറുകിട മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിന് വെല്ലുവിളിയുയർത്തുന്ന നിർദ്ദേശങ്ങൾ ചെറുകിട മത്സ്യമേഖലയെ തകർക്കുന്നതും കടലിൽ സംഘർഷങ്ങൾ സൃഷ്ടിക്കുന്നതുമാണ്. ഈ സാഹചര്യത്തിൽ രക്ഷയ്ക്കുള്ള ഏക പരിഹാരം മലയോരങ്ങളിലും

തീരദേശങ്ങളിലും ഇടനാട്ടിലും ജീവിക്കുന്ന ജനസമൂഹം ഒരു മനസ്സോടെ സംഘടിത ശക്തിയാവുക എന്നതുമാത്രമാണ്.

ഇൻഫാം എന്ന പ്രസ്ഥാനത്തെ പഞ്ചായത്തുതലം മുതൽ കൂടുതൽ കാര്യക്ഷമമായി സജീവമാക്കുവാനുള്ള കർമ്മപദ്ധതികൾ നടപ്പിലാക്കിവരികയാണ്. സംസ്ഥാന തലത്തിലും ദേശീയ തലത്തിലും ഇൻഫാം പ്രവർത്തനം ശക്തമാക്കുവാൻ കഴിഞ്ഞ ദേശിയ സമിതി തീരുമാനിച്ചിരിക്കുകയാണ്. മറ്റ് കർഷക സംഘടനകളുമായി സഹകരിച്ച് കൂട്ടായ ശ്രമത്തിലൂടെ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം നേടുവാനും ഗവൺമെന്റുമായി സഹകരിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുവാനും ആലോചിച്ചുകൊണ്ടിരിക്കുന്നു. പഞ്ചായത്തുകളിലെ വാർഡുകൾ അടിസ്ഥാനമാക്കി ജാതിമത കക്ഷി രാഷ്ട്രീയത്തിനതീതമായി കാർഷിക കടലോര മേഖലകളിലെ മുഴുവൻ അദ്ധ്വാന ജനവിഭാഗങ്ങളേയും അണിനിരത്തിക്കൊണ്ട് സംഘടിതശക്തിയായി ഇൻഫാമിനെ മാറ്റുവാനും വളർത്തിയെടുക്കുവാനും നാം ഒത്തൊരുമയോടെ രംഗത്തിറങ്ങേണ്ടതുണ്ട്. അതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും/രൂപതകളിലും പ്രത്യേകം ഡയറക്ടർമാരെ നിയമിച്ച് അഭിവന്ദ്യ പിതാക്കന്മാർ സഹകരിക്കുന്നതാണ്. ഇരുപത്/ പത്ത് അംഗങ്ങൾ അടങ്ങുന്ന അടിസ്ഥാന യൂണിറ്റുകൾ വാർഡുകൾ തോറും സ്ഥാപിച്ച് ഇൻഫാമിന്റെ പ്രവർത്തനങ്ങൾ സജീവമാക്കുമല്ലോ. ഫെബ്രുവരി അവസാനത്തോടെ ജില്ലാതല സംഗമങ്ങൾ സംഘടിപ്പിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതാണ്. 2015 ജനുവരി 15-ന് കർഷകദിനമായി ആചരിക്കുന്നതും സംസ്ഥാനതല നേതൃസംഗമം ചേരുന്നതുമാണ്.

നമ്മെ രക്ഷിക്കുവാൻ നാം തന്നെ മുന്നോട്ടിറങ്ങണമെന്ന അടിസ്ഥാന തത്വം നമുക്കു മറക്കാതിരിക്കാം. ജനങ്ങളുടെ ജീവനും, ജീവിതത്തിനും വെല്ലുവിളികളുയരുമ്പോൾ ശക്തമായ ഇടപെടലുകൾ അടിയന്തരമാണ്. ജനനന്മയ്ക്കുവേണ്ടിയുള്ള നമ്മുടെ എല്ലാ ഉദ്യമങ്ങളേയും ശുശ്രൂഷകളേയും ധാരാളമായി ദൈവം അനുഗ്രഹിക്കുമെന്ന് എനിക്കുറപ്പുണ്ട്.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**ബിഷപ്പ് മാർ മാത്യു അറയ്ക്കൽ**

എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം

---

**NB:- ഈ സർക്കുലർ 2015 ജനുവരി മാസം 11-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

# Workers India Federation

To,

The Cardinals, Archbishops, Bishops Superior Generals, Provincial Superiors, Superiors Parish Priests, Managers, Principals, Directors.

Subject: Domestic workers in Church related institutions and migrant workers.

Dear Cardinals, Archbishops, Bishops, Fathers and Sisters,

Cordial greetings of peace and joy to all of you from the Labour Office of CBCI, New Delhi!

Past five years, we have been communicating with you on behalf of the Labour Office of CBCI, on the above mentioned subject. It is the concern of the Church and our personal concern too, that we deal with our domestic helpers lovingly, justly and have a great concern for their welfare. We have no hesitation to accept that we love our domestic helpers and show compassion towards them.

However, during the meetings of Labour Office, the members (Priests, religious and laity) report that in many dioceses, religious houses, presbyteries, hospitals, schools and other institutions, the policy of the CBCI Labour Commission regarding the domestic workers is not yet fully implemented. On the one hand we love our workers on the other hand we do not deliver justice to them. When it comes to pay just wages, grant holidays, rest and facilities we have many excuses and justification.

Human as we are, we need reminders from time to time. Hence the Labour Office sends this gentle yet strong reminder that-

- The domestic helpers be respected with human dignity.
- Be paid just family wages, keeping in mind the minimum wages in various States, cities, urban and rural areas.
- Grant holidays, weekly, annual, sick leave, daily rest.
- Future securities such as welfare Fund / Provident Fund, Pension. Help them to join Mazdoor Suraksha Yojana (M.S.Y.) of Workers India Federation.
- Minors (below the age of 18 years) should not be employed. Age should be properly verified
- Proper address, phone number of the family and of the contact persons should be maintained.
- Proper care should be taken in the event of sickness. He/she should be sent home at the expense of the employer.
- Another emerging issue that needs to be addressed by the Church is the reality of migration. Pontifical Council for Pastoral Care of Migrants and Itinerant People, Rome and many other International and Regional Organizations are greatly concerned about international migration. In India we do not have over-seas migration but have internal migration. Poor and tribal people from different states are migrating in search of jobs. They are working as domestic workers, agricultural, construction, brick kiln, fisheries workers. The Church has to open up her charitable service to these migrants. Among them are many Catholics who require Pastoral care. This fast emerging issue in our country needs to be attended to. How does the Church in India address this crucial issue of internal migration in general? What pastoral care do we provide to the Catholic Migrants?

Requesting for you prompt response

Yours in Christ

| **Bp. Oswald Lewis** | **Bp. Jose Porunnedom** | **Bp. Thomas Ignatius Macwan** |
|---|---|---|
| Chairman | Vice Chairman | Vice Chairman |

# സമർപ്പിതർ കൃപയുടെ അടയാളങ്ങൾ

***കർദ്ദിനാർ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ***

സഭയ്ക്ക് ദൈവം നൽകിയിട്ടുള്ള വലിയ കൃപയാണ് സന്യാസം. ദൈവസേവനത്തെക്കാൾ മഹത്തരമാണ് ദൈവസമ്പാദനം എന്ന വിശ്വാസം പരിപോഷിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ അത്യാവശ്യമാണ്. സുവിശേഷ മൂല്യങ്ങൾക്കനുസരിച്ച് യേശുവിനെ അടുത്തനുകരിച്ച് അനുഗ്രഹം നേടാനും അനുഗ്രഹമായി മാറാനും വിളിക്കപ്പെട്ടവരാണ് സന്യാസികൾ. ചിന്തയിലും വാക്കിലും പ്രവൃത്തിയിലും കൂട്ടായ സാക്ഷ്യത്തിലും യേശു കർത്താവിലൂടെ ദൈവപിതാവുമായുള്ള ബന്ധം നിരന്തരം പുതുക്കുകയും അതിന്റെ അനുഗ്രഹം സഭാമക്കൾക്കും ദൈവ രാജ്യത്തിലെ സകലർക്കും പങ്കുവച്ചു കൊടുക്കുകയും ആണ് സമർപ്പി തരുടെ നിയോഗം.

ദൈവത്തെ സ്വന്തമാക്കുന്നതിനുള്ള യത്നത്തിൽ സന്യാസികൾ നടത്തിയിട്ടുള്ള ശുശ്രൂഷകൾ ലോകത്തിനാകെ അനുഗ്രഹമായി മാറി. അവർ പ്രാചീനകൃതികൾ പകർത്തി സൂക്ഷിച്ചു. വിദ്യാകേന്ദ്രങ്ങളും ആതുരാലയങ്ങളും നടത്തി. തൊഴിലും കൃഷിയും പഠിപ്പിച്ചു. അടിമകളെ വീണ്ടെടുത്തു. ശാസ്ത്രീയ വളർച്ചയ്ക്ക് വഴിതുറന്നു... അവർ എല്ലാം ചെയ്തത് ഒരു ലക്ഷ്യത്തോടെ ആയിരുന്നു. സുവിശേഷ പ്രചാരണം നടത്തുവാൻ. കാലം എത്ര കടന്നു പോയാലും സന്യാസി യേശുവിനെ അടുത്തു പിൻചെല്ലുന്നതും അവനു വേണ്ടി ജീവിക്കുന്നതും സുവിശേ ഷത്തിന്റെ പുരോഗതിക്കായാണ്, ദൈവരാജ്യം സ്ഥാപിക്കുവാനാണ്.

ഈ നിയോഗം ജീവിതവ്രതമാക്കിയ ലക്ഷക്കണക്കിന് സന്യാ സികൾ ഇന്ന് വിവിധ സന്യാസസമൂഹങ്ങളിലായി ആഗോള കത്തോലിക്കാ സഭയിലുണ്ട്. ഇവരിൽ ഒന്നരലക്ഷത്തോളം വൈദിക രാണ്. മൂന്നു ലക്ഷത്തോളം വരുന്ന ഇടവക വൈദികർക്കു പുറമെയു ള്ളവരാണിത്. ബാക്കിയുള്ളവരിൽ ഏഴരലക്ഷത്തലധികം സന്യാസി നിമാരുണ്ട്. പൗരോഹിത്യം സ്വീകരിക്കാത്ത 55,107 സന്യാസ സഹോദ രങ്ങളുണ്ട്. 600 ഓളം സ്ഥിരം ഡീക്കന്മാരും ഉണ്ട്. ഇവർക്കുവേണ്ടി ആഗോ ളദിനാചരണത്തിന് തുടക്കം കുറിച്ചത് വിശുദ്ധ ജോൺ പോൾ രണ്ടാ മൻ മാർപ്പാപ്പ ആയിരുന്നു. 1997 ഫെബ്രുവരി രണ്ടിനാണ് ആദ്യത്തെ ആഗോളസമർപ്പിതദിനം കൊണ്ടാടപ്പെട്ടത്. 2013 നവംബർ 29-ന് സന്യാസ സമൂഹങ്ങളുടെ സുപ്പീരിയർ ജനറൽമാരുടെ സമ്പൂർണ്ണ സമ്മേളനത്തിൽ വച്ചാണ് ഫ്രാൻസിസ് മാർപാപ്പ 2015 സമർപ്പിത വർഷ മായി കൊണ്ടാടുന്നത് സംബന്ധിച്ച പ്രഖ്യാപനം നടത്തിയത്.

സാധാരണ ജീവിതക്രമത്തിന്റെ പരിമിതികളും പ്രതിസന്ധികളും വെല്ലുവിളികളും അതിജീവിക്കുന്നതിന് ബ്രഹ്മചര്യം, അനുസരണം, ദാരിദ്ര്യം എന്നീ വ്രതങ്ങളാൽ തങ്ങളുടെ ജീവിതത്തെ സമഗ്ര സമർപ്പണമാക്കി മാറ്റുന്നതുവഴി ലോകത്തിന് സമർപ്പിത ജീവിതം സുവിശേഷത്തിന്റെ സന്തോഷം പ്രദാനം ചെയ്യുന്നു. ഈ വിളിയെക്കുറിച്ചുള്ള പ്രാർത്ഥനാപൂർവ്വമായ വിചിന്തനം, പുനഃസമർപ്പണം, സഭ ഒന്നാകെ ഈ കൃപയോടു കാണിക്കുന്ന സഹകരണം, പ്രോത്സാഹനം ഇവയെല്ലാം കർമ്മനിരതമായ ഒരു കൂട്ടുത്തരവാദിത്വത്തിലേക്ക് നമ്മെ എത്തിക്കുന്നതിനാണ് ഈ സമർപ്പിത വർഷം. കത്തോലിക്കാസഭയുടെ സമകാലീനചരിത്രത്തിലെ പരിശുദ്ധാത്മാവിന്റെ ഏറ്റവും വലിയ ഇടപെടലായിരുന്നു രണ്ടാം വത്തിക്കാൻ സൂനഹദോസ്. സന്യാസ ജീവിതത്തെക്കുറിച്ചുള്ള പ്രമാണ രേഖയായ 'പരിപൂർണ്ണസ്നേഹം' (Perfectae Caritatis) പ്രഖ്യാപിച്ചിട്ട് അമ്പതു വർഷം പൂർത്തിയാവുകയാണ്. കഴിഞ്ഞ അമ്പതു വർഷത്തിൽ ഈ പ്രമാണ രേഖയുടെ ചൈതന്യം സ്വന്തമാക്കി ജീവിക്കുന്നതിൽ ഓരോ സന്യാസ സമൂഹത്തിനും കൈവരിക്കുവാനായ നേട്ടം, അനുഭവിച്ച തിരിച്ചടികൾ അവ നൽകുന്ന പാഠം എല്ലാം സഭ ഈ വർഷത്തിൽ പുനഃവായനക്ക് വിധേയമാക്കുന്നു. ഈ സുവിശേഷ ജീവിതത്തിലേക്ക് കടന്നു വരുന്നവരുടെ എണ്ണത്തിൽ ഉണ്ടാകുന്ന നേരിയ കുറവും ഈ ജീവിതം ഉപേക്ഷിച്ചു പോകുന്നവരുടെ എണ്ണത്തിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളും അവ നൽകുന്ന പാഠങ്ങളും സഭ പഠനവിധേയമാക്കും.

കേരളസഭയ്ക്ക് അതുല്യമായ അനുഗ്രഹങ്ങൾ പ്രദാനം ചെയ്തിട്ടുള്ള ശുശ്രൂഷയാണ് സമർപ്പിതസാക്ഷ്യം. ഇന്നും അതു തുടരുന്നു. സഭയുടെയും സമൂഹത്തിന്റേയും വിവിധ ആവശ്യങ്ങളിലും പ്രതിസന്ധികളിലും സന്യാസ സമൂഹങ്ങൾ നിർവ്വഹിച്ചിട്ടുള്ള ശുശ്രൂഷകളും നൽകിയിട്ടുള്ള സംഭാവനകളും കേരളസഭ കൃതജ്ഞതയോടെ സ്മരിക്കുന്നു.

ഭാരതത്തിലെ അനേകം ചെറുഗ്രാമങ്ങളിലും, അവികസിത പ്രദേശങ്ങളിലും സുവിശേഷത്തിന്റെ ശോഭയും സന്തോഷവും എത്തിക്കുന്നതിന് നമ്മുടെ സമർപ്പിതർ നിർവ്വഹിച്ചിട്ടുള്ളതും ഇന്നും സന്തോഷപൂർവ്വം തുടരുന്നതുമായ സമർപ്പിത ശുശ്രൂഷ കേരളസഭയ്ക്ക് അനുഗ്രഹവും അഭിമാനവും പകരുന്നു. തീവ്രവാദസ്വഭാവത്തോടു കൂടിയ ചില ആളുകൾ വടക്കേ ഇന്ത്യയിലെ ഒരു മിഷൻ കേന്ദ്രത്തിൽ ആക്രമണം നടത്തി. അപ്പോൾ അവിടെ ഉണ്ടായിരുന്ന കേരളീയരായ കന്യാസ്ത്രീകൾ പ്രകടിപ്പിച്ച അനിതര സാധാരണമായ സമർപ്പണം നേരിട്ടുകാണുവാൻ എനിക്കു സാധിച്ചു. "ഞങ്ങൾ ഇവിടം വിട്ട് എങ്ങും പോകുന്നില്ല" എന്ന അവരുടെ തീരുമാനത്തിനു പിന്നിൽ ദൈവാത്മാ

വിന്റെ ശക്തിയല്ലാതെ മറ്റെന്താണ്? ഇപ്രകാരം ലോകത്തിന്റെ നാനാഭാഗങ്ങളിൽ അനുഭവം പറയാൻ കഴിയുന്ന പ്രാദേശിക സഭകളുടെ അനുഗ്രഹവും ആവശ്യവും മനസ്സിലാക്കി പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പ സഭയ്ക്കാകെ സമർപ്പിതരുടെ ഒരു വർഷം പ്രഖ്യാപിച്ചിരിക്കുന്നു.

**സമർപ്പിത ജീവിതം**

സമർപ്പിത ജീവിതം സഭയുടെ ഹയരാർക്കിക്കും അത്മായർക്കും ഇടയിലുള്ള മധ്യമാർഗമല്ല. ഇവ രണ്ടിൽ നിന്നും സ്വാംശീകരിക്കുന്ന ഒരു ജീവിത ശൈലിയാണ്. എല്ലാ ക്രൈസ്തവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു എന്ന സത്യം അടിവരയിട്ടു പഠിപ്പിച്ച സൂനഹദോസ് അതിന്റെ തിളങ്ങുന്ന മാതൃകയായി സന്യാസത്തെ കാണിച്ചു തരുന്നു. മാമ്മോദീസായുടെ സമർപ്പണത്തിൽ വേരൂന്നിയതും അതിന്റെ പൂർണ്ണ പ്രകാശനവുമായ ഒരു സമർപ്പണമായിട്ടാണ് സന്യാസത്തെ കണക്കാക്കുന്നത്. ഇതിലൂടെ ഒരു വ്യക്തി സന്യാസ സമൂഹത്തിന്റെ അംഗവും സഭയുടെ ദൗത്യത്തിൽ സവിശേഷമാംവിധം പങ്കാളിയുമാകുന്നു. അതുകൊണ്ട് സമർപ്പിത ജീവിതം സഭയുടെ ഹൃദയത്തിൽ വസിക്കുന്നു. കാരണം അത് ക്രൈസ്തവ വിളിയുടെ ആന്തരിക സ്വഭാവം വ്യക്തമാക്കുന്നു.

മൂന്ന് ലക്ഷ്യങ്ങളാണ് വർഷാചരണത്തിനായി പരിശുദ്ധ പിതാവ് മുന്നോട്ടു വയ്ക്കുന്നത്. സമർപ്പണ ജീവിതം എന്ന വലിയ ദാനത്തിന് സഭ ഒന്നാകെ ദൈവത്തിന് നന്ദി പറയുന്നു. ഈ സമൂഹങ്ങളിലൂടെ സഭയും സമൂഹവും അനുഭവിക്കുന്ന നന്മകളെ ഓർത്താണ് നന്ദി പറയുന്നത്.

സമർപ്പിത ജീവിതത്തെക്കുറിച്ചുള്ള അറിവും മതിപ്പും വർദ്ധിപ്പിക്കുക എന്നതാണ് രണ്ടാമത്തെ ലക്ഷ്യം. യേശുവിന്റെ മണവാട്ടി എന്ന നിലയിലുള്ള സഭയുടെ ആന്തരികപ്രകൃതി ഏറ്റവും വാചാലമായി പ്രകാശിപ്പിക്കപ്പെടുന്നത് സന്യസ്തരിലാണ്. സുവിശേഷത്തോട് പൂർണ്ണമായും അനുരൂപപ്പെടുന്ന സന്യസ്തരില്ലാതെ സഭയ്ക്ക് ദൗത്യം പൂർത്തിയാക്കാനാവില്ല. ദൈവം കരുണാമയനും നല്ലവനും ആണെന്നതിന്റെ സാക്ഷ്യമായാണ് ഫ്രാൻസീസ് പാപ്പാ സന്യസ്തരെ കരുതുന്നത്. അവരില്ലാത്ത സഭയെക്കുറിച്ച് ചിന്തിക്കാനേ കഴിയില്ലന്ന് പാപ്പാ പറയുന്നു. സ്വയം ശൂന്യവത്ക്കരിച്ചുകൊണ്ട് ക്രിസ്തുവിനെ അനുഗമിക്കുന്നതിന്റെയും സഹോദരങ്ങളെ സ്നേഹിക്കുന്നതിന്റെയും സന്തോഷം സമർപ്പിതരിൽ കാണാനാകണം. വ്യത്യസ്ത സമർപ്പിത സമൂഹങ്ങൾ ഒന്നിച്ചു ചെയ്യേണ്ട ദൗത്യങ്ങൾ കണ്ടെത്തി സഹകരിക്കുന്നതിനുള്ള കവാടങ്ങൾ തുറക്കുകയാണ് മൂന്നാമത്തെ ദൗത്യം. കാലത്തിന്റെയും സ്ഥലത്തി

ന്റെയും ഗുണം മുൻനിർത്തി പ്രവർത്തനങ്ങൾ പുന:സംവിധാനം ചെയ്യു വാൻ ഈ ദൗത്യം വെല്ലുവിളിക്കുന്നു.

സന്യാസ ജീവിതത്തിന്റെ ആരംഭം പൗരസ്ത്യനാടുകളിലായി രുന്നു. ആശ്രമജീവിതത്തിന്റെയും സമർപ്പിത ജീവിതത്തിന്റെയും പിതാക്കന്മാരായാണ് വിശുദ്ധ അന്തോണിയോസ് (251-356), വിശുദ്ധ പക്കേമിയോസ്, വിശുദ്ധ ബസേലിയോസ് എന്നിവർ അറിയപ്പെടുന്നത്. വിശുദ്ധ ബനഡിക്ടും സ്കൊളാസ്റ്റിക്കയുമാണ് പാശ്ചാത്യ സന്യാസ ശൈലിയുടെ ഉപജ്ഞാതാക്കൾ. സന്യാസ ജീവിതം സഭാജീവിതത്തിന്റെ ആത്മീയ ഉറവിടമായി. ക്രിസ്താനുഭവം ജീവിക്കുന്നവരുടെ മാർഗമായി. സഭയുടെ ആരാധനാ ജീവിതത്തിന്റെ ആരംഭവും പരിപോഷണവും ഇവിടെയായി.

**സന്യാസിയെ കാണുന്നവരോട്**

ജീവിതത്തിന്റെ ഭാരങ്ങളും ഭാരപ്പെടുത്തലുകളും സമ്മർദ്ദങ്ങളും അതിജീവിക്കുവാൻ ക്ലേശിക്കുന്ന ജീവിതങ്ങളോട് സന്യാസികളുടെ 'ലോകത്തിന് ഉപരിസ്ഥമായ ഭാവം' നിരന്തരം സംവാദത്തിലാണ്. സന്യാസി/സന്യാസിനിയെ കാണുന്നവരും സംവേദിക്കുന്നവരും സമർപ്പിതരുടെ ശുശ്രൂഷയെ തടസ്സപ്പെടുത്തുവാൻ പാടില്ല. സമ്പത്ത്, അധികാരം, തന്റെ സുഖം എന്ന കരുതലിനും ആവേശത്തിനും കടിഞ്ഞാണിടുവാൻ യഥാർത്ഥ സന്യാസിക്കേ കഴിയൂ. ആയതിനാൽ സന്യാസിയെ നമുക്കാവശ്യമാണ്. മരുഭൂമിക്കും വനത്തിനും ഗുഹയ്ക്കുമല്ല, മനുഷ്യനാണ് സന്യാസിയെ ആവശ്യമെന്നത് നമുക്ക് മറക്കാതിരിക്കാം.

സമർപ്പിത സമൂഹങ്ങൾ എക്കാലത്തും സഭയിൽ പ്രവാചക ദൗത്യം നിറവേറ്റി. ജീവിക്കുന്ന കാലഘട്ടത്തിൽ ദൈവഹിതം എന്തെന്ന് പറഞ്ഞു കൊടുക്കുന്നവനാണ് പ്രവാചകൻ. സഭയിലും സമൂഹത്തിലും അനുഭവിക്കുന്ന ആവശ്യങ്ങളും പ്രതീക്ഷകളും മനസിലാക്കി പ്രത്യുത്തരം കൊടുക്കുവാനാണ് സമർപ്പിത സമൂഹങ്ങൾ രൂപം കൊണ്ടത്. ലോകം, ലൗകിക സുഖങ്ങൾക്കു മാത്രം പിന്നാലെ പോയപ്പോൾ അതിലെ അപകടം മനസ്സിലാക്കിച്ചുകൊണ്ട് അവർ മരുഭൂമികളിലേക്ക് നടന്നു. സഭയുടെ ചരിത്രത്തിൽ അനിവാര്യമായ വിശുദ്ധ മാതൃകകൾ ഇവിടെ വിടർന്നു. ഇന്നും സഭയ്ക്കു വേണ്ടത് ഇത്തരം ജീവിതങ്ങളാണ്. സഭയുടെ ചരിത്രത്തിൽ സമർപ്പിത സമൂഹങ്ങൾ പരിശുദ്ധാത്മ പ്രവർത്തനങ്ങളുടെ സജീവ സാക്ഷ്യമായി.

ദൈവത്തോടും മനുഷ്യനോടുമുള്ള സമ്പൂർണ്ണ സ്നേഹത്താൽ നിറഞ്ഞ അവർ, സ്നേഹസംസ്കാരത്തിന്റെ പ്രയോജകരായി. സഭ ഫ്യൂഡൽ സംസ്കാരത്തിന്റെ അപചയം അനുഭവിച്ചപ്പോൾ ദൈവം വിളിച്ചുകൊണ്ടു വന്ന ഫ്രാൻസീസ് അസീസിയും, നവോത്ഥാന

വെല്ലുവിളികൾക്കു മുന്നിൽ പകച്ചു നിന്നപ്പോൾ വന്ന ഇഗ്നേഷ്യസ് ലയോളയും, വഴി തെറ്റുന്ന യുവാക്കളെ കണ്ട് അമ്പരന്നപ്പോൾ വന്ന ജോൺ ബോസ്ക്കോയും... കാലം പടർത്തിയ ഇരുട്ടിൽ ദൈവം കൊളുത്തിയ ഇത്തരം പ്രകാശ കിരണങ്ങൾ സഭാചരിത്രത്തിൽ നിരവധിയാണ്...

**പ്രകാശമാകുക**

രണ്ടാം വത്തിക്കാൻ സൂനഹദോസ് ആഹ്വാനം ചെയ്തതും സഭ ആവേശത്തോടെ ഏറ്റുവാങ്ങി പ്രയാണം ആരംഭിച്ചതും എന്നാൽ യാത്രക്കിടയിൽ ആവേശം ചോർന്നുപോയതുമായ സഭാ നവീകരണം സമർപ്പിതരിലും വീണ്ടു ഉണരണം. സമർപ്പിത ജീവിതത്തിന്റെ കരിസ്മറ്റിക് മാനം തിരിച്ചെടുക്കണം. സ്ഥാപനവത്ക്കരണവും കാര്യക്ഷമതാനോട്ടവും പ്രഘഷനലിസവും അടിമപ്പെടുത്തുന്ന പ്രലോഭനങ്ങളാണ്. സ്വന്തം ശക്തിയിലും കഴിവിലും അല്ല കർത്താവിലുള്ള വിശ്വാസാശ്രയം കൊണ്ട് എല്ലാം നവീകരിക്കുവാനാകും എന്ന പ്രതീക്ഷ പലതരം അപവാദങ്ങൾ പരക്കുന്ന നാളുകളിലും സമർപ്പിതർക്കുണ്ടാവണം.

ആർക്കും കവർന്നെടുക്കാൻ കഴിയാത്ത പ്രത്യാശയുടെ പ്രതീകമായി സന്യാസി മാറണം. ദൈവഹിതം പലപ്പോഴും ലോക ചൈതന്യത്തിനു നിരക്കുന്നതാവില്ല. അസാമാന്യ ധീരതയും സത്യസന്ധതയും ഉണ്ടായാലേ പിടിച്ചു നിൽക്കാനാവു. ലോകത്തിന്റെ എല്ലാ നേട്ടങ്ങളും സൗകര്യങ്ങളും ആഡംബരങ്ങളും സമർപ്പിത ജീവിതത്തിനു വേണ്ടതുണ്ടോ എന്ന ഫ്രാൻസീസ് മാർപാപ്പയുടെ ചോദ്യത്തിന് ആത്മാർത്ഥമായ ഉത്തരം കണ്ടെത്തണം... അതു ജീവിക്കണം. ആത്മപരിത്യാഗം, ഹൃദയാനുതാപം, ആന്തരിക സമാധാനംതേടൽ, കുർബാന കേന്ദ്രീകൃത ജീവിതം, അവിരാമമായ പ്രാർത്ഥന, ദൈവവചന ധ്യാനം, ഉപവാസം, ജാഗരണം, നിശബ്ദത, പെസഹാപരമായ സന്തോഷം എന്നിവ ജീവിതശൈലിയാക്കാനായാൽ സമർപ്പിതർക്കു പ്രകാശം പരത്താനാവും.

**കുടുംബനവീകരണം**

സഭാജീവിതത്തിന്റെ എല്ലാ മേഖലകളെയുംപോലെ സമർപ്പിത സമൂഹങ്ങളും കുടുംബത്തിലെ ആകുലതകൾ ഏറ്റുവാങ്ങുന്നു. ത്യാഗത്തിന്റെ മധുരം നുകരാതെ സുഖലോലുപമായ ഒരു സംസ്കാരത്തിൽ വളരുന്ന കുട്ടിക്ക് സന്യാസത്തിന്റെ ചേരുവകൾ അസ്വാരസ്യമാവും. ഇന്ന് ദൈവവിളികൾ കുറയുന്നതിന്റെ പ്രധാനകാരണവും അതായി. കുടുംബബന്ധങ്ങൾ ശിഥിലമാകുന്നു... കുട്ടികളിൽ ഒരാളെ ദൈവശുശ്രൂഷക്കായി വിടണമെന്ന് ആഗ്രഹിക്കുന്ന മാതാപിതാക്കൾ ഇല്ലാതാവുകയാണ്. മാതാപിതാക്കൾ സുവിശേഷ മൂല്യങ്ങൾക്കനുസരിച്ച് ജീവിക്കുമ്പോഴാണ് ദൈവവിളി കുടുംബത്തിൽ പിറക്കുന്നത്. അതുകൊണ്ട് കുടുംബനവീകരണവും സമർപ്പിത വർഷത്തിന്റെ ലക്ഷ്യമാണ്.

**നക്ഷത്രങ്ങൾ തെളിയട്ടെ**

ഈ സമർപ്പിത വർഷത്തിലൂടെ തിരുസഭയിലും ഭാരതസഭയിലും കേരളസഭയിലും സമർപ്പിത ചൈതന്യത്തിന്റെ പുന:പ്രതിഷ്ഠ നടക്കണം. സഭയിലെ ഓരോ ആചാരവും പുന:പ്രതിഷ്ഠയാണ്. വിവിധ സന്യാസ സമൂഹാംഗങ്ങളുടെ സമർപ്പണത്തിലൂടെ സഭ സ്വീകരിച്ച നന്മകൾ എന്നും കൃതജ്ഞതയോടെ സ്മരിക്കപ്പെടേണ്ടതാണ്. സന്യാസ സമൂഹങ്ങളെ സംബന്ധിച്ച് സമർപ്പിത വർഷാചരണം അവരുടെ സമൂഹത്തിന്റെ ആദിമ ചൈതന്യത്തിലേക്കുള്ള തിരിച്ചുപോക്കാണ്. ആണ്ടുവട്ടത്തിലെ വലിയതിരുനാൾ ദിവസം ഇസ്രായേൽ ജനം അനുഭവിച്ചതുപോലെ ഒരു മടക്കയാത്ര. 'തങ്ങളുടെ വിളിയും തെരഞ്ഞെടുപ്പും ഉറപ്പിക്കുന്നതിൽ കൂടുതൽ ഉത്സാഹം' (2പത്രോ. 1.10) പുനരാർജ്ജിക്കുന്നതിനുള്ള നാളുകൾ!

കമ്പോള സംസ്കാരത്തിന്റെ അടങ്ങാത്ത വേലിയേറ്റം എല്ലാ മേഖലയിലും ദൃശ്യമാകുമ്പോൾ ദാരിദ്ര്യവ്രതത്തിന്റെ കാഴ്ചയും ഉൾക്കാഴ്ചയും ശൈലിയും ഒരു സന്യാസിയിൽ നിന്നല്ലാതെ മറ്റാരിൽ നിന്ന് പ്രതീക്ഷിക്കാനാവും.

നിഷേധവും നിസംഗതയും ജീവിതശൈലിയാക്കിയ ഒരു തലമുറയുടെ നടുവിൽ ജീവിതകാലം മുഴുവനിലേക്കും പരസ്യമായി പ്രഖ്യാപിക്കുന്ന ഒരായുസിന്റെ സമർപ്പണത്തെക്കുറിച്ച് പ്രതീക്ഷയോടെയും ആശ്ചര്യത്തോടെയും നോക്കി നിൽക്കുന്ന വലിയ വിഭാഗം നമുക്കിടയിലുണ്ടെന്ന് വിസ്മരിക്കാതിരിക്കാം. ശരീരസുഖത്തിന് എന്തും വിചാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു ജീവിതശൈലിക്കു മധ്യേ, ബ്രഹ്മത്തിൽ ചരിക്കുന്ന അതായത് ദൈവത്തോടും മനുഷ്യനോടും ഉള്ള ബന്ധം പവിത്രമായി കാത്തുസൂക്ഷിക്കുവാൻ ശരീരത്തിന്റെ നൈമിഷിക സുഖഭാവങ്ങൾ എനിക്ക് ആവശ്യമില്ല, ദൈവകൃപയാൽ എനിക്കവയെ അതിജീവിക്കുവാൻ സാധിക്കും എന്ന് ലോകത്തോട് പറയുന്നത് അനുഗ്രഹമല്ലാതെ മറ്റെന്താണ്?

ഒരു സന്യാസി നിരന്തരം ലോകത്തോട് ചോദിക്കുന്ന ചോദ്യം സുവിശേഷത്തിലെ അവിസ്മരണീയമായ ഒരു തിരുവചനമാണ്. മകനേ, മകളേ ലോകം മുഴുവൻ സ്വന്തമാക്കിയാലും ലോകത്തിന്റെ ഉടയവൻ നിനക്ക് നൽകിയിരിക്കുന്ന ആത്മാവ് നിനക്ക് നഷ്ടപ്പെട്ടാൽ എന്തു പ്രയോജനം? ഈ ആത്മാവിന് പകരം വയ്ക്കുവാൻ ലോകത്തിൽ ഒന്നും ഇല്ലെന്ന് നീ അറിയുന്നില്ലേ?

***കടപ്പാട്:*** *സൺഡേശാലോം 2014 ഡിസംബർ 14, പേജ് 2.*

**ക്രൈസ്തവ ഐക്യത്തിനായുള്ള പൊന്തിഫിക്കൽ കൗൺസിൽ 2015 ലേക്കായി നല്കിയിരിക്കുന്ന സഭൈക്യവാര പ്രാർത്ഥനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിരിക്കുന്ന പ്രാർത്ഥന**

ഓരോ സാഹചര്യങ്ങൾക്കും അനുസൃതമായ മാറ്റങ്ങളോടെ ഓരോ സഭയും തനിച്ചോ വിവിധസഭകൾ ഒന്നിച്ചുചേർന്നോ സഭൈക്യവാര പ്രാർത്ഥന നടത്താൻ പരിശ്രമിക്കണം. വിഭാഗിയ ചിന്തകൾ വെടിഞ്ഞ് ദൈവത്തിന്റെ വിശുദ്ധജനമായി ഒന്നുചേർന്ന് ക്രിസ്തുവിനെ പ്രഘോഷിക്കാനുള്ള ആഹ്വാനമാണ് ഈ വർഷത്തെ പ്രാർത്ഥനാചിന്തകൾ നമ്മെ ഓർമ്മപ്പെടുത്തുന്നത്.

സഭൈക്യവാര പ്രാർത്ഥന മാത്രമായി നടത്തുമ്പോൾ താഴെപ്പറയുന്ന ക്രമം പാലിക്കാവുന്നതാണ്.

1. **പ്രാരംഭഗാനം–** ഭജനഗാനങ്ങളും ഉപയോഗിക്കാവുന്നതാണ്.
2. **സ്തുതിപ്പ്, പ്രാർത്ഥനകൾ–** ഇതിൽ സ്വർഗ്ഗസ്ഥനായ പിതാവേ, സ്വയംപ്രേരിത പ്രാർത്ഥനകൾ തുടങ്ങിയവ സാഹചര്യാനുസരണം ഉപയോഗിക്കാവുന്നതാണ്.
3. **വായനകൾ–** ഓരോ ദിവസത്തെയും വായനകൾക്കിടയ്ക്ക് ആവശ്യമായ ഗാനങ്ങൾ, നിശബ്ദത, പ്രതിവചനങ്ങൾ എന്നിവ ചേർക്കാവുന്നതാണ്.
4. **വചനവ്യാഖ്യാനം–** ഓരോ ദിവസത്തെയും വചനങ്ങളുടെ വ്യാഖ്യാനത്തിന് നൽകിയിരിക്കുന്ന വിചിന്തനം ഇതിന് പ്രയോജനപ്പെടുത്താവുന്നതാണ്.
5. **പൊതുപ്രാർത്ഥന–** സഹായകരമാകുന്ന പൊതുപ്രാർത്ഥനകളും സാഹചര്യത്തിനിണങ്ങിയ മറ്റു പ്രാർത്ഥനകളും സമൂഹത്തിന്റെ സ്വയംപ്രേരിതപ്രാർത്ഥനകളും ഉൾപ്പെടുത്താവുന്നതാണ്.
6. **സമാപനം–** കർതൃപ്രാർത്ഥനയും ആശീർവാദവും. തുടർന്ന് ഒരു സമാപനഗാനം.

വിശുദ്ധ കുർബാനയോടും മറ്റുപ്രാർത്ഥനകളോടും ചേർത്തും സാഹചര്യങ്ങൾക്കനുസൃതം തന്നിരിക്കുന്ന പ്രാർത്ഥനയിൽ നിന്നും ഉചിതമായ ഭാഗങ്ങൾ ചേർത്ത് ഉപയോഗിക്കാവുന്നതാണ്.

**ആർച്ചുബിഷപ്പ് മാർ മാത്യു മൂലക്കാട്ട്** - ചെയർമാൻ

## കെസിബിസി കമ്മീഷൻ ഫോർ ഡയലോഗ് ആന്റ് എക്യുമെനിസം

**സഭകളുടെ ഐക്യത്തിനായുള്ള ആരാധനാശുശ്രൂഷ**

ക്രൈസ്തവ ഐക്യത്തിനായുള്ള പ്രാർത്ഥനാവാരത്തിന്റെ പ്രാരംഭത്തിലോ പ്രാദേശിക കൂട്ടായ്മകൾ തെരഞ്ഞെടുക്കുന്ന ഉചിതമായ മറ്റ് അവസരങ്ങളിലോ ആരാധനാശുശ്രൂഷയുടെ ഈ രൂപരേഖ ഉപയോഗപ്പെടുത്താവുന്നതാണ്.

ഗലീലിയായിലെ യൂദയായിലേക്കുള്ള യാത്രാമദ്ധ്യേ സമരിയായിലൂടെ കടന്നുപോകാൻ യേശു നിശ്ചയിച്ചത് ബോധപൂർവ്വമായിരുന്നു. അദ്ദേഹത്തിന്റെ യാത്രാമാർഗ്ഗം സമരിയാക്കാരിയായ സ്ത്രീ വെള്ളം കോരാൻ വന്നിരുന്ന കിണറ്റിനരികിലൂടെയായിരുന്നു.

സഭകളുടെ ഐക്യത്തിനായി പ്രവർത്തിക്കുന്ന ബ്രസീലിലെ സംഘമാണ് ഈ ആരാധനാശുശ്രൂഷാചരണത്തിന്റെ മാർഗ്ഗനിർദ്ദേശം തയ്യാറാക്കിയിരിക്കുന്നത്. സഭകളുടെ ഐക്യം ഗോചരമായ യാഥാർത്ഥ്യമാകാൻ വേണ്ടിയാണ് നമ്മൾ പ്രാർത്ഥിക്കുന്നത് ഈ ഐക്യത്തിന്റെ സൂചനകൾ നിറഞ്ഞുനില്ക്കുന്ന പ്രതീകങ്ങളായി യാത്രാമാർഗ്ഗത്തെയും ജലത്തെയും ഉപയോഗിക്കണമെന്നാണ് ക്രൈസ്തവഐക്യത്തിനായി ബ്രസീലിൽ പ്രവർത്തിക്കുന്ന സംഘം ആവശ്യപ്പെടുന്നത്. ആരാധനാശുശ്രൂഷാചരണത്തിനു മാർഗ്ഗരേഖ തയ്യാറാക്കാൻ പ്രാരംഭമായി ചുവടേ ചേർക്കുന്ന ചോദ്യങ്ങളെക്കുറിച്ചു ധ്യാനിക്കാൻ ഈ പ്രാദേശികസംഘം നമ്മോട് ആഹ്വാനം ചെയ്യുന്നു;-

1. യേശുവാകുന്ന ജീവസ്രോതസ്സിൽ നിന്നും പാനം ചെയ്യുവാൻ നമ്മൾ ഐക്യത്തിന്റെ ഏതു മാർഗ്ഗമാണ് സ്വീകരിക്കേണ്ടത്?
2. നമ്മുടെ വൈവിധ്യത്തെ ഉചിതമായി മാനിക്കുകയും വിലകല്പിക്കുകയും ചെയ്യാൻ ഉപയുക്തമായ ഐക്യത്തിന്റെ മാർഗ്ഗമേതാണ്?

ഐക്യത്തിന്റെ മാർഗ്ഗത്തിൽ ജലം നിറഞ്ഞ ഒരു കിണറുണ്ട്, യാത്രയാൽ ക്ഷീണിതനായ യേശു തേടിയെത്തിയ ജലം; നിത്യജീവനിലേക്ക് നിർവിഘ്നമായും ശക്തമായും ഒഴുകുന്നതും അദ്ദേഹം തന്നെ നല്കുന്നതുമായ ജലം. പ്രതിദിന ജോലിയുടെ ഭാഗമായി സമരിയാക്കാരി സിക്കാറിലെ കിണറിൽ നിന്നു കോരിയെടുത്തതു സാധാരണ ജലം, മരുഭൂവിൽ പൂക്കളെ വിരിയിപ്പിക്കുന്ന ജലം, യേശു നല്കുന്ന ജലം, പരിശുദ്ധാത്മാവിന്റെ ജീവദായക ആവൃതിയുള്ള ജലം; നവജീവദായകമായ നമ്മുടെ മാമ്മോദീസാജലം.

വിശുദ്ധ യോഹന്നാന്റെ സുവിശേഷം 4:1-42 വരെയുള്ള വാക്യങ്ങൾ ക്രൈസ്തവ ഐക്യത്തിനുള്ള പ്രാർത്ഥനാവാരത്തിന്റെ ഹൃദയസ്പന്ദനമാണ്. അതു വായിക്കുകയോ പലരുടെയും സ്വരങ്ങൾ അവതരിപ്പിക്കുകയോ നാടകീയമായി ആവിഷ്കരിക്കുകയോ ചെയ്യാം. സുവിശേഷ പാരായണത്തിനുശേഷം ധ്യാനിക്കാൻ പല രീതികളുണ്ട്. ഉചിതമായി തെരഞ്ഞെടുക്കുമ്പോൾ ആരാധനാശുശ്രൂഷാചരണത്തിനായി സമ്മേളിച്ചിരിക്കുന്നവരുടെ എണ്ണം പരിഗണിക്കേണ്ടതാണ്.

ആരാധനാശുശ്രൂഷാചരണത്തിനായി വന്നവരെ ചെറിയ സംഘങ്ങളാക്കുക. പ്രാരംഭമായി നല്കിയിരിക്കുന്ന ചോദ്യങ്ങളെക്കുറിച്ചു ചർച്ച ചെയ്യാനും ആശയങ്ങൾ പങ്കുവയ്ക്കാനും ഈ ചെറിയ സംഘങ്ങൾക്കു സമയം നല്കുക. അനന്തരം ചെറു സംഘങ്ങൾ പൊതുവായി സമ്മേളിക്കുക. ചർച്ചയിൽ ഉതിർന്നുവന്ന അഭിപ്രായങ്ങളും ആശയങ്ങളും പങ്കുവയ്ക്കുക.

2. പാരായണം ചെയ്യപ്പെട്ട സുവിശേഷഭാഗത്തെയും പ്രരംഭത്തിൽ നല്കിയിരിക്കുന്ന ചോദ്യങ്ങളെ സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു പ്രഭാഷണം നിയുക്തനായ വ്യക്തി നടത്തുക.

**യാത്രാമാർഗ്ഗവും കിണറും**

ആരാധനാ ശുശ്രൂഷാചരണം നടത്തപ്പെടുന്ന സ്ഥലത്തെ ഇടനാഴിയിലൂടെ ഒരു വഴിയൊരുക്കാം. ആചരണത്തിനായി എത്തിയിരിക്കുന്നവരുടെ മുമ്പിലേക്കു നയിക്കുന്ന രീതിയിൽ വേണം പാതയൊരുക്കുവാൻ. വഴിയുടെ മദ്ധ്യത്തിലായി വലിയൊരു ജലപാത്രം വയ്ക്കുക. അതിനരികിലായി വെള്ളം നിറച്ച മൺപാത്രങ്ങൾ ക്രമീകരിക്കുക. ഈ മൺപാത്രങ്ങൾ വ്യത്യസ്ത നിറങ്ങളുള്ളവയാണെങ്കിൽ ഉചിതം. ആചരണത്തിനായെത്തിയിരിക്കുന്നവരുടെ വൈവിധ്യത്തെ അവ സൂചിപ്പിക്കാൻ ഉതകുന്നതായിരിക്കും.

കാർമ്മികർ പ്രദക്ഷിണമായി ഈ പാതയിലൂടെ പ്രവേശിക്കണം. പ്രതീകാത്മകമായി ഒരുക്കിയിരിക്കുന്ന കിണറ്റിനരികിലൂടെ കടന്നുപോകുമ്പോൾ ഇതിൽ പങ്കെടുക്കുന്ന ഓരോ സഭയുടേയും പ്രതിനിധി ഏതെങ്കിലുമൊരു മൺപാത്രത്തിൽനിന്നും അല്പ ജലം ഒരുക്കിയിരിക്കുന്ന കിണറ്റിലേക്കു സാവധാനം ഒഴിക്കണം. വ്യത്യസ്ത സ്രോതസ്സുകളിൽനിന്നുള്ള ജലം നമ്മുടെ ഐക്യത്തിന്റെ പ്രതീകമാണ്. അപൂർണ്ണവും അദൃശ്യവുമാണെങ്കിലും ഈ ഐക്യം നമ്മുടെ ഇടയിൽ നിലനില്ക്കുന്നുണ്ട്. അതിന്റെ പ്രതീകമാണ് വ്യത്യസ്ത സ്രോതസ്സുകളിൽനിന്നുള്ള ജലം. ഈ സന്ദേശസൂചനയെ പ്രരംഭത്തിൽ തന്നെ പരിചയപ്പെടുത്തണം. പ്രഭാഷണത്തിൽ ഇതിനെക്കുറിച്ചുള്ള ഉചിതമായ വിശദീകരണപരാമർശങ്ങളും ഉൾപ്പെടുത്തണം.

കുമ്പസാരത്തിനുള്ള ഒരുക്കത്തിനായി ഈ പാത ഉപയോഗപ്പെടുത്താം. ആചരണത്തിനായി സമ്മേളിച്ചിരിക്കുന്നവർക്കു വ്യത്യസ്തഭാഗങ്ങളിൽനിന്നു ഈ പാതയിലൂടെ വന്നു ക്ഷമാപണ പ്രാർത്ഥനകൾ അവതരിപ്പിക്കാം. ആചരണത്തിൽ പങ്കെടുത്തവർ ആരാധനാ ശുശ്രൂഷാചരണം സംഘാതമായി പര്യവസാനിപ്പിക്കാൻ സോല്ലാസമായ സ്ഥാനത്തേക്ക് ആശീർവ്വാദാനന്തരം നിങ്ങുമ്പോൾ സമാധാനത്തിന്റെയും കൂട്ടായ്മയുടേയും അടയാളങ്ങൾ കൈമാറേണ്ടതാണ്.

**ആചരണത്തിന്റെ ഘടന**

(പ്രത്യേകം ശ്രദ്ധിക്കുക: കേൾവിക്കുറവുള്ളവരെയും വൈകല്യങ്ങളുള്ളവരെയും ആരാധനാശുശ്രൂഷാചരണത്തിൽ പങ്കെടുപ്പിക്കണം. അതിൽ പൂർണ്ണമായി പങ്കെടുക്കാൻ ആവശ്യമായ സൗകര്യങ്ങൾ അവർക്ക് ഒരുക്കിക്കൊടുക്കണം.

**ആചരണത്തിന് അഞ്ചു ഭാഗങ്ങളാണുള്ളത്:**

1. ആമുഖം/ഉപക്രമം
2. പ്രാരംഭം a. സ്വാഗതം, b. പ്രാർത്ഥനാവാരത്തെക്കുറിച്ച് ആമുഖ അവതരണം - വിഷയാവതരണം.

c. പാപസങ്കീർത്തനവും കരുണയ്ക്കായുള്ള പ്രാർത്ഥനയും

3. സുവിശേഷ പ്രഘോഷണം
4. വിശ്വാസത്തോടെയും ഐക്യത്തോടെയുമുള്ള പ്രതികരണം- a, വിശ്വാസ പ്രഖ്യാപനം (നൈസീൻ - കോൺസ്റ്റാന്റിനോപൊളീറ്റൻ വിശ്വാസ പ്രമാണം, അല്ലെങ്കിൽ ഉചിതമായ മറ്റേതെങ്കിലും രീതിയിലുള്ള വിശ്വാസപ്രഖ്യാപനം - ഉദാഹരണത്തിന് ജ്ഞാനസ്നാന വാഗ്ദാന നവീകരണം.)

b. മദ്ധ്യസ്ഥ പ്രാർത്ഥന
c. കാഴ്ചവെയ്പ്
d. ''സ്വർഗ്ഗസ്ഥനായ പിതാവേ'' എന്ന പ്രാർത്ഥന ചൊല്ലുകയോ ആലപിക്കുകയോ ചെയ്യാം.
5. ആശീർവ്വാദം, സമാധാനാശംസകൾ, സമ്മേളിച്ചിരിക്കുന്നവരെ യേശുവിന്റെ സന്ദേശവാഹകരായി അയയ്ക്കുന്ന സമാപന പ്രാർത്ഥനാലാപനം.

**ശുശ്രൂഷാചരണത്തിന്റെ ക്രമീകരണം**

കാ: കാർമ്മികൻ, പ: പരിചാരകൻ, ജ: ജനം

1. പ്രാരംഭഗാനം/ ഒരുക്കപ്രാർത്ഥന ആചരണം ആരംഭിക്കുമ്പോൾ തിരികളെല്ലാം കത്തിക്കണം.

സ്വാഗതം – പ്രാർത്ഥനാവാരത്തിന്റെ വിഷയാവതരണം

വിവരണം നൽകാൻ നിയുക്തനായ വ്യക്തി വിശ്വാസികളെ സ്വാഗതം ചെയ്യുന്നു. പ്രാർത്ഥനാചരണത്തിന്റെ വിഷയം അവതരിപ്പിക്കുന്നു.

പ: കാർമ്മികൻ പ്രദക്ഷിണമായി ഈ പാതയിലൂടെ പ്രവേശിക്കുമ്പോൾ ആലപിക്കപ്പെടുന്ന ഈ പ്രാരംഭ കീർത്തനത്തിൽ പങ്കാളികളാകാം, സാദരം എഴുന്നേറ്റു നിൽക്കാം. പ്രതീകാത്മകമായ'കിണറ്റി'നരികിലൂടെ കടന്നുപോകുമ്പോൾ ഓരോ വിഭാഗത്തിന്റെയും പ്രതിനിധി മൺപാത്രങ്ങളിലൊന്നിലെ ജലം വലിയ ജലപാത്രത്തിലേക്ക് സശ്രദ്ധം ഒഴിക്കണം. യാഥാർത്ഥ്യമാണെങ്കിലും അപൂർണ്ണമായി നമ്മുടെ ഇടയിൽ നിലനിൽക്കുന്ന ഐക്യത്തിന്റെ പ്രതീകമാണ് വ്യത്യസ്ത സ്രോതസുകളിൽ നിന്നുള്ള ജലം.

(ആചരണത്തിനെത്തിയവരുടെ എണ്ണം കുറവാണെങ്കിൽ പേരും ഏതു സഭാംഗമാണെന്നും പരിചയപ്പെടുത്താൻ ഓരോരുത്തരെയും ക്ഷണിക്കണം.)

പ്രാർത്ഥനയ്ക്കായുള്ളആഹ്വാനം

കാ: സർവ്വശക്തനായ ദൈവമേ, ഞങ്ങളുടെ വൈവിധ്യത്തെ തിരിച്ചറിഞ്ഞ് അംഗീകരിക്കുകയും ആദരിക്കുകയുംചെയ്യുന്ന ഐക്യത്തിന്റെ ജീവവായുവിനെ ഞങ്ങളിലേക്ക് ആവേശിപ്പിക്കണമേ.

ജ: ഞങ്ങളെ ഒരുമിച്ച്കൂട്ടുകയും ഒരു സമൂഹമായി മാറ്റുകയും ചെയ്യുന്ന സഹിഷ്ണുതയുടെ ആത്മാവിനെ ഞങ്ങളിൽ നിറയ്ക്കണമേ.

കാ: മുറിവേറ്റ് അകന്ന് പോയവയെ തുന്നിച്ചേർത്ത് ലയിപ്പിക്കുകയും രോഗഗ്രസ്തമായവയെ സുഖപ്പെടുത്തുകയുംചെയ്യുന്ന അഗ്നിയെ ഞങ്ങളിൽ നിറയ്ക്കണമേ.

ജ: വെറുപ്പിനെ കീഴടക്കുകയും അക്രമത്തിൽ നിന്ന് മോചിപ്പിച്ച് ഞങ്ങളെസ്വതന്ത്രരാക്കുകയുംചെയ്യുന്ന ചൈതന്യം ഞങ്ങളിൽ നിറയ്ക്കണമേ.

കാ: പരാജയങ്ങളെ സധൈര്യം അഭിമുഖീകരിക്കുകയും മരണത്തെ കീഴടക്കുകയും ചെയ്യുന്ന ജീവൻ ഞങ്ങളിൽ നിറയ്ക്കണമേ.

ജ: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ഏക ദൈവം, എല്ലാം നവീകരിക്കുന്ന കനിവിന്റെ നിറവായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ.

**പാപസങ്കീർത്തനവും കരുണയ്ക്കായുള്ള പ്രാർത്ഥനയും.**

കാ: നമ്മൾ ദൈവത്തിന്റെ മക്കളും ക്രിസ്തുവിൽ സഹോദരസഹോദര ന്മാരും ആയതിനാൽ വിനയത്തോടെ ദൈവകൃപ സ്വീകരിക്കാം. പുതിയ ബന്ധങ്ങൾ സ്ഥാപിക്കാനുള്ള ദൈവവിളിക്ക് പ്രതികരണം നല്കാം

പ: കൃപാനിധിയായ കർത്താവേ, വൈവിധ്യം കിളിർക്കുകയും പരിലസി ക്കുകയും ചെയ്ത ജലത്തിൽ നിന്റെ ആത്മാവ് ചലിച്ചുകൊണ്ടി രുന്നല്ലോ. ന്യായമായ വ്യത്യാസങ്ങളോടെ ജീവിക്കുക എന്നത് വളരെ ദുഷ്കരമാണെന്നും അതിൽ ഞങ്ങൾ അഭിമുഖീകരിക്കുന്ന പ്രയാസ ത്തെയും ഏറ്റുപറയുന്നു. വൈവിധ്യത്തിലുള്ള ഐക്യത്തെ ഹനി ക്കുന്ന ഞങ്ങളുടെ മനോഭാവങ്ങളും വാക്കുകളും പ്രവൃത്തികളും ക്ഷമി ക്കണമേ.

ജ: കർത്താവേ, ഞങ്ങളോട് കൃപ കാട്ടണമേ (വേണമെങ്കിൽ ഈ പ്രതി വചനം ആലപിക്കാം)

പ: കൃപാനിധിയായ ക്രിസ്തുവേ, ജനതതികളുടെ ചൈതന്യവും ആനന്ദ വുമേ, ശ്രദ്ധയോടെ ശ്രവിക്കുന്നവനും കൃത്യമായി പഠിപ്പിക്കുന്നവനു മേ, പ്രതീക്ഷയുടെ പുതുദർശനങ്ങൾക്ക് നീ ജന്മം നൽകുന്നു, ശരീര ത്തിന്റെയും മനസ്സിന്റെയും മുറിവുകളെ ഉണക്കുന്നു. ഞങ്ങളുടേതിൽ നിന്നും വ്യത്യസ്തമായ സ്വരങ്ങളെ ശ്രവിക്കുന്നതിൽ ഞങ്ങൾ പരാജ യപ്പെട്ടുവെന്നും ഐക്യദാർഢ്യത്തിനും കൂട്ടായ്മയ്ക്കും വേണ്ടി മുറവിളികൂട്ടുന്നവരെ അകറ്റിനിറുത്തുന്ന മനോഭാവം പുലർത്തിപ്പോ ന്നുവെന്നും ഞങ്ങൾ ഏറ്റുപറയുന്നു.

ജനം: കർത്താവേ, ഞങ്ങളോടു കൃപകാട്ടണമേ (വേണമെങ്കിൽ ഈ പ്രതി വചനം ആലപിക്കാം)

പ: കരുണാനിധിയായ കർത്താവേ, സർവ്വസൃഷ്ടിയുടെയും സ്രോതസ്സ് അവിടുന്നാണ്. ജീവദായകമായ നിത്യവചനം അവിടുന്നാണ്. മോച നത്തിനും നവീകരണത്തിനുമായി നെടുവീർപ്പോടെ കരയുന്ന അവിടുത്തെ സൃഷ്ടിയെ ഞങ്ങൾ ശ്രവിക്കാറില്ലെന്ന് ഏറ്റു പറയുന്നു. ഐക്യമത്യത്തോടെ ജീവിക്കാനും സൗഖ്യത്തിനും പരിചരണത്തിനും പരിഗണനയ്ക്കുമായി തീവ്രമായി ആഗ്രഹിക്കുകയും പീഡകൾ സഹിക്കുകയും ചെയ്യുന്നവരിൽ അവിടത്തെ സ്വരം കേൾക്കാനും ഞങ്ങളെ സഹായിക്കേണമേ.

കാ: കൃപയുടെയും ചൈതന്യത്തിന്റെയും ഉറവിടമായ ദൈവമേ, അങ്ങ യുടെ ക്ഷമാമൃതം ഞങ്ങളിൽ വർഷിക്കണമേ അവിടുത്തെ ജനതയുടെ ശക്തി വീണ്ടെടുക്കുവാൻ പ്രാപ്തിയുള്ള ജീവജാലത്തിന്റെ സ്രോത സായി ഞങ്ങളെ പരിരൂപപ്പെടുത്തേണമേ. ഈ പ്രാർത്ഥനകൾ ഞങ്ങ ളുടെ കർത്താവായ ക്രിസ്തുവഴി സമർപ്പിക്കുന്നു.

ജ: ആമേൻ

3. സുവിശേഷ പ്രഭാഷണം

വിശുദ്ധ യോഹന്നാന്റെ സുവിശേഷം 4:1 – 42 വാക്യങ്ങൾ പാരാ

യണം ചെയ്യാം. അല്ലെങ്കിൽ ഈ സുവിശേഷ ഭാഗത്തിന്റെ നാടകാവിഷ്കാരമാകാം.

അനന്തരം ധ്യാനം അല്ലെങ്കിൽ പ്രഭാഷണം.

4. വിശ്വാസത്തോടെയും ഐക്യത്തോടെയുമുള്ള പ്രതികരണം: വിശ്വാസ പ്രഖ്യാപനം (നൈസീൻ - കോസ്റ്റാന്റിനോപ്പിൾ വിശ്വാസ പ്രമാണം, അപ്പോസ്തലിക വിശ്വാസപ്രമാണം, അല്ലെങ്കിൽ ഉചിതമായ മറ്റേതെങ്കിലും രീതിയിലുള്ള വിശ്വാസ പ്രഖ്യാപനം- ഉദാഹരണത്തിന് ജ്ഞാനസ്നാന വാഗ്ദാന നവീകരണം.

**മദ്ധ്യസ്ഥ പ്രാർത്ഥന**

ചുവടേ ചേർക്കുന്നവ ഗാനരൂപത്തിൽ ആലപിക്കാം, അല്ലെങ്കിൽ മറ്റേതെങ്കിലും മദ്ധ്യസ്ഥപ്രാർത്ഥനാ ഗാനം ആലപിക്കാം.

പ: നിത്യദയാനിധിയായ ദൈവമേ, വ്യക്തികളെന്നനിലയിലും സമൂഹമെന്നനിലയിലും ഉൾക്കാഴ്ച നൽകുന്ന പ്രകാശത്തിനായി ഞങ്ങൾ യാചിക്കുന്നു. ഈ പ്രകാശത്തിന്റെ സ്വാധീനത്തിൽ മറ്റുള്ളവരെ സ്വീകരിക്കാൻ മനോഭാവമുള്ളവരും മറ്റുള്ളവരെ മനസ്സിലാക്കാൻ കഴിവുള്ളവരുമായി ഞങ്ങളെ മാറ്റണമേ. അതിലൂടെ ലോകത്തിലെ വേദനകളും സഹനങ്ങളും ലഘൂകരിക്കാൻ ഞങ്ങളെ പ്രാപ്തരാക്കണമേ.

ജ: സ്നേഹമാകുന്ന ദൈവമേ ഞങ്ങളെ ശ്രവിക്കണമേ, ഞങ്ങളുടെ ഈ നിലവിളി കേൾക്കണമേ

പ: നിത്യദയാനിധിയായ ദൈവമേ, ഉപവിയും ഐക്യവും ഔദാര്യനിർഭരമായ ആഥിത്യമര്യാദയും മാനവരാശിയോടുള്ള അവിടത്തെ വെളിപ്പെടുത്തലിന്റെയും തിരുവുള്ളത്തിന്റെയും പ്രത്യക്ഷ പ്രകടനങ്ങളാണെന്ന് അവിടത്തെ മക്കളായ ഞങ്ങളെ പഠിപ്പിക്കണമേ.

ജ: സ്നേഹമാകുന്ന ദൈവമേ,..

പ: നിത്യദയാനിധിയായ ദൈവമേ, ഞങ്ങൾക്ക് ശാന്തിനൽകണമേ അക്രമരഹിതവും സഹിഷ്ണുത നിറഞ്ഞതുമായൊരു നവലോകത്തിന്റെ ശില്പികളാകാൻ ഞങ്ങളെ പഠിപ്പിക്കുകയും നയിക്കുകയും ചെയ്യണമേ.

ജ: സ്നേഹമാകുന്ന ദൈവമേ,..

പ: നിത്യദയാനിധിയായ ദൈവമേ, സൃഷ്ടിയിലൂടെയും പ്രവാചകരിലൂടെയും അവിടത്തെ തിരുസുതൻ യേശുക്രിസ്തുവിലൂടെയും അവിടന്ന് ഞങ്ങളെ പഠിപ്പിക്കുകയും അവിടത്തെ തിരുവുള്ളം ബോധ്യപ്പെടുത്തുകയും ചെയ്തുവല്ലോ. വൈവിധ്യത്തിൽ ഐക്യം വളർത്താനും നിലനിറുത്താനും ഞങ്ങളെ ആഹ്വാനം ചെയ്യുന്ന അവിടത്തെ സ്വരംകേൾക്കുവാനുള്ള വിവേകം ഞങ്ങൾക്ക് നൽകണമേ

ജ: സ്നേഹമാകുന്ന ദൈവമേ,..

പ: നിത്യദയാനിധിയായ ദൈവമേ, ഒരു അപരിചിതനെപ്പോലെ സമരിയാക്കാരിസ്ത്രീയിൽ നിന്നും ദാഹജലം ചോദിച്ച ഞങ്ങളുടെ കർത്താവും അങ്ങയുടെ തിരുസുതനുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾക്ക് നിത്യജീവനിലേക്ക് കുതിച്ചുയരുന്ന ജീവജലം നൽകണമേ.

ജ: സ്നേഹമാകുന്ന ദൈവമേ,..
കാഴ്ചവയ്പ് (സ്തോത്രകാഴ്ച)

പ: സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും അടയാളമായി ഞങ്ങളുടെ ജീവിതം സമർപ്പിക്കണമെന്നാണ് യേശുവിൽ നിന്നും ഞങ്ങൾ പഠിക്കുന്നത്. അവിടത്തെ വചനത്തിന്റെയും കൃപയുടെയും ശുശ്രൂഷയ്ക്കായി സമർപ്പിതമായ ജീവസുറ്റ നൈവേദ്യമായി ഞങ്ങൾ തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.
നൈവേദ്യങ്ങൾ ആചരണത്തിനെത്തിയവർക്ക് വിതരണം ചെയ്യുന്നു)

കാ: ഞങ്ങൾക്കൊപ്പം ആയിരിക്കുകയും ഞങ്ങളുടെ മധ്യേ ചരിക്കുന്നവനുമായ ദൈവമേ, എല്ലാവരേയും, പ്രത്യേകിച്ച് ഞങ്ങളിൽ നിന്ന് വ്യത്യസ്തരായിരിക്കുന്നവരെയും ഉൾക്കൊള്ളുന്നതിലും സ്വീകരിക്കുന്നതിലും ശ്രവിക്കുന്നതിലും വിശ്വസ്തരായിരിക്കുവാനും ഞങ്ങളുടെ ദൗത്യത്തിൽ തുടരുവാനും അവിടത്തെ പ്രകാശത്തിന്റെയും പരിശുദ്ധാത്മാവിന്റെയും ചൈതന്യം ഞങ്ങൾക്ക് നൽകണമേ. ഞങ്ങളുടെ ഹൃദയത്തിലുള്ള അക്രമാസക്തിയെയും മറ്റുള്ളവരുടെ മാനവമഹത്ത്വത്തെ തരംതാഴ്ത്തിക്കാട്ടുവാനും അവരെ ഒഴിവാക്കി അകറ്റുവാനും പ്രേരിപ്പിക്കുന്ന വിവേചനാനിർഭരമായ മനോഭാവത്തെയും എടുത്തുമാറ്റണമേ. അർത്ഥവത്തായ ആഘോഷവും മാപ്പേകലും സന്തോഷവും ദയയും പങ്കുവയ്ക്കുന്നതും ശക്തിയും വിശ്വാസവുമെല്ലാം ഞങ്ങളുടെ പ്രതിദിന ആചരണമായി, നിത്യവുമുള്ള ആഹാരമായി യേശുക്രിസ്തുവിൽ മുമ്പോട്ടുള്ള പ്രയാണചലനമായി അനുഭവിക്കാൻ ഞങ്ങളെ സ്വാഗതംചെയ്യുന്ന സ്ഥാനങ്ങളായിത്തീരാൻ ഞങ്ങളുടെ സഭയ്ക്ക് കഴിവേകണമേ.

ജ: ആമേൻ
(പ്രത്യേകം ശ്രദ്ധിക്കുക. പ്രാദേശിക ആചാരങ്ങൾക്കനുസൃതം കാഴ്ചവയ്പ് പ്രാദേശികസംഘങ്ങൾക്ക്ഒരുക്കാവുന്നതാണ്. അൾത്താരയിലുള്ള നിറമുള്ള വിരിപ്പിന് മുകളിൽ കാഴ്ചവസ്തുക്കൾ വയ്ക്കണമെന്നാണ് ഞങ്ങളുടെ നിർദ്ദേശം. ഈ സമയത്ത് പ്രാദേശികസംഘം തെരഞ്ഞെടുത്ത് ഒരുക്കുന്നതായ അർപ്പണഗാനം ആലപിക്കാവുന്നതാണ്)
കർത്താവിന്റെ പ്രാർത്ഥന – 'സ്വർഗ്ഗസ്ഥനായ പിതാവേ'– ചൊല്ലുകയോ ആലപിക്കുകയോ ചെയ്യാം.

5 ആശീർവാദം, സമാധാനാശംസകൾ, സമ്മേളിച്ചവരെ യേശുവിന്റെ ദൗത്യവാഹകരായി അയയ്ക്കുന്നത് ആശീർവ്വാദം.

കാ: കർത്താവായ ദൈവം നിങ്ങളെ ആശീർവ്വദിച്ച് സംരക്ഷിക്കുമാറാകട്ടെ. നിങ്ങളുടെ ഹൃദയങ്ങളിൽ ആർദ്രതയും ആത്മാവിൽ ആനന്ദവും കാതുകളിൽ സംഗീതവും നാസാദ്വാരങ്ങളിൽ സുഗന്ധവും നാവിൽ പ്രതീക്ഷ നൽകുന്ന ഗാനവും നിറയ്ക്കട്ടെ.
ജീവജലമായ യേശുക്രിസ്തു നിങ്ങളെ സംരക്ഷിക്കാൻ നിങ്ങളുടെ പിൻപിലുണ്ടാകട്ടെ; നിങ്ങൾക്ക് മാർഗ്ഗദർശനം നൽകാൻ നിങ്ങളുടെ

മുൻപിലുണ്ടായിരിക്കട്ടെ. നിങ്ങളുടെ സഹചാരിയാകാൻ നിങ്ങളുടെ മുൻപിലുണ്ടായിരിക്കട്ടെ. നിങ്ങൾക്ക് ആശ്വാസമേകാൻ നിങ്ങളുടെ ഉള്ളിലുണ്ടായിരിക്കട്ടെ. നിങ്ങളെ അനുഗ്രഹിക്കാൻ നിങ്ങളുടെ മുകളിലുണ്ടായിരിക്കട്ടെ. നിങ്ങളുടെ ചിന്തകളെ ശുദ്ധീകരിക്കാൻ ജീവദായകനായ ദൈവാത്മാവ് നിങ്ങളിൽ നിറയട്ടെ; നിങ്ങളുടെ പ്രവൃത്തികളെ ശുദ്ധീകരിക്കാൻ നിങ്ങളിൽ പ്രവർത്തിക്കട്ടെ; ശുദ്ധമായതിനെ സ്നേഹിക്കാൻ നിങ്ങളുടെ ഹൃദയത്തെ പ്രേരിപ്പിക്കട്ടെ; പരിശുദ്ധമായതിനെ സംരക്ഷിക്കാൻ നിങ്ങളെ ശക്തരാക്കട്ടെ; നിങ്ങളുടെ ഹൃദയത്തെ അവിടത്തെ വാസസ്ഥാനമാക്കട്ടെ; നിങ്ങളുടെ ഹൃദയത്തിലെ തരിശുഭാവത്തെ മാറ്റി അത് ജീവജലനിർഭരമാക്കട്ടെ, നിങ്ങളുടെ ഹൃദയത്തിന്റെ ശൈത്യം ഉരുക്കി മാറ്റട്ടെ, നിങ്ങളുടെ ആത്മാവിന്റെ ശ്രീകോവിലിൽ സ്നേഹാഗ്നി ജ്വലിപ്പിക്കട്ടെ, നേരായ വിശ്വാസവും അചഞ്ചലമായ പ്രത്യാശയും സത്യസന്ധതയും സമ്പൂർണ്ണവുമായ സ്നേഹവും സമൃദ്ധമായി നിങ്ങൾക്ക് നൽകുമാറാകട്ടെ.

ജ: ആമേൻ

കാ: ക്രൈസ്തവ ഐക്യത്തിന്റെ പാതയിൽ നാം മുമ്പോട്ട് നീങ്ങുമ്പോൾ പരസ്പരം സ്വാഗതം ചെയ്യാനും സ്വീകരിക്കാനും ആഥിത്യമര്യാദ പ്രകടിപ്പിക്കാനും നമ്മെ പഠിപ്പിക്കുന്ന ദൈവം നമുക്ക് സമാധാനവും പ്രശാന്തതയും നൽകുമാറാകട്ടെ, ക്രിസ്തുവിന്റെ സമാധാനത്തിൽ നമ്മൾ പോകുമ്പോൾ നമുക്ക് പരസ്പരം സമാധാനം ആശംസിക്കാം.

സമാപനഗാനാലാപനം

## എട്ടുദിവസങ്ങൾക്കായുള്ള വചനചിന്തകളും പ്രാർത്ഥനകളും

## ഒന്നാം ദിനം - പ്രഘോഷണം.

## സമരിയായയിലൂടെ കടന്നു പോകേണ്ടിയിരിക്കുന്നു.

യോഹ 4.4, ഉത്പ 24:10-33 അബ്രഹാമും റെബേക്കയും കിണറ്റിനരികിൽ,
സങ്കീർത്തനം 42- നീർച്ചാൽ തേടുന്ന മാൻപേട
2 കൊറീന്ത്യർ 8: 1-7 - മാസിഡോണിയായിലെ സഭകളുടെ ഉദാരത
യോഹ 4: 1-4 - അവനു സമരിയായിലൂടെ കടന്നുപോകേണ്ടിയിരുന്നു.

**വചന വിചിന്തനം**

ചോദ്യങ്ങൾ

1. "സമരിയായിലൂടെ കടന്നു പോകുക" എന്നത് എനിക്കും എന്റെ സഭാവിഭാഗത്തിന്റെ വിശ്വാസത്തിനും എന്താണർത്ഥമാക്കുന്നത്?
2. എന്റെ സഭാവിഭാഗം ഇതര സഭാവിഭാഗങ്ങളെ കണ്ടെത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? ഈ പാരസ്പര്യത്തിൽ നിന്നും സഭകൾ എന്താണ് പഠിച്ചിട്ടുള്ളത്?

**പ്രാർത്ഥന**

എല്ലാ ജനതകളുടെയും ദൈവമേ, ഇതര സഭകളിലെ ഞങ്ങളുടെ സഹോദരീസഹോദരന്മാരെ കണ്ടെത്തുവാൻ "സമരിയായിലൂടെ കടന്നു പോകാൻ" ഞങ്ങളെ പഠിപ്പിക്കണമോ. ഓരോ സഭയിൽ നിന്നും സംസ്കാരത്തിൽ നിന്നും പഠിക്കുന്നതിന് തുറന്ന മനസ്സുമായി അവിടെ പോകാൻ

ഞങ്ങളെ അനുവദിക്കണമേ. അവിടന്നാണ് ഐക്യത്തിന്റെ സ്രോതസ്സെന്ന് ഞങ്ങൾ ഏറ്റുപറയുന്നു. ക്രിസ്തു ഞങ്ങൾക്കായി ആഗ്രഹിക്കുകയും തിരുമനസ്സാകുകയും ചെയ്ത ഏകൃം ഞങ്ങൾക്ക് നല്കണമേ. ആമേൻ.

**രണ്ടാം ദിനം പരസ്യമായ തള്ളിപ്പറയൽ**

**യാത്രചെയ്തു ക്ഷീണിച്ച യേശു ആ കിണറിന്റെ കരയിലിരുന്നു (യോഹ 4:6)**

ഉത്പ 29 :1–14 – യാക്കോബും റാഹേലും കിണറിന്റെ കരയിൽ

സങ്കീർത്തനം 137 – വിദേശത്ത് ഞങ്ങൾ എങ്ങനെ കർത്താവിന്റെ ഗാനം ആലപിക്കും?

1 കൊറീന്ത്യർ 1:10–18 – നിങ്ങളോരോരുത്തരും പറയുന്നു. "ഞാൻ പൗലോസിന്റേതാണ്, ഞാൻ അപ്പോളോസിന്റെതാണ്."

യോഹ 4:5–6 – യാത്രചെയ്ത് യേശു ക്ഷീണിച്ചിരുന്നു.

**വചന വിചിന്തനം**

ചോദ്യങ്ങൾ

1. നമ്മുടെ സഭകൾ തമ്മിലുള്ള മത്സരത്തിന്റെ പ്രധാനപ്പെട്ട കാരണങ്ങൾ എന്താണ് ?
2. നമ്മുടെ തർക്കങ്ങളും മത്സരങ്ങളും വെടിഞ്ഞ് ചാരിനിന്ന് വിശ്രമിക്കാൻ പറ്റിയ ഒരു പൊതു "കിണർ" തിരിച്ചറിഞ്ഞ് കണ്ടെത്തുവാൻ കഴിയുമോ?

**പ്രാർത്ഥന**

കൃപ നിറഞ്ഞ ദൈവമേ, മത്സരത്തിന്റെ യുക്തി തെരഞ്ഞെടുക്കുന്നതിലേക്കാണ് പലപ്പോഴും ഞങ്ങളുടെ സഭകൾ നയിക്കപ്പെടുന്നത്. ഞങ്ങളുടെ ദുരഹങ്കാരം അവിടന്ന് ക്ഷമിക്കണമേ. ആദ്യസ്ഥാനത്തിനായുള്ള ആഗ്രഹം ഞങ്ങൾ മടുത്തു. "കിണറിന്റെ" കരയിൽ വിശ്രമിക്കാൻ ഞങ്ങളെ അനുവദിക്കണമേ. ഞങ്ങളുടെ ഈ കൂട്ടായ പ്രാർത്ഥനായത്നത്തിൽ നിന്നും കോരിയെടുത്ത ഐക്യത്തിന്റെ ജലത്താൽ ഞങ്ങൾക്ക് നവോന്മേഷം നല്കണമേ. ക്രമരാഹിത്യത്തിന്റെ ജലത്തിനുമീതേ ചലിച്ചു കൊണ്ടിരുന്ന അവിടത്തെ ആത്മാവ് ഞങ്ങളിൽ വേർതിരിവുണ്ടാക്കുന്ന വൈവിധ്യത്തിൽ നിന്നും ഐക്യത്തെ ജനിപ്പിക്കുമാറാകട്ടെ. ആമേൻ

**മൂന്നാം ദിനം തള്ളിപ്പറയൽ II**

**"എനിക്ക് ഭർത്താവില്ല" (യോഹ 4:7)**

3. രാജാക്കന്മാർ 17: 24 34 – അസീറിയാക്കാരാൽ കീഴടക്കപ്പെട്ട സമരിയ

സങ്കീർത്തനങ്ങൾ 139 :1–12 "കർത്താവേ, അവിടുന്നെന്നെ പരിശോധിച്ചറിഞ്ഞിരിക്കുന്നു"

റോമാ 7: 1–4 – "ക്രിസ്തുവിന്റെ ശരീരം മുഖേന നിയമത്തിന് നിങ്ങൾ മരിച്ചവരായി"

(വിശുദ്ധ യോഹന്നാൻ 4:16–1–19 –'എനിക്ക് ഭർത്താവില്ല'

**വചന വിചിന്തനം**

ചോദ്യങ്ങൾ

1. നമ്മുടെ സമൂഹങ്ങളിൽ നമുക്ക് തിരിച്ചറിയാൻ സാധിക്കുന്ന പാപനിർഭരമായ സംവിധാനങ്ങൾ എന്തൊക്കെയാണ്?

2. നമ്മുടെ സഭകളിൽ സ്ത്രീകൾക്ക് എന്തു സ്ഥാനവും ഭാഗഭാഗിത്വവു മാണുള്ളത് ?
3. സ്ത്രീകളോടും പെൺകുട്ടികളോടുമുള്ള അക്രമം തടയാനും അതിനെ കീഴടക്കാനും നമ്മുടെ സഭകൾക്ക് എന്തുചെയ്യാൻ കഴിയും?

**പ്രാർത്ഥന**

എല്ലാത്തിനും അതീതനായ ദൈവമേ, മറ്റൊരു നാമം കൊണ്ട് അങ്ങയെ ഞങ്ങൾക്ക് എങ്ങനെ അഭിസംബോധന ചെയ്യാൻ സാധിക്കും? നിന്നെ പ്രകീർത്തിക്കാൻ ഏതു ഗാനം ആലപിക്കാൻ സാധിക്കും? ഒരു പദ ത്തിനും നിന്നെ അവതരിപ്പിക്കാൻ കഴിയില്ല. ഏത് അരൂപിക്കാണ് അങ്ങയെ ദർശിക്കാൻ കഴിയുന്നത്? ഒരു ബുദ്ധിശക്തിക്കും നിന്നെ ഗ്രഹിക്കാൻ കഴി യില്ല. നീ മാത്രം അവാച്യനാണ്. പറയപ്പെട്ടിട്ടുള്ളതെല്ലാം നിന്നിൽ നിന്നാണ് വരുന്നത്. എല്ലാ സൃഷ്ടിജാലങ്ങളും നിന്നെ പ്രഘോഷിക്കുന്നു. സംസാര ശേഷിയുള്ളവരും മൂകരും എല്ലാം നിന്നെ പ്രകീർത്തിക്കുന്നു. എല്ലാം നിന ക്കായി ദാഹിക്കുന്നു. നിനക്കായുള്ള അഭിലാഷത്തോടെ എല്ലാം നെടു വീർപ്പിടുന്നു. അസ്തിത്വമുള്ളതെല്ലാം നിന്നോട് പ്രാർത്ഥിക്കുന്നു. നിന്റെ പ്രപഞ്ചത്തെ ധ്യാനത്തിന് വിഷയീഭവിപ്പിക്കുന്നവയെല്ലാം നിനക്കായി നിശ്ശബ്ദ കീർത്തനം ഉയർത്തുന്നു.

എല്ലാറ്റിനും അതീതനായവനേ, ഞങ്ങളിൽ അലിവു തോന്നണമേ. മറ്റേതു നാമത്തിൽ ഞങ്ങൾക്കു നിന്നെ അഭിസംബോധന ചെയ്യാൻ സാധിക്കും ? ആമേൻ

## നാലാം ദിനം പരിത്യാഗം

## 'ആ സ്ത്രീയാകട്ടെ അവളുടെ കുടം അവിടെ ഉപേക്ഷിച്ചു'

## (യോഹ 4 :28)

ഉത്പത്തി 11: 31, 12:4 – തന്നെ വലിയൊരു ജനതയാക്കി അനുഗ്രഹിക്കു മെന്ന് ദൈവം അബ്രഹാമിന് വാക്ക് നൽകുന്നു.

സങ്കീർത്തനം 23 – കർത്താവെന്റെ ഇടയനാകുന്നു.

യോഹ 4:25–28 – "ആ സ്ത്രീയാകട്ടെ അവളുടെ കുടം അവിടെ ഉപേ ക്ഷിച്ചു"

**വചന വിചിന്തനം**

ചോദ്യങ്ങൾ

1. യേശുവിനെ കണ്ടെത്തൽ നമ്മുടെ കുടങ്ങൾ ഉപേക്ഷിക്കാൻ ആവശ്യപ്പെ ടുന്നു. ആ കുടങ്ങൾ നമുക്ക് എന്തൊക്കെയാണ് ?
2. കുടങ്ങൾ ഉപേക്ഷിക്കുന്നതിൽ തടസ്സം സൃഷ്ടിക്കുന്ന പ്രധാന പ്രശ്ന ങ്ങൾ ഏവയാണ്?

**പ്രാർത്ഥന**

സ്നേഹധനനായ ദൈവമേ, മറ്റുള്ളവരുമായുള്ള അഭിമുഖീകരണം ഞങ്ങൾക്കായി കൃപയുടെയും അനുഗ്രഹങ്ങളുടെയും പുതിയ ചക്രവാള ങ്ങൾ തുറന്നിടുന്നതായി യേശുവിൽ നിന്നും സമരിയാക്കാരിയിൽ നിന്നും പഠിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

ഞങ്ങളുടെ പരിമിതികളെ തകർക്കാനും പുതിയ വെല്ലുവിളികളെ

സ്വീകരിക്കാനും ഞങ്ങളെ സഹായിക്കണമേ. അങ്ങയുടെ തിരുസുതന്റെ വിളി പിൻതുടരുന്നതിൽ ഭയത്തിനതീതരാകാൻ ഞങ്ങളെ സഹായിക്കണമേ. യേശുക്രിസ്തിവിന്റെ നാമത്തിൽ ഞങ്ങളീ പ്രാർത്ഥന സമർപ്പിക്കുന്നു. ആമേൻ.

**അഞ്ചാം ദിനം വിളംബരം**

**"വെള്ളം കോരാൻ നിനക്കു പാത്രവുമില്ല, കിണർ ആഴമുള്ളതു മാകുന്നു". (യോഹ 4: 11)**

ഉത്പത്തി 46: 1-7 – ഈജിപ്തിലേക്കു പോകുവാൻ ഭയപ്പെടേണ്ടെന്നു ദൈവം യാക്കോബിനോടു പറയുന്നു.

സങ്കീർത്തനം 133 – സഹോദരങ്ങൾ ഐക്യത്തിൽ ജീവിക്കുന്നത് എത്ര നല്ലതാണ്!

അപ്പ 2: 1-11- പെന്തക്കോസ്താ ദിനം

യോഹ 4; 7-15 "വെള്ളം കോരാൻ നിനക്കു പാത്രവുമില്ല, കിണർ ആഴമുള്ളതുമാണ്".

**വചന വിചിന്തനം**

ചോദ്യങ്ങൾ

1. നിങ്ങളുടെ സഭ മറ്റൊരു സഭയെ സഹായിക്കുകയും അല്ലെങ്കിൽ മറ്റൊരു സഭയാൽ സഹായിക്കപ്പെടുകയും ചെയ്യപ്പെട്ട ഏതെങ്കിലും സാഹചര്യങ്ങൾ ഓർമ്മിക്കുന്നുണ്ടോ?
2. മറ്റൊരു സഭയിൽ നിന്നും സഹായം സ്വീകരിക്കുന്നതിൽ നിശബ്ദമായ ഭയം നിറഞ്ഞ പരിമിതികൾ കല്പിക്കാറുണ്ടോ? എങ്കിൽ ഇവയെ എങ്ങനെ തരണം ചെയ്യാൻ കഴിയും?

**പ്രാർത്ഥന**

ദൈവമേ, ജീവജലത്തിന്റെ വറ്റാത്ത ഉറവയേ, കൂടുതൽ ഞങ്ങൾ ഞങ്ങളുടെ കയറിന്റെ ഇഴകൾ കൂട്ടിച്ചേർക്കുമ്പോൾ, കൂടുതൽ ആഴത്തിൽ ഞങ്ങളുടെ വെള്ളം കോരുന്ന പാത്രങ്ങൾ അവിടത്തെ ദിവ്യജലധാരയിൽ എത്താൻ സാധിക്കുമെന്നു മനസ്സിലാക്കാൻ ഞങ്ങളെ സഹായിക്കണമേ. മറ്റുള്ളവരുടെ കഴിവുകളുടെ ആഴം നിർണയിക്കാൻ ഞങ്ങൾക്ക് സാധിക്കാത്ത അവസരങ്ങൾ അവിടത്തെ രഹസ്യത്തിന്റെ ഭാഗികകണ്ടെത്തലാണെന്ന അവബോധത്തിലേക്കു ഞങ്ങളെ ഉണർത്തണമേ. ഞങ്ങളെ ഐക്യത്തിലും സമാധാനത്തിലും സഞ്ചയിപ്പിക്കുന്ന അവിടത്തെ ജീവജലം പാനംചെയ്യുവാൻ അവിടുത്തെ കിണറിന്റെ അരികിലിരിക്കാൻ ഇടയാക്കണമേ. ദാഹം ശമിപ്പിക്കാൻ സമരിയാക്കാരി സ്ത്രീയിൽ നിന്നും വെള്ളം ചോദിച്ച അവിടത്തെ പുത്രൻ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ ഇതു യാചിക്കുന്നു. ആമേൻ.

**ആറാം ദിനം സാക്ഷ്യം**

**യേശു പറഞ്ഞു: "ഞാൻ നല്കുന്ന ജലം അവരിൽ നിത്യജീവനിലേക്ക് നിർഗ്ഗളിക്കുന്ന അരുവിയാകും." (യോഹ 4:14)**

പുറപ്പാട് 2: 15-22; മോസസ് മീദിയാന്റെ കിണറിന്റെ അരികിൽ

സങ്കീർത്തനം 91 – കർത്താവിൽ അഭയം തേടുന്നവരുടെ ഗീതം

1 യോഹ 4;16–21 – പൂർണ്ണമായ സ്നേഹം ഭയത്തെ ബഹിഷ്കരിക്കുന്നു.
യോഹ 4:11–15 – ''നിത്യജീവനിലേക്ക് നിർഗ്ഗളിക്കുന്ന അരുവി''

**വചനവിചിന്തനം**

ചോദ്യങ്ങൾ

1. അവനിലൂടെ നമ്മൾ ''നിത്യജീവനിലേക്ക് നിർഗ്ഗളിക്കുന്ന അരുവിയാകും'' എന്ന യേശുവിന്റെ വാക്കുകൾ നമ്മൾ എങ്ങനെ വ്യാഖ്യാനിക്കും?
2. ക്രിസ്ത്യാനികൾ നിങ്ങൾക്കും മറ്റുള്ളവർക്കും ജീവജലത്തിന്റെ അരുവികളാകുന്നതു നിങ്ങൾക്ക് എവിടെ കാണാൻ സാധിക്കുന്നു?
3. ജീവജലത്തിന്റെ അരുവികളാകാൻ സഭകൾ ഏകസ്വരത്തിൽ സംസാരിക്കേണ്ട പൊതുജീവിതത്തിലെ സാഹചര്യങ്ങൾ ഏവ?

**പ്രാർത്ഥന**

ത്രൈകൈക ദൈവമേ, യേശുവിന്റെ മാതൃക അനുസരിച്ചു ഞങ്ങൾ അവിടത്തെ സ്നേഹത്തിന്റെ സാക്ഷികളായിത്തീരാൻ അനുഗ്രഹിക്കണമേ. നീതിയുടെയും സമാധാനത്തിന്റെയും ഉപകരണങ്ങളായി ത്തീരാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ഐക്യത്തിലേക്ക് നയിക്കുന്ന സമൂർത്തമായ കർമ്മങ്ങൾക്കായി അവിടത്തെ ആത്മാവ് ഞങ്ങളെ പ്രചോദിപ്പിക്കുമാറാകട്ടെ. മതിലുകൾ പാലങ്ങളായി പരിരൂപപ്പെടാൻ ഇടയാക്കണമേ. പരിശുദ്ധാത്മാവുമായി ഐക്യത്തിൽ വാഴുന്ന യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങളീ പ്രാർത്ഥന സമർപ്പിക്കുന്നു. ആമേൻ.

## ഏഴാം ദിനം സാക്ഷ്യം

## “എനിക്കു കുടിക്കാൻ തരുക” (യോഹ 4;7)

സംഖ്യ 20: 1–11 – ''ഇസ്രായേൽ ജനം മെറീബായിൽ''
സങ്കീർത്തനം 119: 10–20 – ''അങ്ങയുടെ വചനം ഞാൻ വിസ്മരിക്കുകയില്ല''.
റോമാ 15: 2–7 – ''പരസ്പരൈക്യത്തിൽ ജീവിക്കാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ''.
യോഹ 4; 7–15 – ''എനിക്കു കുടിക്കാൻ തരുക''.

**വചനവിചിന്തനം**

ചോദ്യങ്ങൾ

1. ദൈവത്തെക്കുറിച്ചു നിങ്ങൾക്കുള്ള അറിവും അനുഭവവും മറ്റുള്ള ക്രൈസ്തവരെ അഭിമുഖീകരിക്കുന്നതിലൂടെ എത്രത്തോളം എങ്ങനെ സമ്പന്നമാക്കപ്പെട്ടിട്ടുണ്ട്?
2. നിങ്ങളുടെ പ്രദേശത്തെ മതപരമായ പാരമ്പര്യങ്ങളിൽനിന്നും സ്വദേശീയമായ വിജ്ഞാനത്തിൽനിന്നും ക്രൈസ്തവസമൂഹങ്ങൾക്ക് എന്തു പഠിക്കാൻ സാധിക്കും?

**പ്രാർത്ഥന**

ജീവസ്രോതസ്സായ ദൈവമേ, സർവ്വസൃഷ്ടിയെയും പരിപാലിക്കുന്നവനേ, നീതിയിലേക്കും സമാധാനത്തിലേക്കും ഞങ്ങളെ ക്ഷണിക്കുന്നവനേ, ആയുധങ്ങളിൽ നിന്നല്ല, പരസ്പരബഹുമാനത്തിൽ ഞങ്ങളുടെ

സുരക്ഷിതത്വം സംജാതമാകട്ടേ. പണത്തിലല്ല പങ്കുവയ്ക്കലിലാകട്ടെ ഞങ്ങളുടെ സമ്പത്ത്. ഞങ്ങളുടെ പാത അഭിലാഷങ്ങളുടേതല്ല, നീതിയുടേതാകട്ടെ. ഞങ്ങളുടെ വിജയം പ്രതികാരത്തിലല്ല ക്ഷമിക്കുന്നതിലാകട്ടെ. ഇന്നും എന്നും ഐക്യത്തിന്റെയും നീതിയുടെയും സമാധാനത്തിന്റെയും അപ്പം പങ്കുവച്ചുകൊണ്ട്, തുറന്ന മനസോടെയും ആത്മവിശ്വാസത്തോടെയും സർവ്വസൃഷ്ടിയുടെയും അന്തസ് ഞങ്ങൾ പരിരക്ഷിക്കുമാറാകട്ടെ. അക്രമത്തിന് ഇരയായി ക്രൂശിക്കപ്പെട്ടിട്ടും കുരിശിന്റെ ഔന്നത്യത്തിൽനിന്നും എല്ലാവരോടും ക്ഷമിച്ച അങ്ങയുടെ പുത്രനും ഞങ്ങളുടെ സഹോദരനുമായ യേശുവിന്റെ നാമത്തിൽ ഞങ്ങളീ പ്രാർത്ഥനകൾ സമർപ്പിക്കുന്നു. ആമേൻ. (നീതിയിലൂടെ സമാധാനത്തിലേക്കുള്ള ആദ്യപടിയായി ദാരിദ്ര്യം അവസാനിപ്പിക്കാനുള്ള ആഹ്വാനത്തോടെ ബ്രസീലിൽ നടത്തപ്പെട്ട സഭകളുടെ ഐക്യത്തിനായുള്ള സമ്മേളനത്തിലെ ഒരു പ്രാർത്ഥനയിൽനിന്നും അനുരൂപപ്പെടുത്തിയതാണീ പ്രാർത്ഥന.)

**എട്ടാം ദിനം സാക്ഷ്യം നൽകൽ**

**ആ സ്ത്രീയുടെ സാക്ഷ്യം മൂലം അനേകർ വിശ്വസിച്ചു.**

**(യോഹ 4:39)**

പുറപ്പാട് 3: 13-15 - മോസസ് അഗ്നിയിൽ ജ്വലിച്ച മുൾപ്പടർപ്പിനരികിൽ
സങ്കീർത്തനം 30 - കർത്താവ് നമ്മെ ജീവിതത്തിലേക്ക് ആനയിക്കുന്നു.
റോമാ 10; 14-17 - സദ്വാർത്ത കൊണ്ടുവരുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം!
യോഹ 4: 27-30, 39-40 - ആ സ്ത്രീയുടെ സാക്ഷ്യം മൂലം അനേകർ വിശ്വസിച്ചു.

**വചനവിചിന്തനം**

ചോദ്യങ്ങൾ

1. ഐക്യവും സുവിശേഷദൗത്യവും തമ്മിലുള്ള ബന്ധം എന്താണ്?
2. നിങ്ങളുടെ സമൂഹത്തിൽ സ്വന്തം ജീവിതത്തിലൂടെ ഐക്യത്തിനു സാക്ഷ്യം വഹിക്കുന്നവരെ അറിയുമോ?

**പ്രാർത്ഥന**

ജീവജലത്തിന്റെ അരുവിയായ ദൈവമേ, ഞങ്ങളുടെ വാക്കുകളിലൂടെയും ജീവിതത്തിലൂടെയും ഞങ്ങളെ ഐക്യത്തിനു സാക്ഷ്യം നല്കുന്നവരാക്കണമേ. കിണറിന്റെ ഉടമസ്ഥർ ഞങ്ങളല്ലെന്ന ബോധ്യം ഞങ്ങളിൽ ഉണർത്തണമേ. ഓരോരുത്തരിലുമുള്ള ദൈവകൃപയെ അംഗീകരിക്കാനും സ്വീകരിക്കാനുമുള്ള വിവേകം ഞങ്ങൾക്കു നല്കേണമ. ഞങ്ങളുടെ ഹൃദയങ്ങളിലും ജീവിതത്തിലും പരിവർത്തനം ഉണ്ടാക്കണമേ. അപ്രകാരം ഞങ്ങൾ സുവിശേഷത്തിന്റെ നേരായ വാഹകരാകട്ടെ. മറ്റുള്ളവരുമായുള്ള അഭിമുഖീകരണത്തിലേക്ക് എപ്പോഴും ഞങ്ങളെ നയിക്കണമേ. അത് അങ്ങുമായുള്ള അഭിമുഖീകരണമായി മാറട്ടെ. പരിശുദ്ധാത്മാവുമായി ഐക്യത്തിൽ വാഴുന്ന അങ്ങയുടെ പുത്രൻ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങളീ പ്രാർത്ഥനകൾ സമർപ്പിക്കുന്നു. ആമേൻ.

****

# രൂപതാകച്ചേരി വാർത്തകൾ

**സീറോ മലബാർ മിഷൻ ഞായർ: ജനുവരി 11**

സീറോ മലബാർ സഭയുടെ വിവിധ മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മിഷനറിമാരേയും മിഷനറി പ്രവർത്തനങ്ങളേയും അനുസ്മരിക്കുവാനും മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനായി പ്രാർത്ഥിക്കുവാനും പ്രത്യേകമായി മാറ്റിവച്ചിരിക്കുന്ന ദിനമാണല്ലോ സീറോ മലബാർ മിഷൻ ഞായർ. ഈ വർഷം ജനുവരി 11 നാണ് സീറോ മലബാർ മിഷൻ ഞായർ ആചരിക്കുന്നത്. സീറോ മലബാർ മിഷൻ സൺഡേ കവറിലൂടെ ലഭിക്കുന്ന സംഭാവനകൾ എത്രയും വേഗം രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് താല്പര്യപ്പെടുന്നു. ഈ കവറുകൾ എല്ലാ ഫൊറോനകളിലും എത്തിച്ചിട്ടുണ്ട്. ബഹു. വികാരിയച്ചന്മാർ ഇതിനകം കൈപ്പറ്റിക്കാണുമെന്ന് വിചാരിക്കുന്നു.

**സ്നേഹസ്മരണ: മോൺ. ജോസഫ് കണിയാമറ്റം**

മാനന്തവാടി രൂപതയുടെ ആരംഭം മുതൽ അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിനോട് ചേർന്ന് രൂപതയുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ച ബഹു. ജോസഫ് കണിയാമറ്റത്തിൽ അച്ചൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടിട്ട് 2015 ജനുവരി 17 ന് ഒരു വർഷം തികയുന്നു. അന്നേദിവസം സീയോൻ ചാപ്പലിൽ രാവിലെ 7 മണിക്ക് വി.കുർബാനയും സെമിത്തേരിയിൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്. ജനുവരി 29 ന് നമ്മുടെ പ്രിയപ്പെട്ട ജോസഫ് കോട്ടേപ്പറമ്പിലച്ചന്റെ ചരമവാർഷിക ദിനമാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

**പാസ്റ്ററൽ കൗൺസിൽ**

പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ ഒരു യോഗം 2015 ഫെബ്രുവരി 14 ന് ശനിയാഴ്ച രാവിലെ 10.30 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നു. വിശദവിവരങ്ങൾ അംഗങ്ങളെ കത്തുമുഖേന അറിയിക്കുന്നതാണ്.

**Young Priests' Course**

യുവവൈദികരുടെ കോഴ്സ് 2015 ഫെബ്രുവരി 2 മുതൽ 5 വരെയായിരിക്കും. പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് നവംബർ മാസത്തിലെ ബുള്ളറ്റിനിൽ കൊടുത്തിട്ടുണ്ട്. ആ ദിവസങ്ങളിലെ പരിപാടികൾ മുൻകൂട്ടി ക്രമീകരിച്ച് നിർബന്ധമായും കോഴ്സിൽ സംബന്ധിച്ചിരിക്കണം.

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ** - പ്രോട്ടോസിഞ്ചെല്ലൂസ്

# പ്രസ്ബിറ്ററൽ കൗൺസിൽ

ഇപ്പോൾ നിലവിലുള്ള മാനന്തവാടി രൂപതാ പ്രസ്ബിറ്ററൽ കൗൺസിലിന്റെ 5-ാമത്തെ മീറ്റിംഗ് 4-12-2014 ന് രാവിലെ 10.30 ന് ബിഷപ്സ് ഹൗസിൽ വച്ചു ചേരുകയുണ്ടായി. ബഹു. മനോജ് കാക്കോനാലച്ചൻ നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. മാത്യു മാടപ്പള്ളിക്കുന്നേലച്ചൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് അഭിവന്ദ്യ പിതാവ് ആമുഖ പ്രഭാഷണം നടത്തി. ലോക്കൽ ഫണ്ട് ശേഖരിച്ച് മിഷൻ പ്രദേശങ്ങളെ സഹായിക്കുന്നതിനുള്ള ഒരു ഏജൻസിയായി ASSM നമ്മുടെ സഭയിൽ പ്രവർത്തിക്കുന്നു എന്നും അതിലേയ്ക്ക് ജനുവരി 11 -ാം തീയതി സീറോ മലബാർ മിഷൻ ഞായറിനോടനുബന്ധിച്ച് കുടുംബങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് രൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കാനും നിർദ്ദേശിച്ചു. അതിനായി മേജർ ആർച്ച് ബിഷപ്പിന്റെ കൂരിയായിൽനിന്നും ലഭിച്ചിരിക്കുന്ന കത്തും കവറും വിതരണം ചെയ്യാനായി ചെറുപുഷ്പ മിഷൻലീഗിനെ ഏൽപ്പിച്ചിട്ടുണ്ട് എന്നും അറിയിച്ചു.

നമ്മുടെ യുവാക്കൾ പ്രായമായിട്ടും യുവതികളെ കണ്ടെത്താൻ സാധിക്കാത്തതിനാൽ വിവാഹം കഴിക്കാൻ സാധിക്കാതെ നിൽക്കുന്നതിന്റെ ഒരു കാരണം വിദ്യാഭ്യാസ കുറവാണെന്നും അതിനാൽ നമ്മുടെ യുവാക്കളോടും ഉന്നത വിദ്യാഭ്യാസം നേടണമെന്നും, വിദ്യാഭ്യാസം കുറവുള്ളവർ തുല്യതാ പരീക്ഷകൾ എഴുതി തങ്ങളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാൻ പ്രോത്സാഹിപ്പിക്കുവാൻ വൈദികർ ശ്രമിക്കണമെന്നും ആവശ്യപ്പെട്ടു. വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്ന യുവതീ യുവാക്കൾ രൂപതയിൽ ക്രമീകരിച്ചിരിക്കുന്ന *Godblessmatrimony* എന്ന വൈബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യുവാനും നിർദ്ദേശിച്ചു.

സിനഡിന്റെ തീരുമാനമനുസരിച്ച് വി.കുർബാനയിൽ വി. യൗസേപ്പിന്റെ നാമം അനുസ്മരിക്കണമെന്ന് രൂപതാ ബുള്ളറ്റിൻ വഴി പ്രസിദ്ധീകരിച്ച കാര്യം പരാമർശിച്ചുകൊണ്ട് പിതാവ് നിർദ്ദേശിച്ചു. ഈ സന്യാസ വർഷത്തിൽ രൂപതാ വൈദികരും സന്യസ്തരും തമ്മിലുള്ള ഐക്യം പരിപോഷിപ്പിക്കപ്പെടുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ക്രമീകരിക്കണം എന്നും ആവശ്യപ്പെട്ടു.

തുടർന്ന് വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചയാണ് നടന്നത്. ആദ്യമായിതന്നെ ചർച്ചക്കെടുത്തത് ഇടവകകളിൽ സേവനം ചെയ്യുന്ന സിസ്റ്റേഴ്സിന് അലവൻസ് നൽകുന്നത് സംബന്ധിച്ചാണ്. മേജർസുപ്പീ

രിയർമാരുടെ സമ്മേളനത്തിൽ വിവിധ കോൺഗ്രിഗേഷനുകളുടെ മേജർ സുപ്പീരിയർമാർ ഈ ആവശ്യം ഉന്നയിച്ചു എന്നും ഈ വിഷയം ഓരോ രൂപതകളിലും ചർച്ചചെയ്യണമെന്ന് 2014 ആഗസ്റ്റ് മാസം നടന്ന സിനഡിൽ തീരുമാനമുണ്ടെന്നും അഭിവന്ദ്യ പിതാവ് അറിയിച്ചു. സുദീർഘമായ ചർച്ചയിൽ അനുകൂലമായും പ്രതികൂലമായും ധാരാളം വിശദാംശങ്ങൾ പരിഗണിക്കുകയും ഉയർന്നുവന്ന വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ ഈ ആശയം രൂപതയുടെ വ്യത്യസ്തമായ യോഗങ്ങളിൽ ചർച്ചക്കെടുക്കാം എന്ന് തീരുമാനിക്കുകയും ചെയ്തു.

തുടർന്ന് സന്യാസവർഷത്തെക്കുറിച്ച് ബഹു. ജനറാളച്ചൻ വിവരിച്ചു. ഇതിനായി തിരഞ്ഞെടുത്തിരിക്കുന്ന കമ്മിറ്റിയെ പരിചയപ്പെടുത്തി. ഇപ്പോൾതന്നെ കാറോസൂസ പ്രാർത്ഥനയിൽ ഉൾപ്പെടുത്തേണ്ട പ്രാർത്ഥനയും സന്യാസ ഭവനങ്ങളിൽ ചൊല്ലുവാനുള്ള പ്രാർത്ഥനയും വിതരണം ചെയ്തിട്ടുണ്ടെന്നും മറ്റ് പ്രാർത്ഥനകൾ ലഹരി വിമുക്തവർഷത്തിന്റെ സമാപനത്തോടെ വിതരണം ചെയ്യും എന്നും അറിയിച്ചു. സന്യാസവർഷത്തിന്റെ രൂപതാതല ഉദ്ഘാടനം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചും ഇടവകാതല ഉദ്ഘാടനം ഓരോ ഇടവകയിൽ വച്ചും ഭംഗിയായി നടന്നു കഴിഞ്ഞതായി യോഗത്തെ അറിയിച്ചു. കമ്മറ്റി മുന്നോട്ടു വച്ചിട്ടുള്ള രൂപതാതല പദ്ധതികൾ ചുരുക്കി അവതരിപ്പിക്കുകയും രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ സന്യസ്തരേയും ഉൾപ്പെടുത്തിക്കൊണ്ട് 2015 മാർച്ച് 14-ാം തീയതി സന്യാസദിനം ആചരിക്കുന്നതിന് പദ്ധതിയിടുന്നുണ്ട് എന്നും അറിയിച്ചു. ഫൊറോന തലത്തിലുള്ള സമർപ്പിതവർഷാചരണ പദ്ധതികൾ ഓരോ ഫൊറോനകളും രൂപം നൽകണമെന്ന് നിർദ്ദേശമുണ്ടായി. ഫൊറോനയിലെ സമർപ്പിത ഭവനങ്ങൾ തമ്മിൽ പ്രാർത്ഥനാ സുഹൃത്തുക്കളെ തിരഞ്ഞെടുക്കുക, ഈ വർഷത്തിൽ ഒരു ഫൊറോനതല സന്യസ്ത സംഗമം നടത്തുക, വൈദികരും സമർപ്പിതഭവനങ്ങളുടെ സുപ്പീരിയർമാരും ഒന്നിച്ച് മാസധ്യാനം സംഘടിപ്പിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ ഉണ്ടായി.

പിന്നീട് രൂപത അസംബ്ലിയെക്കുറിച്ചുള്ള ചർച്ചയാണ് നടന്നത്. 2015 ന്റെ അവസാനമോ ഇപ്പോഴത്തെ പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി തീരുന്നതിനുമുൻപോ ആയി ഒരു എപ്പാർക്കിയൽ അസംബ്ലി നടത്തുവാൻ തീരുമാനിച്ചു. ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ എപ്പാർക്കിയൽ അസംബ്ലിക്കു മുന്നോടിയായി നടത്താൻ ഉദ്ദേശിക്കുന്ന സർവ്വേയെക്കുറിച്ചും അതിനായി തയ്യാറാക്കിയിരിക്കുന്ന ഫോറത്തെക്കുറിച്ചും (Form) വിവരിക്കുകയും പരിചയപ്പെടുത്തുകയും ചെയ്തു. ഇപ്പോഴത്തെ സ്ഥിതിവിവരക്കണക്ക് ലഭ്യമായെങ്കിലേ നാളത്തെക്കുറിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാൻ സാധിക്കുകയുള്ളൂ എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. തയ്യാറാക്കിയിരിക്കുന്ന ഫോറത്തിൽ ഇനി

യെന്തെങ്കിലും കൂട്ടിച്ചേർക്കാൻ ഉണ്ടോ എന്ന് വിവിധ സംഘടനാ ഭാരാവാഹികളുമായി ആലോചിച്ച് അവരുടെ നിർദ്ദേശങ്ങൾ കൂടി സ്വീകരിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തിയശേഷം സർവ്വേ നടത്താൻ തീരുമാനിച്ചു.

ക്രിസ്തുമസ്, ഈസ്റ്റർ മുതലായ തിരുനാളുകളുടെ കുർബാനയുടെയും, ചടങ്ങുകളുടെയും സമയക്രമത്തിൽ വ്യത്യാസം വരുത്തുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുകയും രൂപതയുടെ വിവിധ സമിതികളിൽ ചർച്ച ചെയ്തതിനുശേഷം മാത്രം അനുയോജ്യമായ തീരുമാനങ്ങൾ കൈക്കൊള്ളാം എന്നും തീരുമാനിച്ചു. നിലവിലുള്ള സമയക്രമം വൈദികർ സ്വന്തം ഇഷ്ടമനുസരിച്ച് മാറ്റുന്നത് ശരിയല്ലായെന്ന് പിതാവ് സൂചിപ്പിച്ചു.

സർക്കാരിൽ നിന്ന് ശമ്പളം പറ്റുന്ന തസ്തികകളിൽ ജോലി ചെയ്യുന്ന രൂപതാ വൈദികരുടെയും സ്വാശ്രയ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വൈദികർ (സ്കൂൾ, കോളേജ്), ഇടവകകളിൽ നിന്ന് കിട്ടുന്ന അലവൻസിലും ഉയർന്ന തുക അലവൻസായി സ്വീകരിക്കുന്ന തസ്തികകളിൽ ജോലിചെയ്യുന്ന വൈദികർ, ഇടവകകൾ ഒഴികെയുള്ള സ്ഥാപനങ്ങളിലും സംഘടനകളിലും ശുശ്രൂഷ ചെയ്യുന്ന വൈദികർ എന്നിവരുടെ അലവൻസിനെക്കുറിച്ചും സേവനവേതന വ്യവസ്ഥകളെക്കുറിച്ചും ഇടവകകളോടനുബന്ധിച്ച് രൂപതയുടെ പേരിലും ഉടമസ്ഥതയിലും ഉള്ള സ്ഥലങ്ങൾ, കെട്ടിടങ്ങൾ എന്നിവയിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിന്റെ വിഹിതം സംബന്ധിച്ചുള്ള നിബന്ധനകളെക്കുറിച്ചും യോഗം ചർച്ച ചെയ്യുകയും അവതരിപ്പിച്ച സേവനവേതന വ്യവസ്ഥകളും വരുമാനത്തെ സംബന്ധിച്ചുള്ള നിബന്ധനകളും യോഗം അംഗീകരിക്കുകയും ചെയ്തു. വിദേശത്ത് സേവനം ചെയ്യുന്ന വൈദികർക്കായുള്ള സേവനവേതന വ്യവസ്ഥകൾ കൂടി തയ്യാറാക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

ഡൽഹിയിൽ പള്ളി കത്തിച്ചതിനെതിരെയും വയനാട്ടിൽ മെഡിക്കൽ കോളേജ് വരുവാൻ താമസിക്കുന്നതിനെതിരെയും വയനാട്ടിൽ ഏതാനും ഗ്രമാപഞ്ചായത്തുകൾ കൂടി വേണം എന്ന ആവശ്യം ഉന്നയിച്ചും സമിതിയിൽ പ്രമേയങ്ങൾ പാസാക്കി. ഇത് മീഡിയായ്ക്ക് കൊടുക്കുവാൻ രൂപതാ മീഡിയാ കമ്മീഷൻ ഡയറക്ടർ ബഹു. ബാബു മാപ്ലശേരി അച്ചനെ ചുമതലപ്പെടുത്തുകയും ചെയ്തു.

ബഹു. മൂലയിലച്ചൻ രചിച്ച *ക്യാൻസർ രോഗികളോട് അവരിലൊരാൾ* എന്ന പുസ്തകം അഭിവന്ദ്യ പിതാവ് ജനറാളച്ചന് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. 2 മണിക്ക് പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

**ഫാ. ജോസഫ് പരുവുമ്മേൽ**
സെക്രട്ടറി, പ്രസ്ബിറ്ററൽ കൗൺസിൽ

# ലഹരിവിമുക്ത വർഷാചരണം
## 2014-2015

**രൂപതാ സെൻട്രൽ കമ്മറ്റിയോഗം**

മാനന്തവാടി രൂപത ലഹരി വിമുക്ത വർഷാചരണ സെൻട്രൽ കമ്മറ്റിയോഗം ഡിസംബർ 13 ന് പാസ്റ്ററൽ സെന്ററിൽ ചേർന്നു. റവ. ഫാ. സണ്ണി മഠത്തിൽ നയിച്ച പ്രാർത്ഥനയോടെ യോഗനടപടികൾ ആരംഭിച്ചു. വർക്കിംഗ് ചെയർമാൻ ഫാ. സണ്ണി മഠത്തിൽ സ്വാഗതം പറഞ്ഞു. ചെയർമാൻ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ അധ്യക്ഷത വഹിച്ചു. രൂപതയുടെ ലഹരിവിമുക്ത വർഷാചരണത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തി സംസാരിക്കുകയും നാളിതുവരെയുള്ള വരവ് ചെലവ് കണക്ക് അവതരിപ്പിക്കുകയും ചെയ്തു. ലഹരിവിമുക്ത വർഷാചരണത്തിന്റെ പ്രവർത്തന ഫണ്ടിലേക്ക് നടത്തിയ ഞായർ പിരിവ് 90 ഇടവകകൾ നൽകിയെന്നും 62 ഇടവകകൾ ഇനിയും നൽകാനുണ്ടെന്നും അച്ചൻ സൂചിപ്പിച്ചു.

തുടർന്ന് രൂപത പ്രവർത്തന റിപ്പോർട്ട് രൂപത സെക്രട്ടറി ജോൺസൺ തൊഴുത്തുങ്കൽ അവതരിപ്പിച്ചു. റിപ്പോർട്ടിനെപ്പറ്റി പൊതു ചർച്ച നടത്തി. തുടർന്ന് വിവിധ ഫൊറോനകളിലെ റിപ്പോർട്ട് ഫൊറോന ഭാരവാഹികൾ അവതരിപ്പിച്ചു.

**റിപ്പോർട്ട് അവതരിപ്പിച്ചവർ**

| | | |
|---|---|---|
| മണിമൂളി | - | ശ്രീ. റോയി ജോർജ്ജ് |
| മുള്ളൻകൊല്ലി | - | റവ. ഫാ. തോമസ് തൈക്കുന്നുംപുറം |
| ബത്തേരി | - | സി. ബ്ലസി SH |
| ചുങ്കക്കുന്ന് | - | ശ്രീ. ബിജു പോൾ |
| കല്ലോടി | - | സി. മേഴ്സി |
| ഗൂഡല്ലൂർ | - | സി. ജാൻസി പോൾ SH |
| നിലമ്പൂർ | - | സി. സാലി ആൻസ് |

തുടർന്ന് റിപ്പോർട്ടിന്മേൽ പൊതു ചർച്ച നടന്നു. ഫെയ്സ് ബുക്ക്, ടിറ്റർ എന്നിവയിൽ കൂടുതൽ സജീവമായി ലഹരിവിമുക്ത സന്ദേശം പ്രചരിപ്പിക്കുവാൻ കൂടുതൽ യുവജനങ്ങളെ പ്രേരിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട തോമസ് തൈക്കുന്നുംപുറത്തിലച്ചൻ നിർദ്ദേശിച്ചു. 'എ. എ' കൂട്ടായ്മകൾ സജീവമാക്കുവാനും തുടർ പ്രവർത്തനം കാര്യക്ഷമമാക്കുവാനും നിർദ്ദേശങ്ങളുണ്ടായി.

ലഹരിവിമുക്ത വർഷാചരണ സമാപന പരിപാടികളെപ്പറ്റിയും തുടർ പരിപാടികളെപ്പറ്റിയും തീരുമാനങ്ങൾ കൈക്കൊണ്ടു.

**തീരുമാനങ്ങൾ**

1. ലഹരിവിമുക്ത വർഷാചരണ സമാപനം 2015 ഫെബ്രുവരി 27 ന് പാസ്റ്ററൽ സെന്ററിലെ സീയോൻ ഓഡിറ്റോറിയത്തിൽ രാവിലെ 10 മുതൽ 1.30 വരെ നടത്തുക.
2. സമാപനത്തിൽ രൂപതയിലെ എല്ലാ വൈദികരും ഇടവക ലഹരി വിമുക്ത വർഷാചരണ കമ്മറ്റി കൺവീനർ, ആനിമേറ്റർ എന്നിവർ പങ്കെടുക്കുക.
3. സമാപനത്തിൽ ഇടവകയിൽ ലഹരിവിമുക്തരായവരെയും അവരുടെ ഭാര്യമാരെയും 'എ. എ' കൂട്ടായ്മയിൽ പങ്കെടുക്കുന്നവരെയും അവ രുടെ ഭാര്യമാരെയും ആദരിക്കുകയും പങ്കെടുപ്പിക്കുകയും ചെയ്യുക.
4. രൂപത പരിധിക്കുള്ളിലുള്ള ലഹരിവിമുക്ത ചികിത്സാ കേന്ദ്രം ഭാരവാഹികളെ ക്ഷണിക്കുകയും ആദരിക്കുകയും ചെയ്യുക.
5. മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്ന മൂന്ന് ഫൊറോനകളെയും 3 ഇടവകകളെയും ആദരിക്കുക.
6. ഇടവകയിൽ നിന്ന് പങ്കെടുക്കുന്നവരുടെ എണ്ണം ജനുവരി 15 ന് മുമ്പ് രൂപതാ ഓഫീസിൽ അറിയിക്കുക.
7. ഇടവകാതല സമാപനം മാർച്ച് 1 ന് നടത്തുക.
8. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റുകൾ എല്ലാ ഇടവ കയിലും ആരംഭിക്കുക.
9. ഇടവകയിൽ മറ്റു മതസ്ഥരെയും സാമൂഹിക സാംസ്കാരിക പ്രവർത്തകരെയും ഉൾപ്പെടുത്തി ജാഗ്രതാ സമിതികൾ രൂപീകരി ക്കുക.
10. രൂപതാ ലഹരിവിമുക്ത വർഷാചരണ സമാപനത്തിൽ വിശിഷ്ട വ്യക്തികളെ ക്ഷണിക്കുക.

സെൻട്രൽ കമ്മറ്റി യോഗത്തിൽ മുഴുവൻ സമയം പങ്കെടുത്ത ചുങ്കക്കുന്ന് ഫൊറോന ഡയറക്ടർ ജോജോ ചങ്ങനാംതുണ്ടത്തിലച്ചനും മുള്ളൻകൊല്ലി ഫൊറോന ഡയറക്ടർ തോമസ് തൈക്കുന്നുംപുറത്തി ലച്ചനും കല്ലോടി ഫൊറോന ഡയറക്ടർ സെബാസ്റ്റ്യൻ ഇലവനപ്പാറ യിലച്ചനും പ്രത്യേകം നന്ദി അറിയിക്കട്ടെ. ഏറെ തിരക്കുകൾക്കിടയിലും സെൻട്രൽ കമ്മറ്റിയോഗത്തിൽ പങ്കെടുത്ത ബഹു. സിസ്റ്റേഴ്സ്, അല്മായ നേതാക്കൾ എന്നിവർക്ക് പ്രത്യേക അഭിനന്ദനവും നന്ദിയും അറി യിക്കുന്നു. സെൻട്രൽ കമ്മറ്റി യോഗനടപടികൾക്ക് കൺവീനർ ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ആനിമേറ്റർ റവ. സി. ജോവിറ്റ FCC എന്നി വർ നേതൃത്വം നൽകി. കൺവീനർ ഏവർക്കും നന്ദി പ്രകാശിപ്പിച്ചു.

**രൂപത എക്സിക്യൂട്ടീവ് യോഗം**

രൂപത എക്സിക്യൂട്ടീവ് യോഗം ഡിസംബർ 7 ന് പാസ്റ്ററൽ സെന്ററിൽ, ചെയർമാൻ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ അച്ചന്റെ അധ്യക്ഷതയിൽ ചേർന്ന്, സെൻട്രൽ കമ്മറ്റി യോഗത്തിൽ അവതരിപ്പിക്കേണ്ട കാര്യങ്ങൾ ചർച്ച ചെയ്തു.

**ലഹരിവിമുക്തവർഷാചരണ ഇടവക സമാപനം**

2015 മാർച്ച് 1 ന് ഞായറാഴ്ച ഇടവകകളിൽ വർഷാചരണ സമാപനം നടക്കുന്നു. ഇടവക സമാപനത്തെപ്പറ്റി സെൻട്രൽ കമ്മറ്റി നിർദ്ദേശങ്ങൾ:

**2015 ഫെബ്രുവരി 27 വെള്ളി**

രൂപതയിലെ എല്ലാ ഭവനങ്ങളിലും വൈകുന്നേരം 6 നും 8 നും ഇടക്ക് കുരിശിന്റെ വഴി പ്രാർത്ഥന, ലഹരിവിമുക്ത പ്രാർത്ഥന.

**2015 ഫെബ്രുവരി 28 ശനി**

രൂപതയിലെ എല്ലാ വാർഡുകളിലും വൈകുന്നേരം 6.30 ന് കുരിശിന്റെ വഴി, പ്രാർത്ഥന, സന്ദേശം.

**2015 മാർച്ച് 1 ഞായർ**

എല്ലാ ഇടവകകളിലും കുരിശിന്റെ വഴി, വി. ബലി, 1 മണിക്കൂർ ആരാധന, ഇടവക ഭാരവാഹികളെ ആദരിക്കൽ, മദ്യവിമുക്തരെ ആദരിക്കൽ.

**വർഷാചരണസമാപനം**

2015 ഫെബ്രുവരി 27 ന് വെള്ളിയാഴ്ച നടത്തുന്ന സമാപന സമ്മേളനത്തിൽ എല്ലാ വൈദികരും ഇടവക ആനിമേറ്റർമാരും കൺവീനർമാരും ലഹരിവിമുക്തരും 'എ.എ' കൂട്ടായ്മയിൽ പങ്കെടുക്കുന്നവരും അവരുടെ ഭാര്യമാരും പങ്കെടുക്കുവാനുള്ള ഒരുക്കങ്ങൾ നടത്തുമല്ലോ.

**ഫൊറോന വാർത്തകൾ - മണിമൂളി**

നവംബർ 8 മുതൽ 12 വരെ ലഹരിവിമുക്ത വചനാഭിഷേക ധ്യാനം നടത്തി. മണിമൂളി പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്ന ധ്യാനത്തിൽ സിഞ്ചല്ലൂസ് വെരി. റവ. ഫാ. ജെയിംസ് കുറ്റിമാക്കൽ, റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ, റവ. ഫാ. ടോമി പുത്തൻപുര, ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രം ടീം അംഗങ്ങളായ ബ്രദർ രവി തോമസ്, ബ്രദർ സാവിയോ എന്നിവർ ധ്യാനചിന്തകൾ നൽകി. 55 പേർ പങ്കെടുത്തു.

നവംബർ 8 ന് ലഹരിവിമുക്ത വചനാഭിഷേക ഏകദിന കൺവെൻഷൻ മണിമൂളി പാസ്റ്ററൽ സെന്ററിൽ നടത്തി. ലഹരിയിൽ നിന്ന് വിമുക്തനായ ബ്രദർ രവി തോമസ് പ്രസംഗിച്ചു.

മണിമൂളി മേഖലയിൽ 9-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി ധ്യാനം സംഘടിപ്പിച്ചു. 10 ഇടവകയിൽ നിന്നായി 125 വിദ്യാർത്ഥികൾ പങ്കെ

ടുത്തു. ഭരണങ്ങാനം അസ്സീസി ധ്യാന കേന്ദ്രത്തിലെ ബ്രദർ രവി തോമസ് & ടീം ധ്യാനം നയിച്ചു.

**ബത്തേരി ഫൊറോന**

എല്ലാ മാസവും ഫൊറോന കമ്മറ്റി ചേരുന്നു. മൂലങ്കാവ്, അമ്പലവയൽ, ചുള്ളിയോട്, വടക്കനാട് എന്നീ ഇടവകകളിൽ 'എ. എ' ഗ്രൂപ്പ് സജീവമാണ്. മദ്യപാന രോഗികളെ ചികിത്സക്കും കൗൺസിലിംഗിനും ധ്യാനത്തിനും പറഞ്ഞയയ്ക്കുന്നു. 'ലഹരിയിൽ തകരുന്ന ജീവിതങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കി കൊളാഷ് മത്സരം നടത്തി. 62 കൊളാഷുകളാണ് മത്സരത്തിനായി വന്നത്. അതിൽ 40 എണ്ണം തെരഞ്ഞെടുത്ത് ബത്തേരി ഫൊറോനയിലെ ഇടവകകളിലൂടെ കൊളാഷ് പ്രയാണം നടത്തുന്നു. 2014 ഡിസംബർ 7 മുതൽ 2015 മാർച്ച് 1 വരെ കൊളാഷ് പ്രയാണം നടത്തും.

ലഹരിവിമുക്ത വർഷാചരണത്തിന്റെ ഭാഗമായി ഡിസംബർ 7-ന് ഞായർ 2 മണി മുതൽ ഫൊറോന സംഗമം നടന്നു. 220 പേർ പങ്കെടുത്തു. ഇടവക കൺവീനർമാർ, വാർഡ്പ്രതിനിധികൾ, ആനിമേറ്റർമാർ, വനിത പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ബഹു. ഫൊറോന വികാരി സ്റ്റീഫൻ കോട്ടയ്ക്കൽ അച്ചൻ അധ്യക്ഷത വഹിച്ചു. സെമിനാറിൽ മുക്തി ഡി അഡിക്ഷൻ സെന്ററിലെ ചാക്കോ സാർ ക്ലാസ്സ് നയിച്ചു. ഫൊറോന ഡയറക്ടർ റവ. ഫാ. സോണി വടയാപറമ്പിൽ, ആനിമേറ്റർ സി. ബ്ലസി ജോസ് SH, കൺവീനർ തോമസ് വല്ലപ്രായിൽ എന്നിവർ നേതൃത്വം നൽകി.

**ചുങ്കക്കുന്ന്**

എല്ലാ മാസവും രണ്ടാമത്തെ ഞായറാഴ്ച ഫൊറോന കൗൺസിൽ ചേരുന്നു. ഇടവകകളിൽ ലഹരിവിതയ്ക്കുന്ന വിപത്തിനെപ്പറ്റി ബോധവൽക്കരണ ക്ലാസ്സുകൾ നയിച്ചു. ഒക്ടോബർ 20 ന് മേഖലയിലെ യുവജനങ്ങൾക്കായി ജാഗരണപ്രാർത്ഥന നടത്തി 400 യുവജനങ്ങൾ പങ്കെടുത്തു. എല്ലാ ഇടവകകളിലും 'എ. എ' കൂട്ടായ്മ നല്ല രീതിയിൽ നടക്കുന്നു.

**നിലമ്പൂർ ഫൊറോന**

ഒക്ടോബർ 31 ന് മേഖല കൺവെൻഷൻ നടത്തി. ഇടവകകളിലെ ആനിമേറ്റർ, കൺവീനർ, വാർഡ്തല പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. മേഖല ഡയറക്ടർ റവ. ഫാ. സജി പുതുകുളങ്ങര ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ. ഫാ. സണ്ണി മഠത്തിൽ അധ്യക്ഷത വഹിച്ചു. മേഖലയിലെ വിവിധ ഇടവകകളിൽ നിന്നായി 85 പ്രതിനിധികൾ പങ്കെടുത്തു. റവ. ഫാ. സണ്ണി മഠത്തിൽ ക്ലാസ്സ് നയിച്ചു. നിലമ്പൂർ അസി. വികാരി റവ. ഫാ. അനീഷ് കാട്ടാത്ത്, കൺവീ

നർ സുനിൽ മുക്കാട്ട്, ആനിമേറ്റർ സി. സാലി CMC എന്നിവർ നേതൃത്വം നൽകി.

**ഇടവക പ്രവർത്തനങ്ങൾ - പൂക്കോട്ടുംപാടം**

റവ. ഫാ. സെബാസ്റ്റ്യൻ ഉണ്ണിപ്പിള്ളിയുടെ നേതൃത്വത്തിൽ സജീവമായി പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നു. ബോധവൽക്കരണ ക്ലാസ്സ് നടത്തി. വികാരിയച്ചൻ കുടുംബ സന്ദർശനം നടത്തി. ഡിബേറ്റ്, കവിതാരചന, കഥാരചന, ചിത്രരചന എന്നിവ നടത്തി. ബൈബിൾ വാക്യം പ്ലെ കാർഡുകളാക്കി റാലി നടത്തി. ആരോഗ്യ വകുപ്പുമായി ചേർന്ന് ടെലിഫിലിം പ്രദർശനം നടത്തി.

**വള്ളിക്കെട്ട്**

മദ്യാസക്തർക്കായി പ്രത്യേക പ്രാർത്ഥന, വിദ്യാർത്ഥികളുടെ ലഹരിവിരുദ്ധ തിരുവചന സന്ദേശം, ഭക്തസംഘടനകളുടെ നേതൃത്വത്തിൽ വിവിധ മത്സരങ്ങൾ, ചെയിൻ റോസറി എന്നിവ നടത്തി.

**ഇടിവണ്ണ**

ചെയിൻ റോസറി, അമ്മമാരുടെ പ്രാർത്ഥനാ ഗ്രൂപ്പ്, ക്ലാസ്സുകൾ, വിവിധ മത്സരങ്ങൾ എന്നിവ നടത്തി.

**മുട്ടിയേൽ**

MSMI സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ മരിയൻ ധ്യാനം, കൗൺസിലിംഗ്, ഗ്രൂപ്പ് ഷെയറിംഗ്, അഭിഷേക പ്രാർത്ഥന, ഉപവാസ യജ്ഞം എന്നിവ നടത്തി.

**മൂലേപ്പാടം**

വി. ബലിക്ക് മുൻപ് അര മണിക്കൂർ ആരാധന, കുട്ടികളുടെ ലഹരി വിമുക്തസന്ദേശം, വാർഡ്യോഗങ്ങളിൽ പ്രത്യേക പ്രാർത്ഥന, ടെലിഫിലിം പ്രദർശനം എന്നിവ നടത്തി.

**പൂളപ്പാടം**

റവ. ഫാ. സജി പുതുക്കുളങ്ങരയുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഊർജ്ജസ്വലതയോടെ മുന്നേറുന്നു. അഖണ്ഡ ജപമാല, അഖണ്ഡ ഉപവാസ പ്രാർത്ഥന എന്നിവ തുടരുന്നു. ടെലി ഫിലിം പ്രദർശനം നടത്തി. 'എ. എ' കൂട്ടായ്മയിൽ കൂടുതൽ അംഗങ്ങൾ ചേരുന്നു.

**റൂബിനഗർ**

മാതൃസംഘത്തിന്റെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചയും ഉപവാസം, പ്രാർത്ഥനാ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ കരുണകൊന്ത, കുട്ടികളുടെ സന്ദേശം.

**നിലമ്പൂർ**

ചെയിൻ റോസറി, ചെയിൻ ഫാസ്റ്റിംഗ്, സി.എം.എൽ. ന്റെ നേതൃത്വത്തിൽ 20 കുട്ടികളുടെ ലഹരിവിരുദ്ധ സേന, ലഹരിവിരുദ്ധ പ്രസംഗം, കഥ, കവിത, ചിത്രരചന, മത്സരങ്ങൾ നടത്തി.

**ചുങ്കക്കുന്ന്**

'എ.എ' കൂട്ടായ്മ ശക്തിപ്പെടുത്തി. നവംബർ 9, 30 തീയതികളിൽ പിതാക്കന്മാർക്കായി അർദ്ധദിന സെമിനാർ ശ്രീ. തോമസ് ഏറണാട്ട് ക്ലാസ്സ് നയിച്ചു. 800 ൽ പരം ആളുകൾ പങ്കെടുത്തു.

**നെടുമ്പാല**

അമ്മമാരുടെ നേതൃത്വത്തിൽ സഹന ജപമാല, ഗ്രൂപ്പ് അടിസ്ഥാനത്തിൽ കൊളാഷ് മത്സരം, എന്നിവ നടത്തി. ബഹു. സണ്ണി മഠത്തിലച്ചൻ ഇടവക സന്ദർശനം നടത്തുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

**മരുത**

എല്ലാ ഞായറാഴ്ചയും ജപമാല, ഒക്ടോബർ 2, 9, 26, 23, 30 തീയതികളിൽ സെമിനാർ, ലഹരി വിരുദ്ധ ഫാമിലി ക്വിസ്സ് (39 കുടുംബങ്ങളിൽ 35 കുടുംബങ്ങൾ പങ്കെടുത്തു).

**അമ്പലവയൽ**

11 പേർ ലഹരി വിമോചന ധ്യാനത്തിൽ പങ്കെടുത്തു. 5 പേർ ഡി അഡിക്ഷൻ സെന്ററിൽ ചികിത്സയ്ക്ക് പോയി. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് സെമിനാർ നടത്തി. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഭവനസന്ദർശനം നടത്തുന്നു.

**ചിത്രഗിരി**

പോസ്റ്റർ നിർമ്മാണ മത്സരം, കയ്യെഴുത്ത് മാസിക നിർമ്മാണം എന്നിവ നടത്തി, കൊളാഷ് മത്സരത്തിൽ പങ്കെടുത്തു.

**നെല്ലിയോടി**

മദ്യവിൽപ്പന നടത്തുന്ന ഒരാളെ അത് ഉപേക്ഷിപ്പിക്കുവാൻ സാധിച്ചു. 5 യുവാക്കളെ ധ്യാനത്തിൽ പങ്കെടുപ്പിച്ചു. എല്ലാ ഞായറാഴ്ചയും ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധന.

**വഞ്ഞോട്**

ഡിസംബർ 16 ന് മുതിർന്നവർക്കും കുട്ടികൾക്കും സെമിനാർ നടത്തി. രൂപതാ സെക്രട്ടറി ജോൺസൻ തൊഴുത്തുങ്കൽ ക്ലാസ്സ് നയിച്ചു.

**മികച്ച ഫൊറോന - ഇടവക**

മികച്ച ലഹരിവിമുക്ത പ്രവർത്തനം കാഴ്ചവെച്ച 3 ഇടവകകളെയും 3 ഫൊറോനകളെയും ആദരിക്കുന്നു. അയച്ചുതരുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പുകൾ. ദയവായി റിപ്പോർട്ടുകൾ, ഫോട്ടോകൾ എന്നിവ അയച്ച് തരിക. ഇതുവരെയുള്ള റിപ്പോർട്ടും ഫോട്ടോയും ജനുവരി 10 ന് മുമ്പ് എത്തിക്കുക.

**തിരുനാളുകളോടനുബന്ധിച്ച് എക്സിബിഷൻ**

ഇടവക തിരുനാളുകളോടനുബന്ധിച്ച് ലഹരിവിരുദ്ധ എക്സിബിഷൻ നടത്താവുന്നതാണ്. എക്സിബിഷനുള്ള വസ്തുക്കൾ, ചിത്ര

ങ്ങൾ എന്നിവ ഇടവകയ്ക്ക് ശേഖരിക്കാവുന്നതാണ്. കുറച്ച് ചിത്രങ്ങൾ, പോസ്റ്ററുകൾ എന്നിവ രൂപതാ കേന്ദ്രം തയ്യാറാക്കുന്നതാണ്. ആവശ്യമുള്ളവർ നേരത്തെതന്നെ രൂപതാ ഓഫീസുമായി ബന്ധപ്പെടുക.

**രൂപതാ ഡയറക്ടറുടെ ഇടവക സന്ദർശനം**

ഡിസംബർ 7 - കുറുമ്പാലക്കോട്ട
ഡിസംബർ 14 - കടൽമാട്
ഡിസംബർ 20 - അരിഞ്ചേർമല
ഡിസംബർ 28 - പഴൂർ

**സെമിനാറുകൾ - സമ്മേളനങ്ങൾ**

ഡിസംബർ 05 - കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന വാർഷിക സമ്മേളനം
ഡിസംബർ 11 - മുക്തി വാർഷിക സമ്മേളനം
ഡിസംബർ 13 - നടവയൽ മേഖല സെമിനാർ, പനമരം
ഡിസംബർ 14 - SWS യൂണിറ്റ് ലഹരിവിരുദ്ധ റാലി പൊതുസമ്മേളനം, പയ്യമ്പള്ളി
ഡിസംബർ 14 - വഞ്ഞോട് മാതാപിതാക്കൾക്ക് സെമിനാർ, കുട്ടികൾക്ക് ഓഡിയോ വിഷൽ പ്രോഗ്രാം

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ സെക്രട്ടറി, ലഹരിവിമുക്തവർഷം

---

## വൈദികരുടെ മാസധ്യാനം

**നീലഗിരി റീജിയൻ**

നീലഗിരി റീജിയണിലെ വൈദികരുടെ മാസധ്യാനം ഡിസംബർ 9-ാം തീയതി മച്ചിക്കൊല്ലി സെന്റ് ജോസഫ് ദേവാലയത്തിൽവച്ച് നടത്തപ്പെട്ടു. പതിനൊന്ന് അച്ചന്മാർ ധ്യാനത്തിൽ സംബന്ധിച്ചു. ഫാ. സജി ഇളയിടത്ത് ധ്യാനചിന്തകൾ പങ്കുവയ്ക്കുകയും ആരാധനയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു.

- ഒരു Regional Centre - ഗൂഡല്ലൂർ ടൗണിനോട് ചേർന്ന് എവിടെയെങ്കിലും ഉണ്ടാകണം എന്ന് യോഗം നിർദ്ദേശിച്ചു.
- മേഖലാ സിഎംഎൽ ന്റെ ആഭിമുഖ്യത്തിൽ ലഹരിവിമുക്ത ബൈക്ക് റാലി നടത്താൻ തീരുമാനിച്ചു.
- സിൽവൽ ജൂബിലി ആഘോഷിക്കുന്ന അച്ചന്മാരെ രൂപതാ ദിനത്തിൽ വിളിച്ച് ആദരിക്കണം എന്നുള്ള ഒരു നിർദ്ദേശം അച്ചന്മാർ ഉന്നയിച്ചു. അടുത്ത മാസധ്യാനം മണ്ണുവയൽ പള്ളിയിൽ വച്ച് നടത്താൻ തീരുമാനിച്ചു.

**ഫാ. അലക്സ് കളപ്പുര** - (സെക്രട്ടറി)

# ബൈബിൾ അപ്പോസ്റ്റലേറ്റ്

**സബ്സിഡി നിരക്കിൽ ബൈബിൾ**

KCBC Bible Commission നൽകുന്ന സബ്സിഡി നിരക്കിലുള്ള സമ്പൂർണ്ണ Bible - ന്റെ ഏതാനും കോപ്പികൾ 95/- രൂപയ്ക്കും, 85/- രൂപയ്ക്കും രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് ഓഫീസിൽ ലഭ്യമാണ്. ഇടവകകളിൽ സാമ്പത്തിക പ്രയാസമുള്ളവർക്കാണ് സൗജന്യ നിരക്കിലുള്ള ബൈബിൾ നൽകുക. ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**ലോഗോസ് ക്വിസ് 2014 -ൽ ഏറ്റവും കൂടുതൽ മാർക്ക് നേടി സമ്മാനാർഹരായ മാതൃസംഘാംഗങ്ങൾ**

| | | |
|---|---|---|
| ലിസ്സി ജോർജ്ജ് വട്ടുകുളത്തിൽ | - ചുങ്കക്കുന്ന് | I |
| ഗ്രേസി പോൾ വലിയാമറ്റം | - ചുങ്കക്കുന്ന് | I |
| ജിജി തോമസ് മണക്കാട്ട് | - ചുങ്കക്കുന്ന് | II |
| വൽസമ്മ ബേബി മഠത്തിൽ | - മീനങ്ങാടി | III |

**കുടുംബം**

| | | |
|---|---|---|
| തോമസ് മണക്കാട്ട് & ഫാമിലി | - ചുങ്കക്കുന്ന് | I |
| ജോയ് കണിപറമ്പിൽ & ഫാമിലി | - ചുങ്കക്കുന്ന് | II |
| തോമസ് നല്ലൂർ & ഫാമിലി | - ചുങ്കക്കുന്ന് | III |

**ഏറ്റവും കൂടുതൽ പേർ രജിസ്റ്റർ ചെയ്ത ഇടവകകൾ**

1. കൊട്ടിയൂർ, 2. ബത്തേരി, 3. ചുങ്കക്കുന്ന്

**രജിസ്റ്റർ ചെയ്തതിൽ ഏറ്റവും കൂടുതൽ പേർ പരീക്ഷ എഴുതിയ ഇടവകകൾ**

1. ബർളിയാർ, 2. കരിമാനി, 3. തെനേരി

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

**ബഹു. വികാരിയച്ചന്മാരുടെയും പ്രധാനാധ്യാപകരുടെയും സംയുക്ത സമ്മേളനം**

മുൻകൂട്ടി അറിയിച്ചതുപോലെ ജനുവരി 10 ശനിയാഴ്ച രാവിലെ 10.00 മണി മുതൽ ഉച്ചകഴിഞ്ഞ് 2.00 മണി വരെ ബഹു. വികാരിയച്ചന്മാരുടെയും പ്രധാനാധ്യാപകരുടെയും സംയുക്ത സമ്മേളനം ദ്വാരക പാസ്റ്ററൽ സെന്ററിൽ നടക്കുന്നു. കൃത്യസമയത്ത് എല്ലാവരും എത്തിച്ചേരുമല്ലോ.

**ഫൊറോന സെക്രട്ടറിമാരുടെ സമ്മേളനം**

ജനുവരി 10 ന് ശനിയാഴ്ച പ്രധാനാധ്യാപക സമ്മേളനത്തിന് ശേഷം ഫൊറോന സെക്രട്ടറിമാരുടെ സമ്മേളനം ഉണ്ടായിരിക്കും. സെക്രട്ടറിമാർ ശ്രദ്ധിക്കുമല്ലോ.

**HCC (+1, +2) പരീക്ഷ ഫെബ്രുവരി 8 ന്**

കാലിക്കറ്റ് യൂണിവേഴ്സിറ്റി ചെയർ ഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസ് നടത്തുന്ന HCC (+1, +2) പരീക്ഷകൾ ഫെബ്രുവരി 8 ന് ഞായറാഴ്ച രാവിലെ 10.00 മണി മുതൽ 1.00 മണി വരെ നടത്തുന്നതാണ്. HM, PP സമ്മേളനത്തിന് വരുമ്പോൾ രൂപതാ ഓഫീസിൽ നിന്നും പരീക്ഷ എഴുതുവാൻ യോഗ്യരായ കുട്ടികളുടെ ഹാൾ ടിക്കറ്റ് പ്രധാനാധ്യാപകർ വാങ്ങേണ്ടതാണ്. പരീക്ഷയ്ക്കുവേണ്ട സഹായവും ക്രമീകരണങ്ങളും പരീക്ഷാ കേന്ദ്രത്തിലെ ബഹു. വികാരിയച്ചനും, മേഖലാ ഡയറക്ടറും മേഖലാ ടീം അംഗങ്ങളുമാണ് ഒരുക്കുന്നത്.

**പരീക്ഷാ സെന്ററുകൾ**

| | | |
|---|---|---|
| 1. ബത്തേരി ഫൊറോന | – | ബത്തേരി |
| 2. ചുങ്കക്കുന്ന് ഫൊറോന | – | കൊട്ടിയൂർ |
| 3. നീലഗിരി റീജിയൺ | – | അരുൾ നിലയം |
| 4. കല്ലോടി ഫൊറോന | – | കല്ലോടി, ദ്വാരക, മക്കിയാട് |

(ഈ സെന്ററുകളിൽ എത്തേണ്ട ഇടവകകൾ ഏതെന്ന് HM സമ്മേളനത്തിൽ അറിയിക്കും)

5. കല്പറ്റ ഫൊറോന - കല്പ്പറ്റ
6. മാനന്തവാടി ഫൊറോന - മാനന്തവാടി കത്തീഡ്രൽ
7. മണിമൂളി ഫൊറോന - മണിമൂളി
8. മുള്ളൻകൊല്ലി ഫൊറോന - മുള്ളൻകൊല്ലി
9. നടവയൽ ഫൊറോന - നടവയൽ, ചുണ്ടക്കര, ചെറുകാട്ടൂർ

(ഈ സെന്ററുകളിൽ എത്തേണ്ട ഇടവകകൾ ഏതെന്ന് HM സമ്മേളനത്തിൽ അറിയിക്കും)

10. നിലമ്പൂർ ഫൊറോന - നിലമ്പൂർ
11. പയ്യമ്പള്ളി ഫൊറോന - പയ്യമ്പള്ളി
12. തരിയോട് ഫൊറോന - തരിയോട്

**പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച്**

1. പരീക്ഷാ നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം മേഖലാ ഡയറക്ടർമാരുടെ നേതൃത്വത്തിൽ മേഖലാ ടീം അംഗങ്ങൾക്കായിരിക്കും. പരീക്ഷാ സെന്ററിലെ ബഹു. വികാരിയച്ചനുമായി ആലോചിച്ച് ആവശ്യമായ ഒരുക്കങ്ങൾ ചെയ്യേണ്ടതാണ്.
2. പരീക്ഷാ സമയത്തിന് മുമ്പ് കുട്ടികളുടെ രജിസ്റ്റർ നമ്പർ എഴുതി പരീക്ഷാ ഹാൾ ക്രമീകരിക്കേണ്ടതാണ്.
3. പരീക്ഷാ സമയം കൃത്യമായി പാലിക്കേണ്ടതാണ്. പരീക്ഷതുടങ്ങി അരമണിക്കൂർ കഴിഞ്ഞുവരുന്ന പരീക്ഷാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കേണ്ടതില്ല. അതുപോലെതന്നെ പരീക്ഷാ സമയം തീരുന്നതിന് അര മണിക്കൂർ മുമ്പ് ഹാളിന് പുറത്തുപോകുവാൻ അനുവദിക്കേണ്ടതില്ല.
4. പരീക്ഷ കഴിഞ്ഞ് മേഖലാ ഡയറക്ടറുടെ സാന്നിധ്യത്തിൽ ഉത്തരക്കടലാസുകൾ എണ്ണിത്തിട്ടപ്പെടുത്തി, രജിസ്റ്റർ നമ്പറിന്റെ ക്രമപ്രകാരം അടുക്കി പായ്ക്ക് ചെയ്ത് മതബോധന കേന്ദ്രത്തിൽ എത്തിക്കണം.
5. പരീക്ഷാർത്ഥിയുടെ കൈവശം ഹാൾടിക്കറ്റ് ഉണ്ടായിരിക്കണം. ഹാൾടിക്കറ്റ് ഇല്ലാത്തവരെ പരീക്ഷ എഴുതാൻ അനുവദിക്കേണ്ടതില്ല.
6. പരീക്ഷ എഴുതുവാനുള്ള ആൻസർ ബുക്ക്, അഡീഷണൽ ഷീറ്റ് തുടങ്ങിയവ യൂണിവേഴ്സിറ്റി സീലോടുകൂടി നൽകുന്നതാണ്. സീലില്ലാത്ത പേപ്പറുകൾ മൂല്യനിർണ്ണയം ചെയ്യുന്നതല്ല.

## HDC പരീക്ഷകൾ

HDC എഴുത്തു പരീക്ഷ ഫെബ്രുവരി 7-ാം തീയതി രാവിലെ 10.00 മണി മുതൽ ഉച്ചകഴിഞ്ഞ് 1.00 മണി വരെ രൂപതാ മതബോധന കേന്ദ്രത്തിലും മണിമൂളി പാസ്റ്ററൽ സെന്ററിലും വച്ച് നടത്തപ്പെടുന്നതാണ്. HDC വാചാപരീക്ഷ ഫെബ്രുവരി 21, 22 തീയതികളിൽ ദ്വാരകയിലും ഫെബ്രുവരി 28 ന് മണിമൂളി പാസ്റ്ററൽ സെന്ററിലും വച്ച് നടത്തപ്പെടുന്നു.

**+ 2 സംഗമം**

+ 2 വിദ്യാർത്ഥികളുടെ സംഗമം ഡിസംബർ 7 ന് തരിയോട് മേഖലയിലും ഡിസംബർ 13 ന് കല്ലോടി മേഖലയിലും ഡിസംബർ 21-ന് നീലഗിരി റീജിയണിലും നടത്തപ്പെട്ടു. പങ്കെടുത്ത കുട്ടികൾക്ക് അഭിനന്ദനങ്ങൾ. മേഖലയിൽ സംഗമം ഭംഗിയായി ക്രമീകരിച്ച മേഖല ഡയറക്ടർമാരായ ബഹു. തോമസ് ചേറ്റാനി അച്ചനും ബഹു. സെബാസ്റ്റ്യൻ ഇലവനപ്പാറ അച്ചനും നീലഗിരി റീജിയൻ മതബോധന ഡയറക്ടറായ ബഹു. കുര്യൻ മണിക്കുറ്റി അച്ചനും മേഖലാ സെക്രട്ടറിമാർക്കും അധ്യാപകർക്കും നന്ദി.

+2 സംഗമത്തിന് ക്ലാസ്സുകളും ചർച്ചകളും നയിച്ച രൂപതാ ടീം അംഗങ്ങളായ ശ്രീ. സജി നരിവേലിൽ, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ശ്രീ. അലക്സ് കുഴികണ്ടത്തിൽ, ശ്രീ. ജോൺസൺ വടക്കേക്കര, റവ. സി. ആൻസി ടോം എസ്. എച്ച്, റവ. സി. അനിത സി. എം. സി, റവ. സി. ആൻസി. സി. എം. സി, റവ. സി. മെർളി എസ്. കെ. ഡി, റവ. സി. ജ്യോതി എഫ്. സി. സി എന്നിവരെ സ്നേഹപൂർവ്വം ഓർക്കുകയും രൂപതയിലെ മുഴുവൻ +2 വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെയും പേരിൽ ഹൃദ്യമായ നന്ദി അറിയിക്കുകയും ചെയ്യുന്നു.

## HDC കോൺടാക്ട് ക്ലാസ്സ്

HDC ഒന്നാം വർഷക്കാരുടെ മൂന്നാമത്തെ കോൺടാക്ട് ക്ലാസ്സ് ജനുവരി 31 ന് ദ്വാരകയിലും ഫെബ്രുവരി 14 ന് ബത്തേരിയിലും ഫെബ്രുവരി 28 ന് മണിമൂളിയിലും മാർച്ച് 7 ന് ചുങ്കക്കുന്നും വെച്ച് നടത്തപ്പെടുന്നതാണ്. കലണ്ടറിൽ തന്നിരിക്കുന്ന തീയതികളിൽ വന്നിരിക്കുന്ന വ്യത്യാസങ്ങൾ ശ്രദ്ധിക്കുമല്ലോ.

**ഫാ. റോയി വട്ടക്കാട്ട്**
രൂപതാ മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

**രൂപത അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി**

രൂപത അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി ദ്വാരക എ.യു.പി. സ്കൂളിൽ വെച്ച് രൂപതാ പ്രസിഡന്റ് ജോയി മേപ്പാടം സാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. രൂപതാ ഡയറക്ടർ ഫാ. സോണി വടയാപറമ്പിൽ സ്വാഗതം പറഞ്ഞു. രൂപതാ പ്രവർത്തനങ്ങളുടുയും മേഖലാ പ്രവർത്തനങ്ങളുടേയും വിലയിരുത്തലുകൾ നടത്തി. രൂപതാ എക്സിക്യൂട്ടീവിൽ ഒഴിവുണ്ടായിരുന്ന സ്ഥാനങ്ങളിലേയ്ക്ക് ഇലക്ഷൻ നടന്നു. രൂപതാ എക്സിക്യൂട്ടീവിലേക്ക് തിരഞ്ഞെടുക്കപ്പെട്ട നീനു മാങ്കൂട്ടത്തിൽ (രൂപതാ ജോ.സെക്രട്ടറി), മെൽബിൻ കോയിക്കര മണിമൂളി, നിലമ്പൂർ റീജണൽ ഓർഗനൈസർ, സംസ്ഥാന മാനേജിംഗ് കമ്മറ്റി അംഗങ്ങളായ ജോസഫ് തോട്ടുംകര, ലിബിൻ ചെക്കുളത്തിൽ എന്നിവർക്ക് രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ നേർന്നു കൊണ്ട് സംസ്ഥാന സെക്രട്ടറി ബിനു മാങ്കൂട്ടത്തിൽ ആശംസകളറിയിച്ചു. രൂപതാ ജനറൽ സെക്രട്ടറി രഞ്ജിത്ത് മുതുപ്ലാക്കൽ മാനേജിംഗ് കമ്മറ്റിക്ക് നന്ദിയർപ്പിച്ചു.

**ജോ. ഡയറക്ടേഴ്സിന്റെ പ്രത്യേക ശ്രദ്ധയ്ക്ക്**

ഈ വർഷത്തെ വിഹിതങ്ങൾ, (മിഷൻഞായർ വിഹിതം, സംസ്ഥാന വിഹിതം, കലണ്ടർ, പലതുള്ളി) എന്നിവ എത്രയും വേഗം രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**മിഷൻഞായർ വിഹിതം തന്നവർ**

കല്ലോടി-3000, മരുത-300, മുതിരേരി-1000, കരിമ്പിൽ-400, മംഗലശ്ശേരി-750, കല്ലുമുക്ക്-200, പാറത്തോട്ടം-150, കുഞ്ഞോം-1000, കൊമ്മയാട്-500, വെള്ളൂന്നി-500, കോട്ടത്തറ-700, റിപ്പൺ-700, കുറുമ്പാല-1000, പാതിരിപ്പാടം-500, എടപ്പെട്ടി-150, പയ്യമ്പള്ളി-1500, വാകേരി-200, കണിയാരം -2500, ചോക്കാട്-1500, ബോയ്സ്ടൗൺ-210, വടക്കനാട്-300, പുഴമുടി-250, കൽപ്പറ്റ-2500, ആറാട്ടുതറ-500, പാൽച്ചുരം-250, ഇടയൂർകുന്ന്-400, ബാവലി-100, ആലാറ്റിൽ-1000, പുതിയിടംകുന്ന്-500, മുണ്ടേരി-200, യവനാർകുളം-500, ചിത്രഗിരി-500, ദീപ്തിഗിരി-250, കുറുമ്പാലക്കോട്ട-1000, വടപുറം-1000, പാലേമാട്-1000, ശിശുമല-1000, ഇരുളം-500, ലക്കിടി -300, പറളിക്കുന്ന്-500, പന്തിപ്പൊയിൽ-250.

**പലതുള്ളി തന്ന ശാഖകൾ**

കല്ലുമുക്ക്-50, കോട്ടത്തറ-575, വടക്കനാട്-100, നെയ്ക്കുപ്പ-300, എടപ്പെട്ടി-100, വാകേരി-100, പുഴമുടി-100, എടയൂർകുന്ന്-30, മുണ്ടേരി-100, ചിത്രഗിരി-150, പഴൂർ-300, പാലേമാട്-200, ലക്കിടി-50, പറളിക്കുന്ന്-100.

**മേഖലാ വാർത്തകൾ - തരിയോട്**

ലഹരിക്കെതിരെ ബോധവൽക്കരണ പോസ്റ്റർ പ്രദർശനം നടത്തി.

**മണിമൂളി**

മണിമൂളി പാസ്റ്ററൽ സെന്ററിൽ വെച്ച് മണിമൂളി മേഖലയുടെ നേതൃത്വത്തിൽ ഏയ്ഞ്ചൽ മീറ്റ് നടത്തി.

**നീലഗിരി**

രൂപത ബൈബിൾ കലോത്സവത്തിൽ 3-ാം സ്ഥാനം കരസ്ഥമാക്കിയ ധർമ്മഗിരി ശാഖയെ അനുമോദിച്ച് കത്ത് അയച്ചു. ചെയിൻ റോസറി നടത്തി.

**നടവയൽ**

ദൈവവിളി പ്രോത്സാഹന ക്ലാസുകൾ നടത്തി. ലഹരിക്കെതിരെ പ്രസംഗമത്സരം നടത്തി. ക്രിസ്റ്റീൻ ധ്യാനം നടത്തി.

**ശാഖാവാർത്തകൾ**

*അരിഞ്ചേർമല :-* വി.ചാവറയച്ചന്റെയും വി. എവുപ്രാസ്യാമ്മയുടെയും ജീവചരിത്രം സി.ഡി പ്രദർശനം നടത്തി.

*പ്രശാന്തഗിരി :-* സംസ്ഥാന ബൈബിൾ കലോത്സവത്തിൽ ശാഖയിൽ നിന്നും 2 പേർ പങ്കെടുത്തു.

*കല്ലോടി :-* വി. എവുപ്രാസ്യാമ്മയുടെ ടെലിഫിലിം പ്രദർശിപ്പിച്ചു.

*എടപ്പെട്ടി :-* സി.എം.എൽ. അംഗങ്ങൾ ക്രിസ്തുരാജന്റെ തിരുനാൾ ദിനത്തിൽ ജീസസ് ആൽബം ഉണ്ടാക്കി പ്രദർശിപ്പിച്ചു.

*പയ്യമ്പള്ളി :-* ലഹരിവിരുദ്ധ സെമിനാർ നടത്തി.

*വടക്കനാട് :-* വിശ്വാസപരിശീലനത്തിന്റെ ഭാഗമായി കുട്ടികൾക്കായി ഒരു ദിവസത്തെ ഉല്ലാസയാത്ര നടത്തി.

*പാൽച്ചുരം :-* യുവജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും യുവജനദിനം ആചരിക്കുകയും ചെയ്തു.

*പുതിയിടം :-* ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷിക്കുകയും റാലി നടത്തുകയും ചെയ്തു.

*അമ്പായത്തോട് :-* ലഹരിവിരുദ്ധ കൊളാഷ് സംഘടിപ്പിച്ചു.

*കൊളവയൽ :-* വീടുപണിക്കായി 5000 രൂപ ധനസഹായം നൽകി.

*ജൂഡ്സ്മൗണ്ട് :-* അൾത്താര ബാലികാബാലന്മാർക്ക് പരിശീലനം നൽകി. സ്റ്റാർ നിർമ്മാണത്തിൽ പങ്കെടുത്തു.

*പുതുശ്ശേരി :-* ഭവനനിർമ്മാണത്തിന് 15000 രൂപ നൽകി.

*പൂളപ്പാടം :-* വിദ്യാഭ്യാസ സഹായമായി 10,000 രൂപ നൽകി.

*ധർമ്മഗിരി :-* വി.ചാവറയച്ചന്റെയും വി. എവുപ്രാസ്യാമ്മയുടെയും വിശുദ്ധ ദിനാചരണം സമുചിതമായി ആഘോഷിച്ചു.
*പോരൂർ :-* ക്രിസ്തുരാജന്റെ രാജത്വതിരുനാളിൽ റാലി നടത്തി.
*പാലേമാട് :-* ചോക്കാട് അഗതിമന്ദിരം സന്ദർശിച്ച് 2000 രൂപ സഹായം നൽകി.
*ദീപ്തിഗിരി :-* ദിവ്യകാരുണ്യ പ്രദക്ഷിണം നടത്തി.
*കരിമ്പിൽ :-* ലഹരിവിരുദ്ധ ക്വിസ്സ് മത്സരം നടത്തി.
*കുറുമ്പാലക്കോട്ട :-* രോഗീസഹായം 2000 രൂപാനൽകി.
*പഴൂർ :-* അർദ്ധദിന സെമിനാർ നടത്തി.
*ഇടിവണ്ണ :-* ഭവനനിർമ്മാണത്തിനായി 5000 രൂപ നൽകി.
*പുൽപ്പള്ളി :-* തിരുബാലസഖ്യത്തിലെ കുട്ടികൾക്ക് ഗ്രൂപ്പ് പ്രോഗ്രാം നടത്തി.
*യവനാർകുളം :-* ഭവന സന്ദർശനം നടത്തി.
*ചാരിറ്റി :-* ഫണ്ട് ശേഖരണാർത്ഥം സി.എം.എൽ. അംഗങ്ങൾക്ക് വാഴക്കുഞ്ഞ് വിതരണം ചെയ്തു.
*ഒലിവുമല :-* വസ്ത്ര സഹായം നൽകി.
*തരിയോട് :-* ഒരു മണിക്കൂർ ആരാധന നടത്തി.
*കേളകം :-* അൾത്താര ബാലന്മാർക്ക് പരിശീലനം നൽകി.
*ആറാട്ടുതറ :-* വി. ചാവറയച്ചന്റെയും വി. എവുപ്രാസ്യാമ്മയുടേയും വിശുദ്ധപദവി പ്രഖ്യാപനദിനത്തിൽ പ്രബന്ധരചനാ മത്സരം നടത്തി.
*ഇടയൂർകുന്ന് :-* ഭാരതസഭയുടെ അഭിമാനമായ ചാവറയച്ചന്റെയും എവുപ്രാസ്യാമ്മയുടെയും വിശുദ്ധപദവി പ്രഖ്യാപനവും ദിനാഘോഷവും കൃതജ്ഞതാബലിയും വർണ്ണശബളമായ വിശ്വാസറാലിയും നടത്തി.
*അമരക്കുനി :-* മോട്ടിവേഷനെക്കുറിച്ച് ശ്രീ. മനോജ് എലിവാലുങ്കൽ ക്ലാസെടുത്തു.

**സ്നേഹപൂർവ്വം**

ശാഖകളിലും മേഖലകളിലും പ്രവർത്തനങ്ങൾ നന്നായി നടക്കുന്നുണ്ട് എന്നറിയുന്നതിൽ രൂപതാ സമിതിക്ക് ഒത്തിരി സന്തോഷം. 2014 വിടവാങ്ങി 2015 ലേയ്ക്ക് നമ്മൾ കടക്കുന്നു. 2014 ൽ ദൈവേഷ്ടത്തിനനുസരിച്ച് പ്രവർത്തിക്കുവാൻ കഴിഞ്ഞതിൽ നമുക്ക് ദൈവത്തോട് നന്ദി പറയാം. 2015 ലെ പ്രവർത്തനങ്ങൾ കൂടുതൽ സന്തോഷത്തോടും മിഷൻ ചൈതന്യത്തോടും കൂടിയാകുവാൻ നമുക്കൊന്നിച്ച് പ്രാർത്ഥിക്കാം. 2015 വർഷം മിഷൻലീഗിന്റേതാകുവാൻ വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് ആശംസിച്ചുകൊണ്ട്, നിങ്ങളുടെ സ്വന്തം

**രഞ്ചിത്ത് മുതുപ്ലാക്കൽ**
രൂപതാ ജനറൽ സെക്രട്ടറി

## Department of Youth Ministry

### പുതുവത്സര സന്ദേശം

പ്രിയമുള്ള കുഞ്ഞുങ്ങളേ യുവജനങ്ങളെ,

ഈ പുതുവത്സരത്തിൽ നല്ല ഓർമ്മകൾകൊണ്ട് നിങ്ങളുടെ ഹൃദയം പൂത്തുലയട്ടെ. ജീവിക്കാനും പ്രതീക്ഷിക്കാനും പ്രേരിപ്പിക്കുന്ന മധുരമുള്ള ഓർമ്മകൾ 2015 വർഷത്തിലെ ഓരോ നിമിഷത്തെയും വർണ്ണാഭമാക്കും. ദൈവീക സാന്നിധ്യത്തിന്റെ ഗന്ധമുള്ള ഓർമ്മകൾ ഒരു വ്യക്തിയെ പ്രത്യാശയിലേക്ക് ഓരോ നിമിഷവും കൂട്ടിക്കൊണ്ടു പോകുന്നു. പ്രത്യാശ കൈവിടാത്തവർ ഭാഗ്യവാന്മാരാണെന്ന് പ്രഭാഷകൻ നമ്മെ ഓർമ്മപ്പെടുത്തുന്നു (പ്രഭാ. 14.2)

ജീവിതത്തിലെ സ്വപ്നങ്ങളാണ് ഒരാളെ യാത്ര ചെയ്യാൻ പ്രേരിപ്പിക്കുന്നത്. സ്വപ്നങ്ങളില്ലാത്തവർക്ക് ചലിക്കാൻ സാധിക്കുകയില്ല. യാത്ര ചെയ്യുന്നവരുടെ പാദങ്ങൾ മാത്രമല്ല മനസ്സും ആത്മാവും ഒരുപോലെ ചലനാത്മകമാണ്. സ്വപ്നങ്ങളുടെ രീതി അനുസരിച്ച് യാത്രയുടെ ഗതി മാറുന്നു. മനുഷ്യനെ സ്വപ്നം കാണുന്നവർ മനുഷ്യന്റെ അടുത്തേക്ക് യാത്ര ചെയ്യുന്നു. ദൈവത്തെ കാണുന്നവർ ദൈവത്തിന്റെ അടുത്തേക്ക്. മനുഷ്യരിൽ ദൈവത്തെ കാണുന്നവർ ക്രിസ്തുവിന്റെ അടുത്തേക്ക് .ദൈവത്തിന്റെ സ്വപ്നം കാണുന്നവർ ദൈവത്തോടൊപ്പം യാത്ര ചെയ്യുന്നവരാകുന്നു.

ദൈവത്തിന്റെ സ്വപ്നം വളരെ തെളിമയോടെ കണ്ട മനുഷ്യനാണ് പിതാവായ അബ്രാഹം. അതുകൊണ്ട് തന്നെ അദ്ദേഹം നിരന്തരമായ സഞ്ചാരത്തിലായിരുന്നു. ദൈവത്തിനുവേണ്ടി ദൈവത്തോടൊപ്പം സഞ്ചരിച്ച മനുഷ്യൻ. പൂർത്തിയാക്കേണ്ടത് ഹൃദയഭേദകമായ കാര്യമായിട്ടും, എരിതീയിൽനിന്ന് വെന്തെരിയുന്നവന്റെ വേദനയുമായി കത്തി കയ്യിലെടുത്ത് ബാലനുനേരെ കരമുയർത്തി കൊലചെയ്യുന്ന ഒരു പിതാവ് ഭാഗ്യപ്പെട്ടവനോ? ഭാഗ്യപ്പെട്ടവനെന്ന് വേദശബ്ദം. മണ്ണിൽനിന്നും മനുഷ്യനെ മെനഞ്ഞവനു തന്റെ മകനെ ദഹിപ്പിക്കുന്ന അഗ്നിയിൽ നിന്നും തനിക്ക് വീണ്ടു പിതൃത്വത്തിന്റെ ആനന്ദം നൽകാൻ കഴിയുമെന്ന് അത്ഭുതപ്പെടുത്തുന്ന പ്രത്യാശ സ്വന്തമാക്കിയ മനുഷ്യൻ ഭാഗ്യപ്പെട്ടവൻ തന്നെ.

അബ്രാഹത്തിന്റെ മകൻ കാലങ്ങളും വർഷങ്ങളും നൂറ്റാണ്ടുകളും പിന്നിട്ട് ദൈവപിതാവിന്റെ ഹൃദയത്തിൽ നിന്നും ഭൂമിയിലേയ്ക്ക് അവതരിച്ചു. ദൈവപിതാവുമായുള്ള ഗാഢബന്ധത്തിന്റെ മധുരിക്കുന്ന ഓർമ്മകളുമായി ഭൂമിയിൽ ചുറ്റിസഞ്ചരിച്ചു. പിതാവിന്റെ സ്വപ്നങ്ങൾ മാത്രം ഹൃദയത്തിൽ ധ്യാനിച്ചു. സ്വയം ബലിയായി കുരിശിൽ കിടക്കുമ്പോഴും പിതാവിന്റെ മനസിനോട് ഗാഢബന്ധം പുലർത്തിയിരുന്നതിനാൽ വേദനയുടെ നടുവിൽ പ്രത്യാശയുടെ ആനന്ദഗീതം അവൻ ആലപിച്ചു. ഈ ലോകത്തിലെ ഭാഗ്യപ്പെട്ട മനുഷ്യനായി ക്രിസ്തു ഇന്നും ജീവിക്കുന്നു മനുഷ്യനായി അല്ല ജീവിക്കുന്ന ദൈവമായി.

2015 വർഷത്തിൽ കുഞ്ഞുങ്ങൾക്കും യുവജനങ്ങൾക്കും ക്രിസ്തുവിന്റെ സ്വപ്നങ്ങൾ കാണാൻ കഴിയട്ടെ. ചലിക്കുന്ന പാദങ്ങളും പുത്തൻ സൂര്യോദയം കാണാൻ കൊതിക്കുന്ന കണ്ണുകളും ദൈവത്തിന്റെ മനസിന്റെ ആഴങ്ങളിലേക്ക് പ്രവേശിക്കാനുള്ള ആത്മാവിന്റെ നൈർമല്യവും ഒന്നുചേരുമ്പോൾ നിങ്ങളും സഞ്ചരിക്കുകയാണ്. ദിവസങ്ങളിലൂടെയും ദിവസങ്ങൾക്ക് മീതെയും ഉള്ള സഞ്ചാരം. ദൈവത്തോടുള്ള ഗാഢബന്ധം കത്തിജ്വലിക്കുന്ന അഗ്നിക്കും അപ്പുറമുള്ള കാഴ്ചകളിലേക്കും മരണത്തിനുശേഷമുള്ള വാസങ്ങളിലേക്കും ദൈവത്തിന്റെ സ്വപ്നങ്ങൾ നമ്മെ യാത്ര ചെയ്യാൻ സഹായിക്കുന്നു.

ഏവർക്കും പുതുവത്സരാശംസകൾ!

## 1. PSC and Job orientation Seminar

കേളകം സെന്റ് ജോസഫ്സ് ചർച്ചിൽ വെച്ച് ജനുവരി 4-ാം തീയതി ഞായറാഴ്ച 9 am മുതൽ 5 pm വരെ സർക്കാർ ജോലി സാധ്യതകളെ സംബന്ധിച്ചുള്ള സെമിനാർ നടത്തപ്പെടുന്നു. സെമിനാറിൽ സംബന്ധിക്കുന്നവർക്ക് Free online PSC Registration, Free PSC aptitude test എന്നിവ ഉണ്ടായിരിക്കും. രജിസ്ട്രേഷൻ ഫീ. 50 രൂപ. പേരുകൾ ബഹു. വികാരി അച്ചന്മാരുടെ അടുത്ത് മുൻകൂട്ടി രജിസ്റ്റർ ചെയ്യുക.

**2.** കുട്ടികൾക്കായുള്ള ധ്യാനം 'പെനുവേൽ' തോമാട്ടുചാൽ ഇടവകയിൽ ജനുവരി 23-26 വരെ.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
Director, Department of Youth Ministry

# കെ. സി. വൈ. എം.

**നന്ദിയോടെ**

2014 വർഷത്തിൽ മാനന്തവാടി രൂപത KCYM പ്രസ്ഥാനത്തിന് നവോന്മേഷം പകർന്നുകൊണ്ട് ധീരതയോടെ നയിച്ച സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾക്ക് സ്നേഹപൂർവ്വം നന്ദി. KCYM രൂപതാതല പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ച KCYM രൂപതാ ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, പ്രസിഡണ്ട് ശ്രീ. ബിബിൻ ചെമ്പക്കര, ജനറൽ സെക്രട്ടറി ശ്രീ. സിബിൻ പാലമൂട്ടിൽ, വൈസ് പ്രസിഡണ്ട് കുമാരി ജോത്സന തൈക്കൂട്ടം പുത്തൻപുര, സെക്രട്ടറിമാരായ അനീറ്റ കുളത്തിങ്കൽ, എബിൻ മുട്ടപ്പള്ളി, ട്രഷറർ വിനു വാണിയപ്പള്ളിൽ, കോർഡിനേറ്റർ റ്റോബി കൂട്ടുങ്കൽ, കെസിവൈഎം രൂപതാ ആനിമേറ്റർ സി. ലിൻസ എഫ്.സി.സി. എന്നിവർക്കും KCYM സംസ്ഥാന വൈസ് പ്രസിഡണ്ട് സജിൻ ജോസ് ചാലിൽ എന്നിവർക്കും പ്രത്യേകം നന്ദി.

പതിനേഴുവർഷം KCYM പ്രസ്ഥാനത്തിന്റെ സജീവപ്രവർത്തകനും KCYM മാനന്തവാടി രൂപതാ പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, കോർഡിനേറ്റർ, സംസ്ഥാന സിൻഡിക്കേറ്റ്-സെനറ്റ് മെമ്പർ, ഓഡിറ്റർ എന്നീ തസ്തികകളിലും സ്തുത്യർഹ സേവനം ചെയ്ത ശ്രീ. ബിനോയ് പാനികുളത്തിന് മാനന്തവാടി KCYM കുടുംബത്തിന്റെ പ്രത്യേക നന്ദിയും കടപ്പാടും.

മാനന്തവാടി രൂപത KCYM പ്രസ്ഥാനത്തിന്റെ രക്ഷാധികാരി അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിനെയും സഹരക്ഷാധികാരി മോൺ. മാത്യു മാടപ്പള്ളിക്കുന്നേലച്ചനെയും നന്ദിപൂർവ്വം ഓർക്കുന്നു. ലഹരി വിമുക്തയൗവ്വനം കുടുംബഭദ്രതയ്ക്ക് എന്ന വിഷയത്തിലടിസ്ഥാനമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ യൂണിറ്റ്, മേഖല, രൂപത ഭാരവാഹികൾ, ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് എല്ലാ KCYM അംഗങ്ങൾക്കും പ്രസ്ഥാനത്തിന്റെ സ്നേഹവും നന്ദിയും.

പ്രിയമുള്ള യുവജനങ്ങളെ,

പുതിയവർഷം നമുക്കു മുമ്പിൽ അവസരങ്ങളുടെ വാതിൽ തുറന്നിട്ടിരിക്കുന്നു. കരമുയർത്താനും ശിരസ്സുനിവർത്താനം ഹൃദയം വിരിച്ചു പിടിക്കാനുമുള്ള അവസരം. അനുഗ്രഹിക്കാൻ കരമുയർത്താനും ലോകത്തെ കാണാൻ ശിരസുയർത്താനും എല്ലാവരെയും ഉൾക്കൊള്ളാൻ ഹൃദയം വിരിച്ചു പിടിക്കുവാനുമുള്ള അവസരം 2015 നമുക്ക് മുമ്പിൽ തുറന്നിട്ടിരിക്കുന്നു.

2013 ന്റെ അവസാന നാളുകളിലെ ചില സംഭവങ്ങൾ നമ്മെ ഭയപ്പെടുത്തുന്നതാണ്. പ്രത്യേകിച്ച് ക്രൈസ്തവർക്കെതിരെയുള്ള നരനായാട്ട്, മതതീവ്രവാദം, വർഗ്ഗീയത, രാഷ്ട്രീയ അരാജകത്വം, മുതലാളിത്ത ഭീകരത ഇവമൂലം ഭ്രാന്തുപിടിച്ച ഒരുകൂട്ടം കാട്ടാളന്മാരുടെ കിരാതമായ വേട്ടയാടലിൽ കുരുക്കിലാകുന്നത് നിരായുധരായ ക്രൈസ്തവ മക്കളാണ്. അതിജീവനത്തിനുവേണ്ടി എല്ലാം ഉപേക്ഷിക്കേണ്ടിവരുന്ന ക്രൈസ്തവ യുവജനങ്ങൾ ചില ചോദ്യങ്ങൾ ചോദിക്കുന്നു. മനുഷ്യന്റെ മൗലികാവകാശങ്ങളായ അഭിപ്രായം പറയാനും സ്വതന്ത്രമായി വിഹരിക്കാനും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും പ്രഘോഷിക്കുവാനുമുള്ള സ്വാതന്ത്ര്യം തുടർച്ചയായി ലംഘിക്കപ്പെട്ടിട്ടും അന്താരാഷ്ട്ര സമൂഹങ്ങളോ മുഖ്യധാരാ മാധ്യമങ്ങളോ ഭരണകൂടങ്ങളോ ഈ മനുഷ്യാവകാശ ലംഘനങ്ങളെ പൊതുജന മധ്യത്തിലവതരിപ്പിക്കാനോ തള്ളിപ്പറയാനോ പരിശ്രമിക്കാത്തത് സത്യത്തിനും നീതിക്കും വേണ്ടി കാവൽ നിൽക്കേണ്ടവർ തന്നെ അക്രമത്തിന് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നതുകൊണ്ടാണ്. പ്രതിവർഷം ഒരുലക്ഷത്തിലധികം ക്രൈസ്തവർ കൊലചെയ്യപ്പെട്ടിട്ടും ഇവരെപ്പറ്റിയുള്ള വാർത്തകളോ ക്രൈസ്തവ പീഡനസംഭവങ്ങളോ പത്രത്താളുകളിൽ ഇടംപിടിക്കാത്തതെന്തുകൊണ്ടാണ്?

മാനവസേവ മാധവസേവ എന്നതിനുപകരം മാനവഹത്യ മാധവസ്തുതി എന്ന ശൈലിയിലേക്ക് ലോകം അധ:പതിച്ചിരിക്കുന്നു. പാക്കിസ്ഥാനിലെ പെഷവാറിൽ വർഗീയ തീവ്രവാദികളുടെ സംഹാരതാണ്ഡവത്തിൽ ഉയർന്നുപറക്കേണ്ട 132 കുരുന്നുകളുടെ ചിറകുകൾ അരിഞ്ഞു വീഴ്ത്തി. കുട്ടികളെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോകാൻ സ്കൂളിലെത്തിയ മാതാപിതാക്കൾ കാണുന്നത് വെടിയുണ്ടകൾ ചീറിപ്പാഞ്ഞ് ഛിന്നഭിന്നമായ മക്കളുടെ ശരീരമാണ്. കുട്ടികളുടെയും അധ്യാപകരുടെയും കത്തിക്കരിഞ്ഞ ശരീരങ്ങൾ, സ്കൂളിൽ ചിതറിക്കിടക്കുന്ന പുസ്തകങ്ങൾ, യൂണിഫോമിട്ട് സ്കൂളിലേക്ക് പോയവർ മടങ്ങിയെത്തിയത് ശവപ്പെട്ടികളിൽ. 'മാനവഹത്യ മാധവസ്തുതി' എന്നവരുടെ വർഗീയ വിഷത്തിന്റെ ഇരകളാകുന്നത് ക്രൈസ്തവർ മാത്രമല്ല എന്നു നാം തിരിച്ചറിയുന്നു.

അഹിംസയുടെ പ്രവാചകനും മഹാത്മാവുമായ ഗാന്ധിജിയെ വധിച്ച നാഥുറാം ഗോഡ്സെക്കുവേണ്ടി നഗരങ്ങളിൽ സ്മാരകം പണിയണമെന്നു പറയുന്ന വർഗ്ഗീയവാദികൾ, അയോധ്യയിൽ രാമക്ഷേത്രം നിർമ്മിക്കണമെന്നു പറയുന്ന ഉത്തർപ്രദേശ് ഗവർണർ, നിയമസഭയിൽ ക്രൈസ്തവർക്കും മറ്റു മതങ്ങൾക്കുമെതിരെ പീഡനത്തിന്റെ പുതിയ ഭാഷ്യം രചിക്കാൻ ധൃതി കാണിക്കുന്ന കാവി പ്രവർത്തകർക്കുമുമ്പിൽ മൗനം പാലിക്കുന്ന പ്രധാനമന്ത്രി ഇതെല്ലാം വരാൻ പോകുന്ന വലിയ വിപത്തിന്റെ ചെറിയ സൂചനകൾ മാത്രം. ഈ പശ്ചാത്തലത്തിൽ 'മാനവ സേവ മാധവസേവ' എന്ന ആപ്തവാക്യം ക്രൈസ്തവരെപ്പോലെ തന്നെ മറ്റു മതസ്ഥർക്കും ഉയർത്തിപ്പിടിക്കാൻ സാധിക്കും എന്നു ബോധ്യപ്പെടുത്താനുള്ള അവസരമാണ് 2015 നമുക്കു മുമ്പിൽ തുറന്നിട്ടിരിക്കുന്നത്. കരമുയർത്തിപ്പിടിച്ച്, ഹൃദയം വിരിച്ചുപിടിച്ച്, ശിരസുനിവർത്തിപ്പിടിച്ച് 2015 നെ നമുക്ക് വരവേൽക്കാം.

പുതുവത്സരാശംസകളോടെ,
**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**

**ഉത്സവ് 2014 സംസ്ഥാന കലോത്സവം**

കെസിവൈഎം സംസ്ഥാന കലോത്സവമായ ഉത്സവ് 2014 ഡിസംബർ 12, 13, 14 തീയതികളിൽ ചങ്ങനാശ്ശേരി അതിരൂപതയുടെ ആതിഥേയത്വത്തിൽ അസംപ്ഷൻ കോളേജിൽ വച്ചു നടത്തപ്പെട്ടു. മാനന്തവാടി രൂപതയിൽ നിന്നും 46 പേർ കലോത്സവത്തിൽ പങ്കെടുത്തു. പങ്കെടുത്തവർക്കും വിജയികളായവർക്കും അനുമോദനങ്ങൾ നേരുന്നതോടൊപ്പം ഇവരെ പരിശീലിപ്പിച്ച് മത്സരത്തിനായി കൊണ്ടുപോയവരെ നന്ദിയോടെ അനുസ്മരിക്കുന്നു.

**ഉത്സവ് 2014 കലാസാഹിത്യ മത്സര വിജയികൾ**

**കവിത**

III A അനില നല്ലൂർ - ചുങ്കക്കുന്ന്

**ഉപന്യാസം**

III B ജോബിഷ് കീരംപറമ്പിൽ - വിളമ്പുകണ്ടം

B അനില നല്ലൂർ - ചുങ്കക്കുന്ന്

**മുദ്രാവാക്യം**

B ലിന്റ തൊട്ടിയിൽ - വെള്ളൂന്നി

**പത്രവാർത്ത**

A ബിബിൻ ചെമ്പക്കര - പട്ടാണികൂപ്പ്

**നോട്ടീസ്**

II A റ്റിൻസി കിഴക്കയിൽ - വെള്ളൂന്നി

C ഡെനീഷ് ചെമ്പക്കാട്ട് - കാട്ടിക്കുളം

**പോസ്റ്റർ**

II B  ഡെനീഷ് ചെമ്പക്കാട്ട് - കാട്ടിക്കുളം

C  ആതിര ചേരിയിൽ - വെള്ളൂന്നി

**കാർട്ടൂൺ**

III A  ഡെനീഷ് ചെമ്പക്കാട്ട് - കാട്ടിക്കുളം

B  ഫെബിൻ എടത്തിപ്പറമ്പിൽ - വെള്ളൂന്നി

**സംഗീതം** (B)

A  സുമേഷ് വെട്ടിക്കാക്കുഴി - അരിഞ്ചേർമല

**സംഗീതം** (G)

III A  ആതിര നമ്പുടാകം - ചുങ്കക്കുന്ന്

A  അനുഗ്രഹ നമ്പുടാകം - ചുങ്കക്കുന്ന്

**പ്രസംഗം**

B  ജോബിഷ് കീരംപറമ്പിൽ - വിളമ്പുകണ്ടം

**മോണോആക്ട്**

III B  അലീന കല്ലക്കുളം - വെള്ളൂന്നി

**സംഘഗാനം**

A  ആതിര ചേരിയിൽ & ടീം - വെള്ളൂന്നി

**കെസിവൈഎം ആന്തം**

A  ലിജോ വയലിൽ & ടീം - അരിഞ്ചേർമല

**തെരുവുനാടകം**

A  ഫ്രാങ്ക്ളിൻ ചേരിയിൽ & ടീം - വെള്ളൂന്നി

**നാടോടിനൃത്തം**

III A  സിനുമോൾ കൊല്ലിയിൽ - വെള്ളൂന്നി

**പരിചമുട്ട്**

III A  ജിൻസ് കിഴക്കയിൽ & ടീം - വെള്ളൂന്നി

**Short Film**

II B  അരുൺ ഓണിശ്ശേരി - തൃശ്ശിലേരി

**കൊട്ടിയൂർ മേഖലയ്ക്ക് അഭിനന്ദനങ്ങൾ**

കെസിവൈഎം കലാമത്സരത്തോടനുബന്ധിച്ച് കൊട്ടിയൂർ മേഖല അഭിനന്ദനാർഹമായ പ്രകടനമാണ് കാഴ്ചവെച്ചത്. മേഖലാ ഡയറക്ടർ റവ.ഫാ. തോമസ് മണക്കുന്നേലിനും മറ്റു മേഖലാ ഭാരവാഹികൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ. വെള്ളൂന്നി യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജെയ്സ് പൂതക്കുഴി സംഘടിപ്പിച്ച യുവജന ക്യാമ്പിലൂടെ യുവജന ങ്ങൾക്ക് വളർച്ചയുടെ പുതിയൊരു പന്ഥാവ് തുറന്നുകൊടുത്തു. വൈകു ന്നേരങ്ങളിൽ ക്ലാസുകഴിഞ്ഞ് ക്യാമ്പിലെത്തുന്ന കുട്ടികൾ കലാപരി ശീലനം, ജപമാല, പഠനം, ആരാധന, വി.കുർബാന എന്നിവയിൽ ഒരുമ

യോടെ പങ്കുകൊണ്ടു. കെസിവൈഎം മേഖല, രൂപത, സംസ്ഥാന കലാ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെക്കുവാനും മേഖലാ കലാമത്സരത്തിൽ 226 പോയിന്റും രൂപതാ കലോത്സവത്തിൽ 103 പോയിന്റും സംസ്ഥാന കലോത്സവത്തിൽ 48 പോയിന്റും നേടുന്നതിന് വ്യത്യസ്തമായ ഈ പ്രവർത്തനം വഴിയായി വെള്ളൂന്നി യൂണിറ്റിന് സാധിച്ചു. വേറിട്ട പ്രവർത്തനങ്ങളിലൂടെ യൂണിറ്റിലെ യുവജനങ്ങളെ നയിക്കുന്ന ജെയ്സച്ചന് പ്രത്യേക അഭിനന്ദനങ്ങൾ.

## Short Film മത്സരം - ക്യാഷ് അവാർഡ് വിതരണം

കെസിവൈഎം മാനന്തവാടി രൂപത നടത്തിയ ഷോർട്ട് ഫിലിം മത്സരത്തിലെ സമ്മാനാർഹമായിട്ടുള്ള സൃഷ്ടികൾക്ക് രൂപതാ വാർഷികത്തിൽ വെച്ച് ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു. അരുൺ ഓണിശ്ശേരിയുടെ 'നാണയം' (തൃശ്ശിലേരി) ഒന്നാം സമ്മാനത്തിനർഹമായി. അമൽ ചൂടിയാങ്കൽ നിർമ്മിച്ച Presence of God (കരിമാനി) രണ്ടാം സ്ഥാനവും അഖിൽ പള്ളിപ്പാട്ടിന്റെ Hand to Lip (കല്ലോടി) മൂന്നാംസ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് അനുമോദനങ്ങൾ.

## രൂപതാ വാർഷിക സെനറ്റ്, ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

കെസിവൈഎം പ്രസ്ഥാനത്തിന്റെ വാർഷിക സെനറ്റ് ജനുവരി 10 ശനിയാഴ്ച 9 മണിമുതൽ 4 മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് സമ്മേളിക്കുകയാണ്. 2014 പ്രവർത്തനവർഷത്തിലെ മേഖലകളുടെ പ്രവർത്തന റിപ്പോർട്ടുകളും രൂപതാ റിപ്പോർട്ടും രൂപതാ സമ്മേളനത്തിൽ അവതരിപ്പിക്കപ്പെടുന്നു. 2015 വർഷത്തിൽ രൂപതയെ നയിക്കേണ്ടവരെ കണ്ടെത്തുന്ന തെരഞ്ഞെടുപ്പും അന്നേദിവസം നടക്കും.

ക്രിയാത്മകമായ ചർച്ചകളിലൂടെയും വിചിന്തനങ്ങളിലൂടെയും വിലയേറിയ ചിന്തകളും ആശയങ്ങളും നൽകി സെനറ്റിനെ ഫലപ്രാപ്തിയിലെത്തിക്കാൻ മേഖല നേതൃത്വത്തിന്റെയും രൂപതാ നേതൃത്വത്തിന്റെയും സജീവ സാന്നിധ്യവും സമ്പൂർണ്ണ പങ്കാളിത്തവും ഉറപ്പാക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## ഭാരവാഹികളുടെ ലിസ്റ്റ്

2015 വർഷത്തിലെ യൂണിറ്റ്, മേഖല കെസിവൈഎം ഭാരവാഹികളുടെ ലിസ്റ്റ് എത്രയും പെട്ടെന്ന് രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.

## കെസിവൈഎം അംഗത്വ നവീകരണവും അംഗത്വ മാസാചരണവും

കെസിവൈഎം അംഗത്വ നവീകരണവും അംഗത്വ മാസാചരണവും ജനുവരി ഫെബ്രുവരി മാസങ്ങളിലായി നടത്തേണ്ടതാണ്. രൂപതാ ഓഫീസിൽ നിന്നും അംഗത്വ ഫോം വാങ്ങി പുതുക്കാനുള്ളവരുടെയും പുതുതായി ചേർക്കുന്നവരുടെയും പേരുകൾ ചേർത്തു തരേണ്ടതാണ്.

**യൂണിറ്റ് വാർത്തകൾ**

**ചുങ്കക്കുന്ന് യൂണിറ്റ്**

ക്രിസ്മസ് ആഘോഷങ്ങളോടനുബന്ധിച്ച് 45 വാർഡുകളിലും 'മാധ്യമധർമം' എന്ന വിഷയത്തെ ആസ്പദമാക്കി യുവജനങ്ങൾക്ക് പ്രസംഗമത്സരം നടത്തി. യുവജനങ്ങളുടെ നേതൃത്വത്തിൽ ക്രിസ്മസ് നക്ഷത്രം നിർമ്മിച്ച് പ്രദർശിപ്പിച്ചു. യുവജനമീറ്റിംഗ് നടത്തുകയും ബഹു. ഡീക്കൻ ജെയ്സൺ കുളമ്പള്ളിൽ യുവജനങ്ങൾക്കുവേണ്ടി ക്ലാസെടുക്കുകയും ചെയ്തു. 250 ഓളം യുവജനങ്ങൾ സംഗമത്തിൽ പങ്കെടുത്തു. സംസ്ഥാന കലാസാഹിത്യ മത്സരങ്ങൾക്കായി യുവജന ങ്ങളെ ഒരുക്കി.

**പടമല യൂണിറ്റ്**

യുവജനങ്ങളുടെ നേതൃത്വത്തിൽ സെമിത്തേരി വൃത്തിയാക്കി അലങ്കരിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. കൂപ്പൺ വിൽപ്പന നടത്തി. യുവജനങ്ങളുടെ നേതൃത്വത്തിൽ നക്ഷത്രം നിർമ്മിച്ച് പള്ളിയങ്ക ണത്തിൽ തൂക്കി. മാസമീറ്റിംഗ് കൂടി ബഹു. ജസ്റ്റിൻ മൂന്നാനാൽ അച്ചൻ യുവജനങ്ങളുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് ക്ലാസെടുക്കുകയും ചെയ്തു. രൂപതാ കലോത്സവത്തിൽ മെബിൻ കാരക്കുന്നേൽ കവിതാ മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**പുതിയിടംകുന്ന് യൂണിറ്റ്**

യൂണിറ്റ് ഡയറക്ടർ ബഹു. ബാബു അച്ചന്റെയും ആനിമേറ്റർ സി. ടെസിയുടെയും നേതൃത്വത്തിൽ യുവജനങ്ങൾ ഒരുമിച്ച് സെമി ത്തേരി വൃത്തിയാക്കുകയും മരിച്ചുപോയ പൂർവ്വികരെ അനുസ്മരിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ഇടവകത്തിരുനാളിനോട് അനുബന്ധിച്ച് സിഎംഎൽ അംഗങ്ങളോട് സഹകരിച്ച് സ്റ്റാൾ നടത്തി.

**നെടുമ്പാല യൂണിറ്റ്**

തൃക്കൈപ്പറ്റ കപ്പേള വെഞ്ചരിപ്പിൽ യൂണിറ്റിൽ നിന്നും യുവജന ങ്ങൾ പങ്കെടുത്ത് ആശംസകൾ നേർന്നു. യൂണിറ്റ് പ്രവർത്തകരായ ടോണി വാഴയിൽ, റിജോ മൂങ്ങനാനി എന്നിവരുടെ വിവാഹച്ചടങ്ങിൽ പങ്കെടുത്ത് ആശംസകൾ നേർന്നു. അധ്യാപകദിനത്തിൽ ഇടവകയിലെ മതാധ്യാപകർക്ക് മെമന്റോ നൽകി ആദരിക്കുകയും വിവിധ മത്സരങ്ങൾ നടത്തി സമ്മാനങ്ങൾ നൽകുകയും ചെയ്തു. ചികിത്സാ സഹായ പദ്ധ തിയുടെ ഭാഗമായി 2 രോഗികൾക്ക് 2500/- രൂപ വീതം സാമ്പത്തിക സഹായം നൽകി.

**പുതുശ്ശേരി യൂണിറ്റ്**

തിരുനാളിനോടനുബന്ധിച്ചുള്ള അലങ്കാരങ്ങൾ കെസിവൈഎം അംഗങ്ങളുടെ നേതൃത്വത്തിൽ നടത്തി. അൾത്താരശുശ്രൂഷ, വായന കൾ ഇവയ്ക്കും യുവജനങ്ങൾ നേതൃത്വം നൽകി.

**തലഞ്ഞി യൂണിറ്റ്**

ഡിസംബർ 1 മുതൽ 8 വരെ നടന്ന ഇടവക തിരുനാളിനോടനുബന്ധിച്ചുള്ള കാര്യങ്ങളിൽ യുവജനങ്ങൾ സജീവമായി സഹകരിച്ചു. രഥം, ഭീമൻ നക്ഷത്രം എന്നിവ യുവജനങ്ങൾ തയ്യാറാക്കി.

**വെള്ളൂന്നി യൂണിറ്റ്**

സംസ്ഥാന കലാമത്സരങ്ങൾക്കൊരുക്കമായി പരിശീലനം നടത്തി. മിഷൻലീഗുകാരുമായി സഹകരിച്ച് ഇടവകയിലെ ഭവനങ്ങളിൽ നക്ഷത്രവിതരണം നടത്തി. യൂണിറ്റ് സിൻഡിക്കേറ്റ് ചേർന്ന് ഇടവകയിൽ സേവനമനുഷ്ഠിച്ചിരുന്ന ബഹു. ഡീക്കൻ ജിതിന് യാത്രയയപ്പു നൽകി. ക്രിസ്തുമസിനൊരുക്കമായി ഇടവകയിൽ നക്ഷത്രം നിർമ്മിച്ചു.

**പുൽപ്പള്ളി യൂണിറ്റ്**

നവംബർ മാസത്തെ ആദ്യത്തെ പത്തുദിവസം സിമിത്തേരി സന്ദർശം നടത്തി. ഇടവകയിൽ ദമ്പതീവർഷം ആചരിക്കുന്നതിന്റെ ഭാഗമായി വേദപാഠം പഠിക്കുന്ന കുട്ടികൾ ഇടവകയിലെ ഓരോ ദമ്പതികൾക്കുവേണ്ടിയും പ്രാർത്ഥിക്കുന്നതിനായി നറുക്കിട്ട് എടുത്തു. എല്ലാ ദിവസവും കുടുംബപ്രാർത്ഥനയുടെ അവസാനം ഓരോ നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന ചൊല്ലി ദമ്പതികൾക്കായി പ്രാർത്ഥിക്കുന്നു. വി. എവുപ്രാസ്യാമ്മയുടെയും വി. ചാവറയച്ചന്റെയും വിശുദ്ധ പദവി പ്രഖ്യാപനത്തിനൊരുക്കമായി നടന്ന 10 ദിവസത്തെ നൊവേനയിൽ കെസിവൈഎം അംഗങ്ങൾ സജീവമായി പങ്കെടുത്തു. യൂണിറ്റിലെ ബുക്കുസ്റ്റാളിൽ നിന്നും പുസ്തകങ്ങൾ വാങ്ങി വായനാശീലം വളർത്തുന്നു.

**പയ്യമ്പള്ളി യൂണിറ്റ്**

സെമിത്തേരി വൃത്തിയാക്കുകയും മരിച്ച വിശ്വാസികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. രൂപതാ കലാമത്സരത്തിന് യൂണിറ്റംഗങ്ങൾ പങ്കെടുക്കുകയും മൈം, കഥാപ്രസംഗം, മാർഗ്ഗംകളി എന്നിവയ്ക്ക് ഒന്നാം സ്ഥാനം ലഭിക്കുകയും ചെയ്തു. എല്ലാ ഞായറാഴ്ചകളിലും വി. കുർബാനയിൽ അൾത്താരശുശ്രൂഷ, ബൈബിൾ വായന, ഗാനശുശ്രൂഷ, ദേവാലയം വൃത്തിയാക്കൽ തുടങ്ങിയവ ചെയ്തുവരുന്നു.

**വിളമ്പുകണ്ടം യൂണിറ്റ്**

പേൾ കലാമത്സരത്തിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുക്കുകയും ജോബിഷ് കീരംപറമ്പിലിന് പ്രസംഗത്തിന് എ ഗ്രേഡോടുകൂടി രണ്ടാംസ്ഥാനം ലഭിക്കുകയും ചെയ്തു. സെമിത്തേരി സന്ദർശിച്ച് മരിച്ചവരെ അനുസ്മരിച്ച് പ്രാർത്ഥിച്ചു. വാർഷിക ധ്യാനത്തിന്റെ വിജയത്തിനായി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി.

**ചാരിറ്റി യൂണിറ്റ്**

മീറ്റിംഗ് കൂടി ക്രിസ്മസ് ഫ്രണ്ടിനെ തിരഞ്ഞെടുത്തു. സെമിത്തേരി സന്ദർശിച്ചു പ്രാർത്ഥിച്ചു.

**ഒലിവുമല യൂണിറ്റ്**

പള്ളിയും പരിസരവും വൃത്തിയാക്കി. ഇടവകാദിനത്തോടനുബന്ധിച്ചുള്ള പരിപാടികളിൽ സഹായിച്ചു. സെമിത്തേരി വൃത്തിയാക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. രൂപതാ കലാമത്സരത്തിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. കെസിവൈഎം അംഗം ലിന്റുവിന്റെ വിവാഹത്തിന് കല്യാണമണ്ഡപം നിർമ്മിച്ചു. വിവാഹാശംസകൾ നേർന്നു. Basic Life support എന്ന വിഷയത്തെ സംബന്ധിച്ച് 15-ാം തീയതി DMWIMS ഹോസ്പിറ്റലിലെ സ്റ്റാഫ് ലവിൻ അറയ്ക്കൽ യുവജനങ്ങൾക്ക് ക്ലാസെടുത്തു. പള്ളിക്ക് വെയ്സ്റ്റ്പിറ്റ് നിർമ്മിച്ചു.

**അരിഞ്ചേർമല യൂണിറ്റ്**

യുവജനങ്ങൾ തെരുവുനാടകം, മൈം എന്നിവ അവതരിപ്പിച്ച് ലഹരി വിമുക്ത സമൂഹത്തെക്കുറിച്ചുള്ള ബോധ്യം ജനങ്ങൾക്ക് നൽകി. കെസിവൈഎം അംഗങ്ങളുടെ നേതൃത്വത്തിൽ ക്യാൻസർ രോഗബാധിതനായ വ്യക്തിക്കുവേണ്ടി ആരാധന നടത്തി രോഗശാന്തിക്കായി പ്രാർത്ഥിച്ചു. രൂപതാകലാമത്സരത്തിൽ ലളിതഗാനം കെസിവൈഎം ആന്തം എന്നീ ഇനങ്ങൾക്ക് ഒന്നാംസ്ഥാനം നേടുകയും ചെയ്തു.

**ഒണ്ടയങ്ങാടി യൂണിറ്റ്**

യുവജനങ്ങളിലെ ഐക്യവും സന്തോഷവും കൂട്ടിയിണക്കുന്നതിനു വേണ്ടി ഏകദിന പിക്നിക് നടത്തി. ക്രിസ്മസ് നക്ഷത്രം യൂണിറ്റിലെ യുവജനങ്ങൾ ചേർന്ന് നിർമ്മിച്ച് പള്ളിമുറ്റത്ത് സ്ഥാപിച്ചു. കെസിവൈഎം അംഗമായ ശ്രീ. സജീഷ് കടിയിങ്കലിന്റെ വിവാഹത്തിൽ പങ്കെടുത്ത് ആശംസകൾ നേർന്നു. പതിവുപോലെ തന്നെ യൂണിറ്റ് കൂട്ടായ്മയും ആരാധനയും പള്ളി വൃത്തിയാക്കലും ചെയ്തുവരുന്നു. യൂണിറ്റ് അംഗങ്ങൾ നവംബർ 30 ന് വൈകുന്നേരം ഒന്നിച്ചുകൂടി പേത്തുർത്ത ആഘോഷിച്ചു.

**പയ്യമ്പള്ളി മേഖല**

ഗവൺമെന്റ് ആശുപത്രിയിൽ രോഗാവസ്ഥയിൽ കഴിയുന്ന ഒരു വ്യക്തിക്ക് മേഖലാസമിതിയുടെ നേതൃത്വത്തിൽ രക്തദാനം നടത്തി. മേഖലയിൽ ജോലി ഇല്ലാതെ ബുദ്ധിമുട്ടുന്ന യുവജനങ്ങൾക്ക് ജോലി ലഭിക്കുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്തുകൊടുത്തു.

**സിബിൻ പാലമൂട്ടിൽ**
രൂപത ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ഡിസംബർ 7 മുതൽ 10 വരെ നടന്ന കോഴ്സിൽ 104 പേരും മണിമൂളിയിൽ ഡിസംബർ 12 മുതൽ 15 വരെ നടന്ന കോഴ്സിൽ 102 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസത്തിലെ കോഴ്സുകൾ**

| | | |
|---|---|---|
| ജനുവരി 11-14 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ജനുവരി 23-26 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഫെബ്രുവരി 8-11 | - | പാസ്റ്ററൽ സെന്റർ ദ്വാരക |

**കത്തോലിക്കാ മാതൃസംഘടന**

ബഹുമാനപ്പെട്ട മാത്യു പെരിയപ്പുറം അച്ചന്റെയും ജോഷി മഞ്ഞക്കുന്നേലച്ചന്റെയും നേതൃത്വത്തിൽ ഡിസംബർ 9 - ാം തീയതി രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. 19-ാം തീയതി നടത്തപ്പെടുന്ന ആനിമേറ്റേഴ്സ് സംഗമവും 20-ാം തീയതിയിലെ വാർഷിക ജനറൽ ബോഡിയും ചർച്ചാ വിഷയമായി. എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവരും 19-ാം തീയതി 4 മണിക്കുതന്നെ പാസ്റ്ററൽ സെന്ററിൽ എത്തിച്ചേർന്ന് വിവിധ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ തീരുമാനിച്ചു.

**മികച്ച ശാഖ - മേഖല**

രൂപതാ തലത്തിൽ നല്ല പ്രവർത്തനങ്ങൾ നടത്തിയ യൂണിറ്റുകളെയും മേഖലകളെയും കണ്ടെത്തുന്നതിനായി നടത്തിയ വിലയിരുത്തലുകളിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടിയ ഇടവകകളെയും, മേഖലകളെയും ബഹു.ഡയറക്ടർ അച്ചൻമാരെയും ആനിമേറ്റർമാരെയും ഭാരവാഹികളെയും പ്രത്യേകം അഭിനന്ദിക്കുന്നു. തുടർന്നും തമ്പുരാനു വേണ്ടി നന്മ ചെയ്യുവാൻ നിങ്ങൾക്ക് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

**ഇടവകകൾ**

1. പഴൂർ, 2. പൂളപ്പാടം, 3. തെനേരി

**മേഖലകൾ**

1. ചുങ്കക്കുന്ന്, 2. മാനന്തവാടി, 3. ബത്തേരി

**ചുങ്കക്കുന്ന് മേഖല**

14-12-2014 ന് മേഖലാ ഡയറക്ടർ ബഹുമാനപ്പെട്ട ജോസ് വാഴക്കാലാ അച്ചന്റെ നേതൃത്വത്തിൽ ചുങ്കക്കുന്ന് മേഖലാ ജനറൽ ബോഡി യോഗം ചേർന്നു. യോഗത്തിൽ 10 ശാഖകളിൽനിന്നും എക്സിക്യൂട്ടീവ് അംഗങ്ങളും ആനിമേറ്റേഴ്സും പങ്കെടുത്തു. ക്രിസ്തുമസ്സിന് ഒരുക്കമായി കരോൾ ഗാനമത്സരം നടത്തി. മത്സരത്തിൽ ഒന്നാം സ്ഥാനം ചുങ്കക്കുന്നു ശാഖയും, രണ്ടാം സ്ഥാനം ഒറ്റപ്ലാവ് ശാഖയും കരസ്ഥമാക്കി.

**മണിമൂളി മേഖല**

ഡിസംബർ 13-ന് മേഖലയിലെ എല്ലാ ഇടവകകളും ചേർന്ന് മണിമൂളിയിൽ വച്ച് അമ്മോത്സവം 2014 സംഘടിപ്പിച്ചു. മേഖലാ ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ കീഴേത്ത് അച്ചൻ ദിവ്യബലി അർപ്പിച്ചു. ബഹു. ഫാ. ജോഷി മഞ്ഞക്കുന്നേൽ 'കുടുംബം' എന്ന വിഷയത്തെ പുരസ്കരിച്ച് ക്ലാസെടുത്തു. മണിമൂളി - നിലമ്പൂർ സഹവികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട ജെയിംസ് കുറ്റിമാക്കലച്ചൻ, രൂപതാ ഡയറക്ടർ ബഹു. മാത്യു പെരിയപ്പുറം അച്ചൻ എന്നിവർ സംസാരിച്ചു. 200 - ലധികം അമ്മമാർ വിവിധ ഇടവകകളിൽ നിന്നുമായി പങ്കെടുത്തു. തുടർന്ന് കരോൾഗാന മത്സരം നടത്തി. ഞാറപ്പാടം ശാഖ ഒന്നാം സ്ഥാനവും, പാതിരിപ്പാടം ശാഖ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. മേഖലയിലെ ബെസ്റ്റ് ശാഖയ്ക്കുള്ള ട്രോഫി മണിമൂളി ഇടവക കരസ്ഥമാക്കി. 2013 - 14 ലെ സാഹിത്യ മത്സര വിജയികൾക്കുള്ള ഒന്നും, രണ്ടും സമ്മാനങ്ങളും നൽകി.

**നടവയൽ മേഖല**

നടവയൽ മേഖലാ ക്രിസ്തുമസ് ആഘോഷം 13-12-2014 ശനിയാഴ്ച കേണിച്ചിറയിൽ നടത്തി. ഭക്തി ഗാനമത്സരം (സിംഗിൾ), കരോൾ ഗാനമത്സരം എന്നിവ നടത്തി. മേഖലയിലെ എട്ടു ശാഖകളിൽനിന്നും അമ്മമാർ പങ്കെടുത്തു. മേഖലയിൽ നടത്തിയ സാഹിത്യ മത്സരങ്ങളുടെ സമ്മാനങ്ങളും ബെസ്റ്റ് ശാഖയായി തിരഞ്ഞെടുക്കപ്പെട്ട കുറുമ്പാലക്കോട്ട ഇടവകയ്ക്കുള്ള ട്രോഫിയും സമ്മാനിച്ചു.

**പയ്യമ്പള്ളി മേഖല**

13-12-2014 ശനിയാഴ്ച ഇടയൂർക്കുന്ന് ഇടവകയിൽ വച്ച് പയ്യമ്പള്ളി മേഖലാ വാർഷികാഘോഷം നടത്തി. 140 പേർ പങ്കെടുത്തു. പൊതു സമ്മേളനത്തിൽ ഇടയൂർക്കുന്ന് ശാഖ വികാരി ബഹു. ബിജു അച്ചൻ സ്വാഗതമാശംസിച്ചു. രൂപതാ ആനിമേറ്റർ ബഹു. സി. കൃപ എസ്.എ.ബി.എസ് ഉദ്ഘാടനം നിർവ്വഹിക്കുകയും സെക്രട്ടറി ഫിലോ ചേലയ്ക്കൽ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും, ശ്രീ ജോസ് പള്ളത്ത് സാർ മുഖ്യ പ്രഭാഷണം നടത്തുകയും ചെയ്തു. കരോൾ ഗാന മത്സരത്തിൽ ഇടയൂർക്കുന്ന് ഒന്നും, കാട്ടിക്കുളം രണ്ടും, തൃശിലേരി, ആറാട്ടുതറ മൂന്നും സ്ഥാനങ്ങളും നേടി. വട്ടയപ്പ മത്സരത്തിൽ ക്ലാര പനവല്ലി ഒന്നും, ഏലിയാമ്മ ആറാട്ടുതറ രണ്ടും, സെലിൻ കാട്ടിക്കുളം മൂന്നും സമ്മാനങ്ങൾ നേടി. ബെസ്റ്റ് ശാഖകൾക്കും, സാഹിത്യ രചന മത്സര വിജയികൾക്കും ലോഗോസ് ക്വിസ് മേഖലാ തലത്തിൽ സമ്മാനം നേടിയ സിനോൾ കമ്മന, മേരിക്കുട്ടി കമ്മന (ഒന്ന്), ഫിലോ ചേലയ്ക്കൽ (രണ്ട്), ലിസി പുലിക്കുന്നേൽ പനവല്ലി എന്നിവർക്കും, ഉയർന്ന മാർക്കു നേടിയ ജെസി അത്തിക്കൽ പനവല്ലി കുടുംബത്തിനും ബഹു. ബിജു അച്ചൻ സമ്മാനദാനം നിർവ്വഹിച്ചു.

**ചുങ്കക്കുന്ന് ശാഖ**

ഫൊറോനയിലെ ഏറ്റവും നല്ല ശാഖയെ തിരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങൾ 10-10- 2014 ന് ശാഖ സന്ദർശിച്ചു, പ്രവർത്തനങ്ങൾ വിലയിരുത്തി. ചുങ്കക്കുന്ന് മേഖലയിലെ ഏറ്റവും നല്ല ശാഖയായി ചുങ്കക്കുന്നിനെ തിരഞ്ഞെടുത്തു. രൂപതയിലെ ബെസ്റ്റ് ശാഖയെ തിരഞ്ഞെടുക്കുന്നതിനായി രൂപതാ ടീം അംഗങ്ങൾ ശാഖയിൽ 7-11-2014 ന് സന്ദർശനം നടത്തി. രൂപതാ ഡയറക്ടർ ഫാ.മാത്യു പെരിയപ്പുറം രൂപതാ ആനിമേറ്റർ സി. കൃപ SABS എന്നിവർ അമ്മമാർക്കായി ക്ലാസ്സെടുത്തു. 2015 ലെ ലോഗോസിനൊരുക്കമായി നവംബർ മാസത്തിൽ നടത്തിയ വാർഡു പ്രാർത്ഥനകളിൽ പരിശീലന പരീക്ഷകൾ നടത്തി. ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി ഒരു രോഗിയെ സന്ദർശിച്ച് 2000 രൂപ ധനസഹായം നൽകി.

**പുതുശ്ശേരിക്കടവ്**

നവംബർ 8-ാം തിയതി എക്സിക്യൂട്ടീവ് അംഗങ്ങളുടെ നേതൃത്വത്തിൽ പനമരത്തുള്ള നവജ്യോതി അഗതി മന്ദിരം സന്ദർശിച്ചു.

**കൽപ്ര**

7-11 ന് ബഹു. ഡയറക്ടറച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റ് - ഷീന

റാത്തപ്പിള്ളി, സെക്രട്ടറി – ഷീബ കളപ്പുരയ്ക്കൽ, വൈസ് പ്രസിഡന്റ് – മിനി ആമ്പശേരി, ജോയിന്റ് സെക്രട്ടറി – നീന പടിഞ്ഞാറേമുറി, ട്രഷറർ – ഷൈനി ചേർനാകുന്നേൽ, റീജനൽ കോഡിനേറ്റർ – ലിസ്സി ഏറത്തേൽ, ഷിജി ആമ്പശേരി. 19–11–2014 ന് ബഹു. ഡയറക്ടർ അച്ചന്റെയും ജോയിന്റ് ഡയറക്ടർ സി. സിസിയുടെയും നേതൃത്വത്തിൽ 25 ഓളം അമ്മമാരും, സി. സിൽവിയും പഴൂർ വൃദ്ധസദനം സന്ദർശിക്കുകയും അവർക്ക് ഉച്ചഭക്ഷണം നൽകുകയും മുറികളും പരിസരങ്ങളും വൃത്തിയാക്കുകയും ചെയ്തു.

**വെള്ളൂന്നി**

10 വാർഡുകളിലും മീറ്റിംഗുകൾ നടത്തി. എല്ലാവരും പിടിയരി പള്ളിയിൽ എത്തിക്കുക എന്ന തീരുമാനപ്രകാരം 30–ാം തീയതി ഏകദേശം 3 ചാക്കോളം അരി സമാഹരിച്ചു. 11–ാം തീയതി എക്സിക്യൂട്ടീവ് അംഗങ്ങൾ തെറ്റുവഴിയിലുള്ള മരിയഭവൻ സന്ദർശിച്ച് അടുത്തവർഷം അവിടെ ശുശ്രൂഷ ചെയ്യുവാനുള്ള ആഗ്രഹം അറിയിക്കുകയും ഡിസംബർ മുതൽ സ്നേഹതീരം എന്ന പേരിലുള്ള ഈ പരിപാടി എല്ലാ മാസത്തിന്റെയും 2–ാം ശനിയാഴ്ചകളിൽ 10 പേരടങ്ങുന്ന ഗ്രൂപ്പ് സേവനം ചെയ്യാമെന്ന്, വികാരിയച്ചന്റെ നേതൃത്വത്തിൽ നടന്ന എക്സിക്യൂട്ടീവ് മീറ്റിംഗിൽ തീരുമാനിക്കുകയും ചെയ്തു.

**കുറുമണി**

നവംബർ മാസം 15–ാം തീയതി അമ്മമാർക്കായി തയ്യൽ ക്ലാസ് ആരംഭിച്ചു. 18 അമ്മമാർ പരിശീലനം നേടുന്നു. നവംബർ 30–ാം തീയതി അമ്മമാർക്കായി ഒരു എകദിന സെമിനാർ നടത്തി. ശ്രീമതി ഗ്രേസി ചിറ്റിലപ്പള്ളി, പഴൂർ സെമിനാർ നയിച്ചു. ക്ലാസിനുശേഷം ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റ് – ഷീജ തേരേടത്ത്, വൈസ് പ്രസിഡന്റ് – ജാൻസി പ്ലാത്തോട്ടം, സെക്രട്ടറി – സീമ പുളിക്കത്തൊട്ടി, ജോയിന്റ് സെക്രട്ടറി – റെജി പരിയാരത്ത്, ഖജാൻജി – പെണ്ണമ്മ തൊട്ടിയിൽ, കൗൺസിലേഴ്സ് – വൽസ മമ്പള്ളിൽ, റോസമ്മ പടിഞ്ഞാറെകടുപ്പിൽ.

**വടക്കനാട്**

നവംമ്പർ മാസത്തിലെ 2–ാം ശനിയാഴ്ച 3 മണി മുതൽ 4.30 വരെ ബഹു. വികാരി ജെയ്സൺ അച്ചൻ മാതൃസംഘ അംഗങ്ങൾക്ക് കുടുംബിനിയുടെ കർത്തവ്യത്തെക്കുറിച്ച് ക്ലാസ്സെടുത്തു. 3–ാം ശനിയാഴ്ച ലഹരിവിമുക്ത വർഷത്തിനുവേണ്ടി അമ്മമാർ അഖണ്ഡ ജപമാല നടത്തി.

**പുതിയിടംകുന്ന്**

വാ.ചാവറയച്ചന്റെ വിശുദ്ധ നാമകരണത്തിന്റെ മുന്നോടിയായി യൂണിറ്റടിസ്ഥാനത്തിൽ തിരുശേഷിപ്പ് പ്രയാണം നടത്തി. ഫണ്ടുശേഖരണാർത്ഥം തിരുനാൾ ദിനം ഒരു ടീ ഷോപ്പ് നടത്തി. 29-11-2014 ന് രൂപതാ ഭാരവാഹികൾ ഇടവകയിൽ സന്ദർശനം നടത്തി.

**പൂക്കോട്ടുംപാടം**

മാതൃസംഘത്തിന്റെ നേതൃത്വത്തിൽ 25-10-2014 ന് ഇടവകാംഗങ്ങൾക്കായി ഒരു സെമിനാർ നടത്തി. ക്രൈസ്തവ പാരമ്പര്യം കുടുംബങ്ങളിൽ എന്ന വിഷയത്തെക്കുറിച്ച് ബഹു. സെബാസ്റ്റ്യൻ കീഴേത്തച്ചനും ടീമും ക്ലാസ് എടുത്തു. അമ്മമാർ മാതൃസംഘത്തിൽ പ്രവർത്തിക്കേണ്ടതിന്റെ പ്രസക്തിയേക്കുറിച്ചും പ്രയോജനത്തെക്കുറിച്ചും ജയമ്മടീച്ചർ അമ്മമാർക്ക് പ്രത്യേക ക്ലാസ് നടത്തി. 120 പേർ പങ്കെടുത്തു.

**പൂളപ്പാടം**

ഒക്ടോബർ 22-ന് മേഖലാ ജനറൽ ബോഡിയിൽ എല്ലാ ഭാരവാഹികളും സംബന്ധിച്ചു. അന്നേദിവസം മേഖലയിലെ ബെസ്റ്റ് ശാഖയായ പൂളപ്പാടം യൂണിറ്റ് ട്രോഫി കരസ്ഥമാക്കി. ഒപ്പം വനിതകൾക്കായി നടത്തിയ രചനാ മത്സരത്തിന്റെ വിജയികളായ വർക്കുള്ള സമ്മാനവും ലഭിച്ചു. ഇടവകയിലെ ദിവ്യകാരുണ്യ ആരാധന, അഖണ്ഡ ജപമാല, അഖണ്ഡ ഉപവാസം എന്നിവയെല്ലാം മുടക്കംകൂടാതെ അമ്മമാർ ചെയ്തുവരുന്നു. ബഹു. ഡയറക്ടറച്ച ന്റെയും, ആനിമേറ്റർ സിസ്റ്ററിന്റെയും സാന്നിധ്യത്തിൽ 15 അമ്മമാർ മഞ്ചേരിയിലെ ശാലോ മാതാ അഗതി മന്ദിരം സന്ദർശിക്കുകയും അവർക്കാവശ്യമായ സ്റ്റേഷനറി സാധനങ്ങൾ വാങ്ങിച്ചു നൽകുകയും അവരോടൊപ്പം ചിലവഴിച്ച് കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. രൂപതാ കേന്ദ്രത്തിൽ വച്ചു നടന്ന സംയുക്ത എക്സിക്യൂട്ടീവിൽ സി. സനിലയും ലിസി വിലങ്ങുപാറയും സംബന്ധിച്ചു. 14-ാം തിയതി ഇടവകയിൽ വച്ചു നടന്ന ക്ലാസ് ബഹു. സെബാസ്റ്റ്യൻ കീഴേത്ത് അച്ചൻ നയിക്കുകയും അമ്മമാർ സംബന്ധിക്കുകയും ചെയ്തു.

**ഫാ. മാത്യു പെരിയപ്പുറം** - ഡയറക്ടർ
**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
അസോസിയേറ്റ് ഡയറക്ടർ, കുടുംബപ്രേഷിതത്വം

# വിമൻസ് കമ്മീഷൻ

**സാഹിത്യ മൽസര വിജയികൾ**

രൂപതാ വിമൻസ് കമ്മീഷന്റെ ആഭിമുഖ്യത്തിൽ മാതൃസംഘടനയുടെ സഹകരണത്തോടെ വനിതകൾക്കായി നടത്തിയ രചനാ മൽസര വിജയികളുടെ പേരു വിവരങ്ങൾ. മൽസരത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദിയും വിജയികൾക്ക് അഭിനന്ദനങ്ങളും നേരുന്നു.

**ചിത്രരചന**

| | | |
|---|---|---|
| 1. റിൻസി മുല്ലകൊടി | – | വാഴവറ്റ |
| 2. ഡോണ തട്ടത്തുപറമ്പിൽ | – | ബത്തേരി |
| 3. ഷീന മനക്കൽ | – | കേളകം |

**ഉപന്യാസം**

| | | |
|---|---|---|
| 1. ടെസ്സി പൂതക്കുഴി | – | വൈത്തിരി |
| 2. രജിത കൊല്ലംകുന്നേൽ | – | ചെന്നലോട് |
| 3. ലാലി പാറേക്കാട്ടിൽ | – | തോമാട്ടുചാൽ |

**കവിത**

| | | |
|---|---|---|
| 1. ലിസ്സി പന്തക്കൽ | – | കമ്മന |
| 2. ലാലി പാറേക്കാട്ടിൽ | – | തോമാട്ടുചാൽ |
| 3. റിനിത തകരപ്പിള്ളിൽ | – | തോണിച്ചാൽ |

**കഥ**

| | | |
|---|---|---|
| 1. ഷൈനി പൈനാടത്ത് | – | വൈത്തിരി |
| 2. രജിത കൊല്ലംകുന്നേൽ | – | ചെന്നലോട് |
| 3. ഷിജി തുരുത്തിമറ്റം | – | പുൽപ്പള്ളി |

**ഫാ.മാത്യു പെരിയപ്പുറം**
ഡയറക്ടർ

# സീയോൻ വാർത്തകൾ

**സോണൽ മീറ്റിംഗ്**

"എന്റെ ശക്തി നിനക്കു കാണിച്ചുതരാനും അങ്ങനെ എന്റെ നാമം ലോകം മുഴുവൻ പ്രഘോഷിക്കപ്പെടാനും വേണ്ടിയാണ് ഞാൻ നിന്നെ ജീവിക്കാനനുവദിച്ചത്" (പുറ. 9:16).

ഡിസംബർ ആദ്യവെള്ളി സോണൽ മീറ്റിംഗിനായി സീയോൻ ശുശ്രൂഷകർ ഒന്നുചേർന്നു. ബത്തേരി, പുൽപ്പള്ളി, കൊട്ടിയൂർ, കൽപ്പറ്റ, മാനന്തവാടി സബ് സോണുകളിലെ കോർ ഗ്രൂപ്പ് അംഗങ്ങളെല്ലാം വന്നു. KST വൈസ് ചെയർമാൻ ഇടുക്കി തങ്കച്ചായനാണ് ശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചത്. ശുശ്രൂഷാജീവിതത്തിലെ അഭിഷേകം നില നിർത്തേണ്ടത് എങ്ങനെയെന്നും കരിസ്മാറ്റിക്കിന്റെ ഉത്ഭവത്തെക്കുറിച്ചും സംസാരിച്ചു. 12 മണിക്ക് ബഹു. സോണി വാഴകാട്ട് അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. കാഴ്ചയും കേൾവിയും ശ്രവണവും നേരെയാക്കുന്നതിനെക്കുറിച്ചും നേർകാഴ്ച മനുഷ്യനെ രൂപാന്തരപ്പെടുത്തുമെന്നും അച്ചൻ പറഞ്ഞു. തുടർന്ന് സബ് സോൺ ബെയ്സിൽ മീറ്റിംഗ് നടന്നു. 3 മണിക്ക് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചന്റെ നേതൃത്വത്തിൽ ടീം മീറ്റിംഗ് നടത്തി.

**ജാഗരണ പ്രാർത്ഥന**

6.30 ന് ജപമാലയോടുകൂടി ആദ്യവെള്ളി ജാഗരണപ്രാർത്ഥന നടന്നു. വി. കുർബാന, വചനസന്ദേശം എന്നിവ ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചന്റെ നേതൃത്വത്തിൽ നടന്നു. അത്താഴശേഷം കുരിശിന്റെ വഴി, ആരാധന എന്നിവ ശ്രീ. ഇടുക്കി തങ്കച്ചായന്റെ നേതൃത്വത്തിൽ 12 മണി വരെ നടന്നു. 12 മണിക്ക് വിശ്രമത്തിനായി പോയി.

**ആദ്യശനി - ഏകദിന കൺവെൻഷൻ**

പ്രഭാതത്തിൽ 6 മണിക്ക് ശുശ്രൂഷകരുടെ ജപമാല പ്രദിക്ഷണത്തോടുകൂടി ശുശ്രൂഷകൾ ആരംഭിച്ചു. 9 മണിക്ക് സ്തുതി ആരാധന, ജപമാല, സപ്ര എന്നിവ നടത്തി. സാക്ഷ്യശുശ്രൂഷയ്ക്കുശേഷം KST വൈസ് ചെയർമാൻ ഇടുക്കി തങ്കച്ചായൻ വചനം പങ്കുവെച്ചു. തുടർന്ന് ബഹു. സോണിയച്ചന്റെ നേതൃത്വത്തിൽ വി. ബലിയർപ്പിച്ചു. അതിനു ശേഷം ആരാധന, ദിവ്യകാരുണ്യപ്രദക്ഷിണം എന്നിവ ബഹു.

അഗസ്റ്റിൻ താന്നിയിൽ അച്ചന്റെ നേതൃത്വത്തിൽ നടന്നു. 3.30 ന് ശുശ്രൂഷകൾ അവസാനിച്ചു.

**രണ്ടാംശനി ദമ്പതീകൂട്ടായ്മ**

രാവിലെ 10 മണിക്ക് ജപമാലയോടുകൂടി ശുശ്രൂഷകൾ ആരംഭിച്ചു. 11 ക്ലാസ്സ്, 12 മണിക്ക് വി. ബലിയർപ്പിച്ച് ബഹു. സെബാസ്റ്റ്യൻ പാലക്കീൽ അച്ചൻ വചനസന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ഷെയറിംഗ്, ആരാധന എന്നിവയ്ക്കുശേഷം ശുശ്രൂഷകൾ അവസാനിച്ചു.

**രണ്ടാംശനി – പൊതുകൗൺസിലിംഗ് ദിനം**

സീയോനിലെ കൗൺസിലേഴ്സ് രണ്ടാം വെള്ളിയാഴ്ച പ്രാർത്ഥിച്ചൊരുങ്ങി രണ്ടാംശനിയാഴ്ച കൗൺസിലിംഗ് ശുശ്രൂഷ നടത്തി. ധാരാളം ദൈവമക്കൾ പങ്കെടുത്തു.

**രണ്ടാംശനി – യുവജനകൂട്ടായ്മ**

രണ്ടാംവെള്ളിയാഴ്ച ബഹു. സോണിയച്ചന്റെ നേതൃത്വത്തിൽ ജീസസ് യൂത്ത് ലീഡേഴ്സ് ജാഗരണപ്രാർത്ഥന നടത്തി ഒരുങ്ങി. രണ്ടാം ശനിയാഴ്ച 9 മണിക്ക് ശുശ്രൂഷകൾ ആരംഭിച്ചു. 10.30 ന് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ വചനസന്ദേശം നൽകി. വിശുദ്ധിയെക്കുറിട്ടും, വി. ജീവിതം എങ്ങനെ നയിക്കാമെന്നും അച്ചൻ സംസാരിച്ചു. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെകാണും (മത്താ. 5:8) വചനം ആസ്പദമാക്കി അച്ചൻ സംസാരിച്ചു. തുടർന്ന് വി. ബലി, ഉച്ചകഴിഞ്ഞ് ആരാധന ബഹു. സോണി വാഴകാട്ട് അച്ചന്റെ നേതൃത്വത്തിൽ നടന്നു. 3.30 ന് ശുശ്രൂഷകൾ അവസാനിച്ചു.

**ആന്തരികസൗഖ്യ ധ്യാനം**

ഡിസംബർ 14 മുതൽ 18 വരെ നടന്ന ആന്തരിക സൗഖ്യധ്യാനം വലിയ അഭിഷേകമായിരുന്നു. ധാരാളം ദൈവമക്കൾ പങ്കെടുത്തു. ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ, ബഹു. സോണി വാഴകാട്ട് അച്ചൻ, ശ്രീ. ജോസഫ് വട്ടക്കുന്നേൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**സീയോൻ ജനുവരി മാസത്തിൽ**

| | |
|---|---|
| ജനുവരി 2 ആദ്യവെള്ളി | – സോണൽ മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| ജനുവരി 3 ആദ്യശനി | – ഏകദിന കൺവെൻഷൻ |
| ജനുവരി 10 രണ്ടാംശനി | – യുവജനകൂട്ടായ്മ |
| | – ദമ്പതീകൂട്ടായ്മ |
| | – പൊതുകൗൺസിലിംഗ് ദിനം |
| ജനുവരി 16 മൂന്നാം വെള്ളി | – ജാഗരണ പ്രാർത്ഥന |
| ജനുവരി 24 | – സൗഖ്യദിനം |
| ജനുവരി 18–22 | – ആന്തരിക സൗഖ്യധ്യാനം |

**ഫാ. അഗസ്റ്റിൻ താന്നിയിൽ** – ഡയറക്ടർ, സീയോൻ സി.ആർ.സി.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരീ, സഹോദരങ്ങളേ,

"നിന്റെ മതിലുകൾക്കുള്ളിൽ സമാധാനവും, നിന്റെ ഗോപുരങ്ങൾക്കുള്ളിൽ സുരക്ഷിതത്വവും ഉണ്ടാകട്ടെ!"

നമ്മുടെ രക്ഷകന്റെ പിറവിത്തിരുനാളാഘോഷത്തോടൊപ്പം പുത്തൻ പ്രതീക്ഷകളും പ്രത്യാശകളും പുതിയ കാഴ്ചപ്പാടുകളുമായി നമ്മിലേക്ക് പ്രകാശം വീശുന്ന പുതുവർഷത്തിന്റെ എല്ലാവിധ വിജയാശംസകളും എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും നേരുന്നു. പരസ്നേഹപ്രവർത്തനങ്ങൾ ചെയ്ത് മറ്റുള്ളവരിൽ ഈശോയെ കണ്ടെത്തുവാനും ഈശോയെ പോലെ മറ്റുള്ളവർക്കുവേണ്ടി സ്വയം സമർപ്പിക്കാനും നമുക്ക് ശക്തിയും ഊർജ്ജവും പകരുന്നതിന്, സംഘടനയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. വിൻസെന്റ് ഡി പോളിന്റെയും, സംഘടനയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസ്സാമിന്റെയും ശക്തമായ മാദ്ധ്യസ്ഥവും ലോകരക്ഷകനായ യേശുനാഥനെ ഭൂജാതനാക്കുവാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട പരി. കന്യകാമാതാവിന്റെയും മാദ്ധ്യസ്ഥം നമുക്ക് അപേക്ഷിക്കാം.

**സിസി ഭാരവാഹികളുടെ കോൺഫറൻസ് സന്ദർശനം**

2014 ജൂൺ മുതൽ ഒക്ടോബർ വരെയുള്ള കാലഘട്ടത്തിൽ രൂപതയിലെ എല്ലാ കോൺഫറൻസുകളും സന്ദർശിക്കുവാനും പ്രവർത്തനങ്ങൾ നേരിൽ കണ്ട് പഠിക്കുവാനും വിൻസെൻഷ്യൻ സഹോദരങ്ങളുമായി സ്നേഹം പങ്കുവെക്കുവാനും സെൻട്രൽ കൗൺസിൽ അംഗങ്ങൾക്ക് അവസരം ഒരുക്കി സഹകരിച്ച ആത്മീയോപദേഷ്ടാക്കളെയും ഭാരവാഹികളെയും പ്രവർത്തകരെയും നന്ദിയോടെ ഓർക്കുന്നു.

ഈശോയുടെ പ്രതിച്ഛായ അപരനിൽ ദർശിക്കുവാനും ഈശോയുടെ നാമത്തിൽ സഹനത്തിന്റെയും സേവനത്തിന്റെയും പാതയിലൂടെ മുന്നേറുവാനും അഹോരാത്രം യത്നിക്കുന്ന ഒത്തിരി വിൻസെൻഷ്യൻ സഹോദരങ്ങളെ ഈ സന്ദർശന യാത്രയിൽ കണ്ടെത്താൻ കഴിഞ്ഞു

എന്നത് വളരെ അഭിനന്ദനാർഹമാണ്. തങ്ങളുടെ പ്രായത്തെയും ആരോഗ്യസ്ഥിതിയെയും അവഗണിച്ച് സേവനത്തിന്റെ പാതയിൽ ചുറു ചുറുക്കോടെ പ്രവർത്തിക്കുന്ന വയോജനങ്ങളായ പ്രവർത്തകരുടെ ചൈതന്യം വളരുന്ന തലമുറക്ക് ഗുണപാഠമാണ്.

യുവപ്രവർത്തകരുടെയും ജൂനിയർ കോൺഫറൻസുകളിലെ ഇളംതലമുറക്കാരുടെയും വിൻസെൻഷ്യൻ പ്രവർത്തന മാതൃക സഭാ മാതാവിന്റെ കിരീടത്തിലെ പൊൻതൂവലുകൾ പോലെ പ്രശോഭിക്കുന്നു എന്നതും കോൺഫറൻസ് സന്ദർശനവേളയിൽ ലഭിച്ച പുത്തൻ അറിവു കളുടെ കൂട്ടത്തിൽ പെടുന്നു.

കോൺഫറൻസ് സന്ദർശനത്തോടനുബന്ധിച്ച് നടത്തിയ പഠന ത്തിൽ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന ഒത്തിരി കോൺഫറൻസു കൾ ഉണ്ട്. അവയിൽ മുൻപന്തിയിലുള്ളവ

| | | |
|---|---|---|
| a) സെന്റ് അൽഫോൻസ | - | ബത്തേരി |
| b) ഫാത്തിമ മാതാ | - | കയ്യൂന്നി |
| c) സെന്റ് മേരീസ് | - | ബത്തേരി |
| d) സെന്റ് ബനഡിക്ട് | - | മക്കിയാട് |
| e) സെന്റ് മേരീസ് | - | നടവയൽ |
| f) സെന്റ് മേരീസ് | - | മുള്ളൻകൊല്ലി |
| g) സെന്റ് ജോസഫ്സ് | - | ചുണ്ടക്കര |
| h) സെന്റ് മാർട്ടിൻ | - | അമ്പലവയൽ |
| i) സെന്റ് ജോസഫ്സ് | - | റിപ്പൺ |
| j) സാന്തോം | - | മരകാവ് |
| k) സെന്റ് മേരീസ് | - | നെടുമ്പാല |
| l) ലിറ്റിൽ ഫ്ളവർ | - | നിലമ്പൂർ |
| m) ഇൻഫന്റ് ജീസ്സസ് | - | കബനിഗിരി |
| n) സെന്റ് അൽഫോൻസ | - | കാവുംമന്ദം |
| o) സെന്റ് മേരീസ് | - | വിമലഗിരി |

**ഏസി തല പ്രവർത്തനങ്ങൾ**

ഏസിയിലെ പരിധിയിൽപ്പെട്ട എല്ലാ ഇടവകകളിലും കോൺഫറൻസുകൾ സജീവമാക്കിയ ബത്തേരി ഏസി പ്രസിഡണ്ട് ബ്രദർ ഫ്രാൻസീസ് പുലിക്കോട്ടിൽ, സജീവമായി സഹകരിച്ച ബഹു. വികാരി അച്ചന്മാർ, മറ്റ് ഭാരവാഹികൾ എന്നിവരെ അഭിനന്ദിക്കുവാൻ ഈ അവസരം ഉപയോഗിക്കുന്നു.

**നല്ല വിൻസെൻഷ്യൻ**

മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ ജനറൽ സെക്രട്ടറി സ്ഥാനം അലങ്കരിച്ചുകൊണ്ട് ബത്തേരി മലങ്കര കത്തോലിക്കാ രൂപതയിലെ സെൻട്രൽ കൗൺസിലിനുവേണ്ടി 58 കോൺഫറൻസുകളും മാനന്തവാടി സെൻട്രൽ കൗൺസിലിനുവേണ്ടി 21 കോൺഫറൻസുകളും രൂപീകരിക്കുവാൻ മുഖ്യ പങ്കുവഹിക്കുകയും വിവിധ സ്ഥലങ്ങളിൽ നൂറിൽപരം വിൻസെൻഷ്യൻ ബോധവൽക്കരണ ക്ലാസ്സുകൾ നയിക്കുകയും ചെയ്ത ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ KRCC യുടെ "നല്ല വിൻസെൻഷ്യൻ" അവാർഡ് നേടുകയുണ്ടായി. മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ അഭിനന്ദനവും പ്രാർത്ഥനയും ആശംസിക്കുന്നു.

**നേട്ടങ്ങൾ**

സന്ദർശനത്തോടനുബന്ധിച്ചുള്ള പഠനങ്ങളിൽ നിന്ന് ലഭിച്ച റിപ്പോർട്ട് പ്രകാരം നമ്മുടെ രൂപതയിലെ സൊസൈറ്റിയുടെ പ്രവർത്തനം അനുദിനം ഉയർന്ന നിലയിലേക്ക് കുതിച്ചുയരുകയാണ് എന്നത് നമ്മെ ഉന്മേഷവാന്മാരും സന്തുഷ്ടരുമാക്കുന്നു. ഈ കൃപയ്ക്ക് നമുക്കൊരുമിച്ച് ദൈവത്തിന് നന്ദിയർപ്പിക്കാം.

**അല്പം പോരായ്മകൾ**

കോൺഫറൻസ് സന്ദർശന വേളയിൽ പല കോൺഫറൻസുകളിലും കാണാനിടയായ പോരായ്മകൾ:

a) ഭവന സന്ദർശനങ്ങൾ വളരെ കുറവ്, b) പ്രതിവാരയോഗങ്ങളിൽ പ്രവർത്തകരുടെ ഹാജർ വളരെ കുറവ്, c) രഹസ്യപിരിവ് വളരെ കുറവ് (അംഗങ്ങളുടെ സംഖ്യ അപേക്ഷിച്ച്), d) സഹായ അംഗങ്ങളുടെ കുറവ് അഥവാ സഹായ അംഗങ്ങൾ ഇല്ല.

ഇവയെല്ലാം കോൺഫറൻസുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കും. മുന്നോട്ട് ഇവയെല്ലാം പരിഹരിച്ച് പ്രവർത്തനം സജ്ജമാക്കുന്നതിന് പരിശുദ്ധാത്മാവിന്റെ പ്രസാദവരം ഉണ്ടാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

**പ്രവർത്തന രൂപരേഖ**

കോൺഫറൻസ് സന്ദർശിക്കുവാൻ അവസരം ഒരുക്കിത്തന്ന ദൈവികപദ്ധതിയുടെ കാഴ്ചപ്പാടിലൂടെ 2015–16 പ്രവർത്തനവർഷം മാനന്തവാടി സെൻട്രൽ കൗൺസിൽ പ്രാവർത്തികമാക്കുവാൻ ആഗ്രഹിക്കുന്ന ചില കാര്യങ്ങൾ സെൻട്രൽ കൗൺസിൽ അംഗങ്ങളും ആത്മീയോപദേഷ്ടാവ് റവ. ഫാ. വർഗ്ഗീസ് മുളകുടിയാങ്കലും കൂടി തയ്യാറാ

ക്കിയിട്ടുണ്ട്. എല്ലാ കോൺഫറൻസുകൾക്കും അതത് ഏരിയ കൗൺസിൽ മുഖേന സർക്കുലർ എത്തിച്ചിരിക്കും. പ്രവർത്തന രൂപരേഖ അഞ്ചു മേഖലകളായി തരംതിരിച്ചിരിക്കുന്നു.

a) ഈശോയെ കണ്ടെത്താൻ, b) ഈശോയിലേക്ക് നയിക്കുക, c) ഈശോയോടൊപ്പം രാപ്പാർക്കാം, d) ഈശോയോടൊപ്പം പ്രവർത്തിക്കാം, e) ഈശോയ്ക്കൊരു കൈ സഹായം

**a) ഈശോയെ കണ്ടെത്താൻ**

ഈ വർഷം ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിക്കുക.

**സന്ദർശന ലക്ഷ്യങ്ങൾ**

- തന്നെ സന്ദർശിക്കാൻ ആഗ്രഹിക്കുന്ന ഈശോയുടെ പ്രതിച്ഛായ ഈ ഭവനങ്ങളിൽ എവിടെയെങ്കിലും ഉണ്ടാകും അവരെ കണ്ടുമുട്ടി ആവശ്യമായത് ചെയ്ത് കൊടുക്കുവാൻ പരിശ്രമിക്കുക.
- നമ്മെ സഹായിക്കുവാനുള്ളവരും നമ്മെ പ്രതീക്ഷിച്ച് നിൽപ്പുണ്ടാകും. അവരുടെ ആഗ്രഹം സഫലമാക്കുക.
- ഓസ്സാനാം ഭവനിലെ ''ഈശോ'' മാർക്ക് ഭക്ഷണവും മറ്റും സ്പോൺസർ ചെയ്യാൻ ആഗ്രഹിക്കുന്നവരുമുണ്ടാകാം. അവരുടെയും ആഗ്രഹം സഫലമാക്കുക.
- ദൈവവിളിയുടെ സന്ദേശം ഭവനങ്ങളിൽ നൽകുക. അവർക്കുവേണ്ടി പ്രാർത്ഥിക്കുക.

**b) ഈശോയിലേക്ക് നയിക്കുക**

**ലക്ഷ്യങ്ങൾ**

- തൊട്ടടുത്തുള്ള ഇടവകയിൽ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തനം ഇല്ലെങ്കിൽ അവിടെ ഒരു കോൺഫറൻസ് രൂപീകരിക്കാൻ പരിശ്രമിക്കുക. ഉണ്ടെങ്കിൽ അവരുടെ കോൺഫറൻസ് യോഗത്തിലും അവരോടൊപ്പം ഭവന സന്ദർശനത്തിലും ഒരു തവണയെങ്കിലും പങ്കെടുക്കുക.
- ഈശോയിലേക്ക് നമ്മെ നയിക്കുവാൻ ജീവിതം സമർപ്പിച്ച സമർപ്പിതരെ ഇടവക തലത്തിൽ ആദരിക്കുക, അവർക്കുവേണ്ടി പ്രാർത്ഥിക്കുക.

**c) ഈശോയോടൊപ്പം രാപ്പാർക്കാം**

ഓസ്സാനാംഭവനിലെ "ഈശോ" മാരോടൊപ്പം വർഷത്തിൽ ഒരു രാത്രിയെങ്കിലും നമുക്ക് താമസിക്കാം. രാത്രിയിൽ ഒറ്റക്ക് ശുശ്രൂഷ ചെയ്യുന്ന ബ്രദർ വിൻസെന്റ് ജോണിന് കൂട്ടായി ഒരു രാത്രിയെങ്കിലും സേവനം ചെയ്യാം.

**d) ഈശോയോടൊപ്പം പ്രവർത്തിക്കാം**

ഇടവകതലത്തിൽ പ്രൊജക്ടുകൾ തയ്യാറാക്കുക. കോൺഫറൻസ് തനിച്ചോ, മറ്റ് പ്രസ്ഥാനങ്ങളോടോ സംഘടനകളോടോ ചേർന്ന് ഇത് പ്രാവർത്തികമാക്കാം. ഉദാ:- ഭവനനിർമ്മാണം, റിപ്പയർ, അർഹരായ പെൺകുട്ടികളുടെ വിവാഹം തുടങ്ങിയവ. ഇവ നടപ്പിലാക്കുവാൻ കോൺഫറൻസ് തലത്തിൽ ഒരു പ്രൊജക്ട് ഓഫീസറെ തിരഞ്ഞെടുത്ത് നിയമിക്കുക.

**e) ഈശോയ്ക്കൊരു കൈ സഹായം**

ഇന്റേണൽ ട്വിന്നിംഗ് നമ്മുടെ സെൻട്രൽ കൗൺസിലിൽ നടപ്പിലാക്കുവാൻ തീരുമാനമുണ്ട്. ഇതിന്റെ രൂപത കൗൺസിൽ ചുമതല ബ്രദർ തോമസ് തൈരംചേരിക്കാണ്. Mob: 9446388547 ഇദ്ദേഹത്തെ സഹായിക്കുവാൻ കോൺഫറൻസിൽ ഒരു ട്വിന്നിംഗ് ഓഫീസറെ നിയമിക്കണം.

**പ്രാർത്ഥിക്കുക**

കോൺഫറൻസ് തലത്തിൽ മുകളിൽ പറഞ്ഞ അഞ്ച് ലക്ഷ്യങ്ങളും വിജയകരമായി നടപ്പിലാക്കുവാനും സഫലമാകുവാനും വേണ്ടി കൃപാവരത്തിനായി ഭവനങ്ങളിലെ സന്ധ്യാപ്രാർത്ഥനയിൽ ഒരു ജപമാല രഹസ്യം സമർപ്പിച്ച് പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഏസി ഭാരവാഹികളോട്**

**a)** വർഷത്തിൽ രണ്ട് തവണയെങ്കിലും തങ്ങളുടെ കീഴിലുള്ള കോൺഫറൻസുകൾ സന്ദർശിച്ച് അവരുടെ പ്രവർത്തനങ്ങളിൽ സഹായിക്കണം.

**b)** കോൺഫറൻസുകളിൽ ചെയ്ത് വരുന്നതുപോലെ ഏസി തലത്തിലും റിക്കാർഡുകൾ എഴുതി സൂക്ഷിക്കണം.

**c)** രക്തദാന ഡയറക്ടറി നിർമ്മാണത്തിന് നേതൃത്വം നൽകണം.

**d)** ഈ വർഷം ഒരു ഏകദിന ധ്യാനവും വാർഷികാഘോഷവും സംഘടിപ്പിക്കണം.

**സിസി തലത്തിൽ**

കോൺഫറൻസ്, ഏസി ഭാരവാഹികൾക്ക് ഈ വർഷത്തിൽ പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതായിരിക്കും.

**ഓസ്സാനാംഭവൻ സന്ദർശനം**

**വാഴവറ്റ ഏസി**

| | | |
|---|---|---|
| 15-1-2015 | സെന്റ് ജോസഫ് | ബാലേശുഗിരി |
| 17-1-2015 | സെന്റ് ഫ്രാൻസീസ് അസ്സീസി | മീനങ്ങാടി |

| | | |
|---|---|---|
| 19-1-2015 | അമലോത്ഭവ മാതാ | വാഴവറ്റ |
| 21-1-2015 | സെന്റ് ഡൊമിനിക് സാവ്യോ | വാഴവറ്റ |
| 23-1-2015 | സെന്റ് ജോർജ്ജ് | കൊളവയൽ |
| 25-1-2015 | സെന്റ് ജോസഫ് | തെനേരി |
| 27-1-2015 | സെന്റ് മേരീസ് | തെനേരി |
| 29-1-2015 | സെന്റ് സെബാസ്റ്റ്യൻ | വാഴവറ്റ |

**ബത്തേരി ഏസി**

| | | |
|---|---|---|
| 31-1-2015 | സെന്റ് ജൂഡ് | മൂലങ്കാവ് |
| 02-2-2015 | സെന്റ് മേരീസ് | ബത്തേരി |
| 04-2-2015 | സെന്റ് മേരീസ് | കടൽമാട് |
| 06-2-2015 | സെന്റ് മാർട്ടിൻ | അമ്പലവയൽ |
| 08-2-2015 | സെന്റ് ആന്റണി | വാകേരി |
| 10-2-2015 | സെന്റ് മേരീസ് | കൽപ്ര |
| 12-2-2015 | സെന്റ് മേരീസ് | തോമാട്ടുചാൽ |
| 14-2-2015 | സെന്റ് ജോർജ്ജ് | ചിത്രഗിരി |
| 16-2-2015 | സെന്റ് ആന്റണി | പഴൂർ |

**ഓസ്സാനാം ഭവൻ രാത്രി സേവനം ബത്തേരി ഏസി**

| | | |
|---|---|---|
| 01-1-2015 | സെന്റ് ജൂഡ് | മൂലങ്കാവ് |
| 02-1-2015 | സെന്റ് മേരീസ് | ബത്തേരി |
| 03-1-2015 | സെന്റ് മേരീസ് | കടൽമാട് |
| 04-1-2015 | സെന്റ് മാർട്ടിൻ | അമ്പലവയൽ |
| 05-1-2015 | സെന്റ് ആന്റണി | വാകേരി |
| 06-1-2015 | സെന്റ് മേരീസ് | കൽപ്ര |
| 07-1-2015 | സെന്റ് മേരീസ് | തോമാട്ടുചാൽ |
| 08-1-2015 | സെന്റ് ജോർജ്ജ് | ചിത്രഗിരി |
| 09-1-2015 | സെന്റ് ആന്റണി | പഴൂർ |
| 10-1-2015 | ഫാത്തിമ മാതാ | കുന്നലാടി |
| 11-1-2015 | സെന്റ് അൽഫോൻസ | ബത്തേരി |
| 12-1-2015 | സെന്റ് അൽഫോൻസ | ചുള്ളിയോട് |
| 13-1-2015 | സെന്റ് ഫ്രാൻസീസ് | ചുള്ളിയോട് |
| 14-1-2015 | ഫാത്തിമ മാതാ | കയ്യൂന്നി |
| 15-1-2015 | സെന്റ് ജോസഫ് | വടക്കനാട് |
| 16-1-2015 | സെന്റ് ജോർജ്ജ് | കല്ലുമുക്ക് |
| 17-1-2015 | മേരി മാതാ | മൂലങ്കാവ് |
| 18-1-2015 | സെന്റ് ജോസഫ് | മൂലങ്കാവ് (ബത്തേരി സിസി) |
| 19-1-2015 | സെന്റ് തോമസ് | ബത്തേരി |
| 20-1-2015 | സെന്റ് ജോസഫ് | മാനന്തവാടി |

**ചുണ്ടക്കര ഏസി**

| | | |
|---|---|---|
| 21-1-2015 | സെന്റ് മേരീസ് | ചുണ്ടക്കര |
| 22-1-2015 | സെന്റ് ജോസഫ് | ചുണ്ടക്കര |
| 23-1-2015 | സെന്റ് മേരീസ് | അരിഞ്ചേർമല |
| 24-1-2015 | സെന്റ് ജോർജ്ജ് | ചുള്ളിയാന |
| 25-1-2015 | സെന്റ് അൽഫോൻസ | ചുള്ളിയാന |
| 26-1-2015 | സെന്റ് സെബാസ്റ്റ്യൻ | വിളമ്പുകണ്ടം |
| 27-1-2015 | വാ. മദർ തെരേസ | വിളമ്പുകണ്ടം |
| 28-1-2015 | സെന്റ് മേരീസ് | കണിയാമ്പറ്റ |
| 29-1-2015 | സെന്റ് മേരീസ് | പറളിക്കുന്ന് |
| 30-1-2015 | സെന്റ് തോമസ് | അരിഞ്ചേർമല |

**ഗൂഡല്ലൂർ ഏസി**

| | | |
|---|---|---|
| 31-1-2015 | സെന്റ് മേരീസ് | ആറാട്ടുപാറ |
| 01-2-2015 | സെന്റ് ജോസഫ് | മച്ചിക്കൊല്ലി |
| 02-2-2015 | സേക്രട്ട് ഹാർട്ട് | അരുൾനിലയം |
| 03-2-2015 | സെന്റ് സെബാസ്റ്റ്യൻ | ധർമ്മഗിരി |
| 04-2-2015 | സെന്റ് അൽഫോൻസ | ധർമ്മഗിരി |
| 05-2-2015 | സെന്റ് ഫിലോമിന | ധർമ്മഗിരി |
| 06-2-2015 | സെന്റ് മേരീസ് | വിമലഗിരി |
| 07-2-2015 | സെന്റ് സെബാസ്റ്റ്യൻ | മണ്ണുവയൽ |

**കല്ലോടി ഏസി**

| | | |
|---|---|---|
| 08-2-2015 | സെന്റ് തോമസ് | ദീപ്തിഗിരി |
| 09-2-2015 | സെന്റ് അൽഫോൻസ | ദീപ്തിഗിരി |
| 10-2-2015 | സെന്റ് തോമസ് | വഞ്ഞോട് |
| 11-2-2015 | സെന്റ് അൽഫോൻസ | മക്കിയാട് |
| 12-2-2015 | സെന്റ് ബനഡിക്ട് | മക്കിയാട് |
| 13-2-2015 | സെന്റ് ആന്റണി | കുഞ്ഞോം |
| 14-2-2015 | സെന്റ് ജോർജ്ജ് | കല്ലോടി |
| 15-2-2015 | സെന്റ് മേരീസ് | പുതുശ്ശേരി |

ഒരിക്കൽകൂടി എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കും പുതുവർഷ മംഗളങ്ങൾ നേർന്നുകൊണ്ട് പ്രാർത്ഥനയോടെ

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

**ജൈവസാക്ഷ്യപത്ര ലഭ്യതാ പദ്ധതി**
**NPOP, NOP സർട്ടിഫിക്കേഷൻ റിന്യൂവൽ**

ജൈവ കർഷകരുടെ ഉത്പന്നങ്ങൾ ഇന്ത്യ, അമേരിക്ക എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിനാവശ്യമായ റിന്യൂവൽ ഇൻസ്പെക്ഷൻ ശേഷിക്കുന്ന 13 ICS കളിലെ 5087 കർഷകരുടെ കൃഷിയിടങ്ങളിൽ ആരംഭിച്ചു. എക്സ്റ്റേണൽ സർട്ടിഫിക്കേഷൻ ഏജൻസിയായ ലാക്കോൺ സർട്ടിഫിക്കേഷനിൽ നിന്നും ശ്രീ. പ്രവീൺ കുമാർ E.P, ശ്രീ. സണ്ണി ആന്റണി എന്നിവർ ഇൻസ്പെക്ഷൻ നടത്തി വരുന്നു. തിരഞ്ഞെടുക്കുന്ന കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിക്കുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും പോരായ്മകളും ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. ICS കോ-ഓർഡിനേറ്റർ അനൂപ് ജോസിന്റെ നേതൃത്വത്തിൽ റീജിയണൽ കോ-ഓർഡിനേറ്റേഴ്സും കൃഷിയിടങ്ങൾ തയ്യാറാക്കുകയും ഡോക്യുമെന്റേഷൻ ഓഫീസർ രമ്യയുടെ നേതൃത്വത്തിൽ ഡോക്യുമെന്റുകൾ ക്രമീകരിക്കുകയും ചെയ്തു. ജനുവരി ആദ്യവാരത്തോടെ ഇൻസ്പെക്ഷനുകൾ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. കാർഷിക സംസ്കരണ കേന്ദ്രമായ വയനാട് സ്പൈസസ് പ്രൊസ്സസിംഗ് സെന്ററിൽ ഓഡിറ്റ് നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ശ്രീ. ഷാജി ജോസിന്റെ നേതൃത്വത്തിൽ നടത്തി വരുന്നു.

**കർഷക സെമിനാറുകൾ**

കൃഷിയിലെ നൂതനമാറ്റങ്ങളും രോഗകീടനിയന്ത്രണങ്ങളും ആസ്പദമാക്കിയുള്ള കർഷക സെമിനാറുകൾ വിവിധ സ്ഥലങ്ങളിലായി നടന്നുവരുന്നു. കുമാരി ശില്പ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നു. ഓരോ സെമിനാറുകളിലും കർഷകരുടെ നല്ല പങ്കാളിത്തം ഉറപ്പുവരുത്താനും അവരുടെ പ്രശ്നങ്ങൾ ചോദിച്ചറിയാനും ശ്രമം നടത്തുന്നു.

**വികാസ്പീഡിയ**

വികാസ്പീഡിയ പോർട്ടൽ ഇന്ത്യാ ഗവൺമെന്റിന്റെ താല്പര്യപ്രകാരം സി-ഡാക് ഇന്ത്യയിൽ നടപ്പിലാക്കിവരുകയും കേരളത്തിൽ വികാസ്പീഡിയായുടെ നോഡൽ ഏജൻസിയായി വയനാട് സോഷ്യൽ

സർവ്വീസ് സൊസൈറ്റിയെ തിരഞ്ഞെടുക്കുകയും ചെയ്തു. വികാസ് പീഡിയ പോർട്ടൽ അറിവ് പകർന്നുകൊടുക്കുവാനും ശേഖരിക്കാനു മുള്ള വേദിയായി പ്രവർത്തിക്കുന്നു. സമൂഹവികസനത്തിന് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് ദേശീയ താല്പര്യത്തിന്റെ ഭാഗമായി ഇന്ത്യ ഡവലപ്പ്മെന്റ് ഗേറ്റ് വേ, ഗ്രാമീണ ഭാരതത്തെ ശക്തിപ്പെടുത്തുന്നതിന് സ്വയം സമർപ്പിച്ചുകൊണ്ട് ഈ പോർട്ടൽ വികസിപ്പിച്ചിരിക്കുന്നു. സമൂഹ വികസനത്തിന് മാധ്യമ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ അറിവും വിവരങ്ങളും നൽകുന്നു.

വികാസ് പീഡിയ പോർട്ടൽ നവംബർ വരെ ചർച്ച ചെയ്യുന്ന ആറു വിഷയങ്ങളിലായി 3000–ത്തിൽ പരം പേജുകൾ എഡിറ്റ് ചെയ്ത് Upload ചെയ്തുകഴിഞ്ഞു. ഇന്ന് ഈ പോർട്ടൽ കുട്ടികളും മറ്റുള്ളവരും കൂടുതലായി ഉപയോഗിക്കുന്നു. ആറു വിഷയങ്ങളിലായി ചർച്ചചെയ്യുന്ന ഈ വിജ്ഞാന പോർട്ടൽ ആവശ്യക്കാർക്ക് അറിവ് പകർന്നുകൊടു ക്കുകയും ഉള്ളടക്കങ്ങൾ സ്വീകരിച്ചു തുടങ്ങുകയും ചെയ്യുന്നു.

വികാസ് പീഡിയ പോർട്ടൽ പ്രധാനമായും ആളുകളെ ഇതിന്റെ സന്നദ്ധ സേവകനാക്കുവാൻ ക്ഷണിക്കുന്നു.

**സന്നദ്ധസേവകൻ/ Volunteer**

വികാസ്പീഡിയ എന്താണെന്നും, ലക്ഷ്യം, സമീപനം, ഉത്പ ന്നങ്ങൾ എന്നിവയെക്കുറിച്ച് മറ്റുള്ളവരെ ബോധവാന്മാരാക്കുന്നു. പ്രതി ഫലം ആഗ്രഹിക്കാതെ സമൂഹത്തിന്റെ നന്മക്കായി പ്രവർത്തിക്കുന്നു.

**ഉള്ളടക്ക ദാതാവ്**

ഒരു ലേഖനമോ, പരമ്പരയോ, പഠനവിഷയങ്ങളോ എഴുതുന്ന യാൾ, കോളേജ് അധ്യാപകർ, സ്കൂൾ അധ്യാപകർ, സമൂഹവികസന വിദഗ്ദർ, മാധ്യമപ്രവർത്തകർ, വിദ്യാർത്ഥികൾ, ഗവ. ജീവനക്കാർ, കർഷകർ, ഗവേഷകർ NGOS, അറിവും അനുഭവങ്ങളുമുള്ള വ്യക്തികൾ തുടങ്ങിയവർ.

**ഉള്ളടക്ക പരിശോധകൻ**

ഉള്ളടക്ക ദാതാക്കൾ തരുന്ന എഴുത്തുകൾ വിശകലനം ചെയ്ത് തെറ്റുകൾ മാറ്റി ശരിയായ വിധത്തിൽ വികാസ് പീഡിയ പോർട്ടലിൽ Upload ചെയ്യുന്നയാൾ. പ്രത്യേക വിഷയങ്ങളിൽ വിദഗ്ദരും മറ്റു വിഷ യങ്ങളിൽ ആഴത്തിലുള്ള ബന്ധവും ഉള്ളവരാണ്.

**ഉള്ളടക്ക പരിശോധകൻ**

വികാസ്പീഡിയ മലയാളം ചർച്ച ചെയ്യുന്ന ആറു വിഷയങ്ങളിൽ പ്രധാനമായും ആളുകൾക്ക് അറിവ് പകർന്നുകൊടുത്ത് സമൂഹത്തെ വികസനത്തിന്റെ പാതയിലേക്ക് എത്തിക്കുവാൻ ശ്രമിക്കുന്നു.

വികാസ്പീഡിയയുമായി ബന്ധപ്പെട്ട് നവംബർ മാസത്തിൽ വികാസ്പീഡിയ പോർട്ടൽ ജീവനുള്ളതാക്കുന്നതുമായി ബന്ധപ്പെട്ട്

പോർട്ടലിന്റെ ഹോം പേജ് നല്ല നിലവാരത്തോടുകൂടി മാറുകയും, ഡാഷ്ബോർ-ലാൻഡിംഗ് പേജ് എന്നിവ മറ്റുള്ളവരെ ആകർഷിക്കുന്ന തരത്തിലാക്കി വിവിധ കോളേജ്, സ്കൂൾ എന്നിവിടങ്ങളിൽ വികാസ്പീഡിയ പോർട്ടലിനെ പരിചയപ്പെടുത്തുകയും പോർട്ടലിന്റെ സന്നദ്ധസേവകൻ ആകുവാൻ ഏവരെയും സ്വാഗതം ചെയ്യുകയും ചെയ്തു. ജില്ല, ഉപജില്ല സ്കൂൾ ശാസ്ത്രമേളകൾ, കായികമത്സരങ്ങൾ തുടങ്ങിയവയിൽ വികാസ് പീഡിയായെ പരിചയപ്പെടുത്തി. പോർട്ടൽ പ്രമോഷനുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ ഓഫീസുകൾ, ഉദ്യോഗസ്ഥർ, കോളേജ് പ്രിൻസിപ്പാൾമാർ, ഡോക്ടേഴ്സ്, അധ്യാപകർ തുടങ്ങി വ്യക്തികളെ സന്ദർശിക്കുകയും വികാസ്പീഡിയയെ പരിചയപ്പെടുത്തുകയും ചെയ്തു. Log on:- www.vikaspedia.in

**ജനകീയ സംഘാടനം (SWS)**

**റിവ്യൂ മീറ്റിംഗ്**

കേന്ദ്ര ധന മന്ത്രാലയത്തിന്റെ കീഴിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന വനിതാ സ്വാശ്രയ സംഘങ്ങളുടെ വായ്പകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബാങ്ക് മാനേജർമാരുടെ മീറ്റിംഗ് WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വെച്ച് നവംബർ 20-ാം തീയതി നടത്തി. നബാർഡ് ജില്ലാ ഡെവലപ്പ്മെന്റ് ഓഫീസർ ശ്രീ. സജികുമാർ N.S., ലീഡ് ബാങ്ക് മാനേജർ M.V. രവീന്ദ്രൻ, മറ്റ് ബാങ്ക് മാനേജർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു. വായ്പകൾ ത്വരിതഗതിയിൽ കൊടുക്കുവാനും ഗ്രൂപ്പിന്റെ ആവശ്യം അനുസരിച്ച് നൽകുവാനും പലിശ സബ്സീഡിക്കുവേണ്ടി അപേക്ഷ നൽകുവാനും തീരുമാനിച്ചു. WSSS ജോയിന്റ് ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി സ്വാഗതവും ബത്തേരി ശ്രേയസ് കോ-ഓർഡിനേറ്റർ കെ.ഒ. ഷാൻസൺ നന്ദിയും രേഖപ്പെടുത്തി.

**ബയോഗ്യാസ് വികസന പദ്ധതി**

ചീപ്പാട്, പാക്കം, കുന്നുമലങ്ങാടി, തരുവണ, മുതിരേരി, കാട്ടിമൂല തുടങ്ങിയ സ്ഥലങ്ങളിൽ ആറ് ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മാണം പൂർത്തിയാക്കി. രണ്ട് ബയോഗ്യാസ് പ്ലാന്റുകൾ കമ്മീഷൻ ചെയ്തു. 2014-15 സാമ്പത്തിക വർഷം നിർമ്മാണം പൂർത്തിയാക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾക്ക് 9000/- രൂപ സാമ്പത്തിക സഹായം ലഭിക്കുന്നതാണ്. S.C, S.T വിഭാഗങ്ങൾക്ക് 11000 രൂപയും സാമ്പത്തിക സഹായമായി ലഭിക്കും.

**തെങ്ങിന്റെ ചങ്ങാതിക്കൂട്ടം (Friends of Coconut Tree)**

FCT -യുടെ കഴിഞ്ഞ മാസത്തെ ട്രെയിനിംഗുകൾ വിജയകരമായി പൂർത്തിയാക്കി. ഡിസംബർ മാസത്തെ ട്രെയിനിംഗുകൾ 8 മുതൽ 13 വരെയും 29 മുതൽ 2015 ജനുവരി 3 വരെയും നടക്കും. താല്പര്യമുള്ളവർ. WSSS ഓഫീസുമായി ബന്ധപ്പെടുക.

**വോഫ**

**സെമിനാർ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവ ഫെയർ ട്രേഡ് കർഷക സംഘടനയായ WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർ ട്രേഡ് അസോസിയേഷൻ - കോ-ഓർഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ നവംബർ മാസത്തിൽ ബാംഗ്ലൂരിൽ വെച്ചു സംഘടിപ്പിച്ച 'കോഫി ഫോറം മീറ്റിംഗിൽ പങ്കെടുക്കുകയും ഫെയർ ട്രേഡിലൂടെ കാപ്പിയുടെ വിപണനത്തിനാവശ്യമായ സാധ്യതകളെക്കുറിച്ചുള്ള സെമിനാറിൽ പങ്കെടുക്കുകയും ചെയ്തു. പ്രസ്തുത സെമിനാറിൽ ഫെയർ ട്രേഡ് ഇന്ത്യ ഫൗണ്ടേഷൻ ഡയറക്ടർ ശ്രീ. അഭിഷേക് ജാനി, ഫെയർ ട്രേഡ് ഏഷ്യ ലെയസണർ ഓഫീസർ ശ്രീ. രാജു ഗണപതി എന്നിവർ പങ്കെടുത്തു. കോഫി ബോർഡ് ചെയർമാൻ ശ്രീ. ജാവേദ് അക്തർ മുഖ്യാഥിതിയായിരുന്നു.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

18-11-2014 ന് WSSS ഓഡിറ്റോറിയത്തിൽ ചേർന്ന വോഫ എക്സിക്യൂട്ടീവ് യോഗത്തിൽ വോഫയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി.

**യോഗത്തിന്റെ തീരുമാനങ്ങൾ**

1. കാപ്പി കർഷകർക്ക് കൂടുതൽ വില ലഭിക്കുന്നതിനും അന്താരാഷ്ട്ര വിപണിയിൽ കൂടുതൽ ആവശ്യകതയുള്ളതുമായ 'പാർച്ച്മെന്റ്' കോഫി ഉത്പാദിപ്പിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിനും പാർച്ച്മെന്റ് കോഫി ഉത്പാദനത്തിനായുള്ള യൂണിറ്റ് ബയോവിൻ അഗ്രോ പ്രൊസസിംഗ് സെന്ററിൽ ആരംഭിക്കുന്നതിനും തീരുമാനിച്ചു.

2. വാരണാസി കമ്പോസ്റ്റ് നിർമ്മിക്കുന്നതിന് താല്പര്യമുള്ള കർഷക സംഘങ്ങൾ ഡിസംബർ മാസം 20-ാം തീയതിക്കു മുമ്പായി അപേക്ഷ സമർപ്പിക്കേണ്ടതും ചുരുങ്ങിയത് 10 MT വാരണാസി കമ്പോസ്റ്റ് നിർമ്മിക്കുന്ന യൂണിറ്റിന് 20,000 രൂപ ഗ്രാന്റ് നൽകുന്നതിനും തീരുമാനിച്ചു.

3. വോഫയിലൂടെ സംഭരിച്ച ഉത്പന്നങ്ങൾക്ക് ഒരു രൂപവീതം കിലോയ്ക്ക് ബോണസ് നൽകുന്നതിന് തീരുമാനിച്ചു.

വോഫ ചെയർമാൻ ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ അദ്ധ്യക്ഷനായിരുന്നു. പ്രസ്തുത യോഗത്തിന് കോ-ഓർഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ സ്വാഗതവും സെക്രട്ടറി ശ്രീ. മാത്യു ഉണ്ണിപ്പള്ളി നന്ദിയും പറഞ്ഞു.

**മാർക്കറ്റിംഗ് വിഭാഗം**

ജൈവ-ഫെയർ ട്രേഡ് ഉത്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്ന വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നവംബർ

മാസത്തിൽ ജൈവ-ഫെയർ ട്രേഡ് ഉത്പന്നങ്ങളുടെ വിപണനരംഗത്ത് ശ്രദ്ധേയമായ മുന്നേറ്റം നടത്തുന്നതിന് സാധിച്ചു. നവംബർ മാസത്തിൽ കാപ്പി, കുരുമുളക്, ഏലം, കറിവേപ്പില, ഗ്രാമ്പു എന്നീ ഉത്പന്നങ്ങളുടെ വിപണനം അന്താരാഷ്ട്ര തലത്തിൽ നടത്തുന്നതിന് സാധിച്ചു.

**സമഗ്ര ആദിവാസി വികസന പദ്ധതി**

സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി നവംബർ മാസത്തിൽ നിരവധി പ്രവർത്തനങ്ങൾ കാഴ്ചവെക്കുവാൻ സാധിച്ചു. 1-11-2014 ന് നബാർഡ് ടീം ഓർഗാനിക് കൃഷിരീതികളെക്കുറിച്ച് പഠിക്കുവാനായി എടമുണ്ട കോളനി സന്ദർശിച്ചു. 24-11-2014 ന് അട്ടപ്പാടി ബ്ലോക്ക് മെമ്പർ, പഞ്ചായത്ത് മെമ്പർ എന്നിവരുടെ ഒരു ഇരുപത് പേരടങ്ങുന്ന ടീം എടമുണ്ടയിൽ WADI സ്ഥലങ്ങൾ സന്ദർശിച്ചു.

**സേവ് എ ഫാമിലി പ്രോഗ്രാം**

സേവ് എ ഫാമിലി പ്രോഗ്രാമിലൂടെ നവംബർ മാസത്തിൽ നിരവധി പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചു. നവംബർ മാസം 13 നും 14 നും സേവ് എ ഫാമിലി പ്രോഗ്രാം ഇന്ത്യൻ ഓഫീസിൽ നിന്നും Fr. Disto (Regional Programme Officer, സേവ് എ ഫാമിലി പ്രോഗ്രാം) മാനന്തവാടി രൂപതയിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സന്ദർശനം നടത്തി. 13-11-14 ന് WSSS ജോയിന്റ് ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളിയുടെയും ഫാ. ഡിസ്റ്റോയുടെയും സാന്നിധ്യത്തിൽ മാനന്തവാടി റീജിയണൽ മീറ്റിംഗ് സംഘടിപ്പിച്ചു. ക്യാൻസർ എന്ന മഹാരോഗത്തെക്കുറിച്ചും അതിന്റെ പ്രതിരോധ നടപടികളെക്കുറിച്ചും ഫാ. ബിജോ ക്ലാസ്സ് നൽകി. യോഗത്തിൽ പി. എ. ജോസ് (ജനറൽ കോ-ഓർഡിനേറ്റർ, WSSS) ആശംസയർപ്പിച്ചു സംസാരിച്ചു. 14-11-14 ന് മാനന്തവാടി റീജിയണിലെയും പുൽപ്പള്ളി റീജിയണിലെയും ഏതാനും കുടുംബങ്ങളിലെ SAFP പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് റവ. ഫാ. ഡിസ്റ്റോ സന്ദർശനം നടത്തി. കൂടാതെ ആനിമേറ്റേഴ്സ് ഓരോ സെന്ററിലെയും ഉപകാരിക്ക് അയക്കേണ്ട ക്രിസ്തുമസ് കത്തുകൾ ശേഖരിച്ച് കത്തുകൾ അയയ്ക്കാനുള്ള ശ്രമങ്ങൾ നടത്തി. കൂടാതെ ആനിമേറ്റേഴ്സ് ഏതാനും ആളുകളുടെ വരുമാന വർദ്ധക പരിപാടികൾ കാണുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. മുൻകൂട്ടി നിശ്ചയിച്ചിരുന്നതനുസരിച്ച് SAFP കുടുംബത്തിൽപ്പെട്ട 18 പേർക്ക് വരുമാന വർദ്ധക പരിപാടികൾക്ക് വേണ്ടി തുക വിതരണം ചെയ്തു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ് (KLM)

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീ കരണത്തിനുമായി പ്രവർത്തിച്ചുവരുന്ന സർക്കാരിതര സാമൂഹിക സംഘടനയാണ് കേരള ലേബർ മൂവ്മെന്റ്. ഇതിന്റെ മാനന്തവാടി ഘട കത്തിന്റെ പ്രവർത്തനങ്ങൾ എല്ലാം വളരെ ഭംഗിയായി നടക്കുന്നു.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

KLM സംസ്ഥാന ടീമും മാനന്തവാടി രൂപതാ എക്സിക്യൂട്ടീവും സംയുക്ത യോഗം നടത്തി. സംസ്ഥാന ഡയറക്ടർ റവ. ഫാ. ജോർജ്ജ് തോമസ്, വൈസ് പ്രസിഡണ്ട് സെബാസ്റ്റ്യൻ പാലംപറമ്പിൽ, ജനറൽ സെക്രട്ടറി ഷാജു ആന്റണി, സെക്രട്ടറി ലോറൻസ്, സംസ്ഥാന കോ-ഓർഡിനേറ്റർ അലക്സ് എന്നിവരും രൂപതയുടെ നേതാക്കളും പങ്കെടുത്തു. യോഗത്തിൽ വെച്ച് അസംഘടിതരായ തൊഴിലാളികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ ചർച്ച ചെയ്തു. യോഗത്തിൽ വെച്ച് സംസ്ഥാന കമ്മറ്റിക്ക് പ്രവർത്തന ഫണ്ടായ 10000 രൂപ പ്രസിഡണ്ട് ശ്രീ. ബിജു പൊയ്ക്കുന്നേൽ കൈമാറി.

**കർഷക ക്ഷേമനിധി**

ജില്ലയിൽ KLM ന്റെ കീഴിൽ കർഷക ക്ഷേമനിധിയിൽ അംഗ ങ്ങളെ ചേർക്കാനുള്ള നടപടികൾ പൂർത്തിയാക്കി.

**ബോധവൽക്കരണ സെമിനാറുകൾ**

KLM സംഘടനയെക്കുറിച്ചും വിവിധ ക്ഷേമനിധി പദ്ധതികളെ ക്കുറിച്ചും 1-11-14 നു ഇരുളത്തും 13-11-14 ന് SAFP കുടുംബങ്ങൾക്കും 23-11-14 ന് അമ്പായത്തോട് ഇടവകയിലും 26-11-14 ന് FCT ക്യാമ്പിലും 30-11-14 ന് മുള്ളൻകൊല്ലിയിലും ക്ലാസ്സുകൾ നടത്തി. തുടർന്ന് കൂടു തൽ ആളുകൾ സുരക്ഷയിൽ അംഗങ്ങളാകുവാൻ സന്നദ്ധരായിട്ടുണ്ട്.

**സുരക്ഷ അംഗത്വം പുതുക്കൽ**

സുരക്ഷ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവരുടെ അംഗത്വം പുതു ക്കേണ്ട സമയമാണിത്. 65 അംഗങ്ങൾ കഴിഞ്ഞ മാസം അംഗത്വം പുതു ക്കുകയുണ്ടായി. ഇനിയും അംഗത്വം പുതുക്കുവാനുള്ളവർ അവരുടെ അംഗത്വം എത്രയും വേഗം പുതുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടുമല്ലോ.

04935 240314, 9447264935, 9562766224

**ഫാ. ബിജോ കറുകപ്പള്ളി** - ഡയറക്ടർ, KLM

## റേഡിയോ മാറ്റൊലി 90.4 mhz

**സന്മനസ്സുള്ളവർക്ക് സമാധാനം**

സന്മനസ്സുള്ളവർക്ക് സമാധാനം എന്ന പ്രത്യേക ക്രിസ്മസ് സന്ദേശപരിപാടി ഡിസംബർ 1 മുതൽ 25 വരെ പ്രക്ഷേപണം ചെയ്തു.

**പാനൽ ചർച്ച**

കായിക രംഗത്തെ വയനാടിന്റെ കുതിപ്പ് എന്ന വിഷയത്തെ അടിസ്ഥാനമാക്കി പാനൽ ചർച്ച നടത്തി. റേഡിയോ മാറ്റൊലി പ്രോഗ്രാം വോളണ്ടിയറും എച്ചോം സർവ്വോദയാ ഹൈസ്കൂളിലെ കായികാധ്യാപകനുമായ ശ്രീ. ജോസഫ് പള്ളത്ത് മോഡറേറ്ററായിരുന്നു. മീനങ്ങാടി ജി.എച്ച്.എസ്സിലെ അധ്യാപിക സുജാത ടീച്ചർ, കാക്കവയൽ ജി.എച്ച്. എസ്സിലെ അധ്യാപിക വിജയ ടീച്ചർ, കാട്ടിക്കുളം ജി.എച്ച്.എസ്സിലെ അധ്യാപകൻ ലക്ഷ്മണൻ മാസ്റ്റർ, കല്പറ്റ എസ്.കെ.എം.ജെ.എച്ച്. എസ്സിലെ അധ്യാപികയായ ഡൈനി വർഗ്ഗീസ് എന്നിവർ പങ്കെടുത്തു.

**മാധ്യമ ശില്പശാല**

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ദൃശ്യ ശ്രാവ്യ മാധ്യമപ്രവർത്തകർക്കായി വടകര ഇരിങ്ങൽ ആട്സ് & ക്രാഫ്റ്റ് വില്ലേജിൽ സംഘടിപ്പിച്ച മാധ്യമ ശില്പശാലയിൽ റേഡിയോ മാറ്റൊലി പ്രോഗ്രാം പ്രൊഡ്യൂസേഴ്സ് രാജിത്ത് വെള്ളമുണ്ടയും ശ്രീകാന്ത് കൊട്ടാരത്തിലും പങ്കെടുത്തു.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ

## 'ഗ്ലോറിയ 2014'

മീഡിയാ കമ്മീഷൻ നിർമ്മിച്ച ക്രിസ്മസ് പ്രോഗ്രാം 'ഗ്ലോറിയ 2014' ഡിസംബർ 1 മുതൽ 25 വരെ ദിവസങ്ങളിൽ മലനാട്, വയനാട് വിഷൻ, ഏഷ്യാനെറ്റ് കേബിൾ എന്നീ ചാനലുകളിൽ സംപ്രേക്ഷണം ചെയ്തു. ക്രിസ്മസ് സന്ദേശം നൽകിയ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ്, റവ.ഫാ. മനോജ് കാക്കോനാൽ, ഐറിൻ വാതക്കോടത്ത് എന്നിവരെ സ്നേഹപൂർവ്വം ഓർമ്മിക്കുന്നു. പ്രോഗ്രാം നിർമ്മാണത്തിൽ സഹകരിച്ച റവ.ഫാ. ജോസ് കൊച്ചറക്കൽ, റവ.ഫാ. ഷൈജു ഐക്കരക്കാന, റവ.ഫാ. സജി കാട്ടാംകോട്ടിൽ, റവ.ഫാ. ജോയി പുല്ലംകുന്നേൽ, റവ.സി. റോണ സി.എം.സി., റവ.സി. ജോൺസി എസ്.കെ.ഡി., കല്ലോടി സെന്റ് ജോർജ് ഫൊറോന ടീം, വിളമ്പുകണ്ടം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, ബത്തേരി ഓർത്തഡോക്സ് ചർച്ച്, കുറുമണി സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് കൊയർ എന്നിവർക്കും വീഡിയോഗ്രഫിയും എഡിറ്റിങ്ങും നിർവ്വഹിച്ച ക്ലീറ്റസ് മാനിക്കൽ, റെനീഷ് ആര്യപ്പള്ളി, റേഡിയോ മാറ്റൊലി ടീം, മലനാട്, വയനാട്വിഷൻ, എ.സി.വി. ചാനൽ മേധാവികൾക്കും പ്രത്യേകം നന്ദിയർപ്പിക്കുന്നു.

## വെർച്വൽ മീഡിയ വർക്ക്ഷോപ്പ്

മീഡിയാകമ്മീഷൻ സംഘടിപ്പിച്ച 'വെർച്വൽ മീഡിയാ വർക്ക്ഷോപ്പ്' അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ഉത്ഘാടനം ചെയ്തു. അഡ്വ. ജിജിൽ ജോസഫ്, റവ.ഫാ. സന്തോഷ് കാവുങ്കൽ, റവ.ഫാ. ബാബു മാപ്ലശേരി എന്നിവർ ക്ലാസുകൾ നയിച്ചു. മാധ്യമ ശിൽപ്പശാലയുടെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും സിസ്റ്റേഴ്സിനും സഹായങ്ങൾ ചെയ്ത റേഡിയോ മാറ്റൊലി ടീം, പാസ്റ്ററൽ സെന്റർ ഡയറക്ടർ എന്നിവർക്കും പ്രത്യേകം നന്ദി. ഈ വർക്ക് ഷോപ്പിന്റെ രണ്ടാംഘട്ടം ഫെബ്രുവരിയിൽ നടക്കും. താൽപര്യമുള്ളവർ മുൻകൂട്ടി അറിയിക്കുക.

## വൈദികർക്കും സിസ്റ്റേഴ്സിനും വെർച്വൽ മീഡിയ സെമിനാർ

മീഡിയ കമ്മീഷന്റെ ആഭിമുഖ്യത്തിൽ 2015 ജനുവരി 26 ന് തിങ്കളാഴ്ച 3 മണി മുതൽ 8 മണിവരെ വെർച്വൽ മീഡിയാ സെമിനാർ

സംഘടിപ്പിക്കുന്നു. മൊബൈൽ ഫോൺ, ഫെയ്സ്ബുക്ക്, ഈ-മെയിൽ, വാട്ട്സ്ആപ്പ്, ഇന്റർനെറ്റ് എന്നിവയുടെ ഉപയോഗം, ദുരുപയോഗിക്കപ്പെടാനുള്ള സാധ്യതകൾ, സൈബർ നിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള പ്രാഥമീക പഠനമാണ് ഉദ്ദേശിക്കുന്നത്. സ്ഥലം - റേഡിയോ മാറ്റൊലി ഹാൾ, ദ്വാരക. റജിസ്ട്രേഷൻ പീസ് Rs. 100/-, പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി അറിയിക്കുക. മീഡിയാഡയറക്ടർ - 9544256990, PRO ഓഫീസ് - 9496691409.

**മീഡിയാകമ്മീഷൻ പുതിയടീമിന് സ്വാഗതം**

മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ (ചെയർമാൻ), റവ. ഫാ. ബാബു മാപ്ലശേരി (ഡയറക്ടർ), റവ. ഫാ. ജയിസ് ചെട്ടിയാശേരി (അസി. ഡയറക്ടർ), റവ.ഫാ. തോമസ് ജോസഫ് തേരകം (PRO), വിനോദ് നെല്ലക്കൽ - കബനിഗിരി, ബാബു വടക്കേടത്ത് - പുൽപ്പള്ളി, ഷാജി ചന്ദനപ്പറമ്പിൽ - മീനങ്ങാടി, ജോസ് താഴത്തേൽ - വിളമ്പുകണ്ടം, സി. സെബി MSMI, സി. ഡെൽഫി CMC , സൗമ്യ ബിജു പ്ലാപ്പറമ്പിൽ - പനമരം, ഷെൻസി എടക്കാട്ടുപുത്തൻപുര - കയ്യൂന്നി, തോമസ്കുട്ടി - ഇടിവണ്ണ, ജോസ് പള്ളത്ത് - കല്ലോടി, ബിനു പാറാനി - നടവയൽ, ഷിബു സി.വി. - വെള്ളമുണ്ട, ടോം ഉള്ളോപ്പള്ളി - ചുങ്കക്കുന്ന്, റവ.ഫാ. സന്തോഷ് കാവുങ്കൽ, റവ.ഫാ. മനോജ് കാക്കോനാൽ. പുതിയ മീഡിയ കമ്മീഷൻ അംഗങ്ങൾക്ക് സ്വാഗതാശംസകൾ.

നിലവിലുണ്ടായിരുന്ന മീഡിയാകമ്മീഷൻ അംഗങ്ങളായിരുന്ന, ചെയർമാൻ റവ. ഫാ. തോമസ് ജോസഫ് തേരകം, റവ. ഫാ. സോമി വടയാപറമ്പിൽ, ശ്രീ. ജോസ് പള്ളത്ത് എന്നിവർക്ക് ഏറ്റവും സ്നേഹത്തോടെ നന്ദി പറയുന്നു. പുതിയ മീഡിയാ കമ്മീഷൻ അംഗങ്ങളുടെ മീറ്റിംഗ് 2015 ജനുവരി 11 ന് 3 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്.

**ഫാ. ബാബു മാപ്ലശേരി**
ഡയറക്ടർ, മീഡിയാ കമ്മീഷൻ
Mediacom.mndy@gmail.com

# ക്രിസ്ത്യൻ കൾച്ചറൽ ഫോറം

വയനാട്ടിൽ സാന്നിധ്യമുള്ള നാല് കത്തോലിക്കാ രൂപതകളിലേയും അൽമായരുടെ സംഘടനയായ CCSS ന്റെ പോഷക സംഘടനയായ ക്രിസ്ത്യൻ കൾച്ചറൽ ഫോറം വയനാട് ജില്ലാ കമ്മിറ്റി നടത്തുന്ന സിവിൽ സർവ്വീസ് പരിശീലന പരിപാടിയുടെ ഒന്നാംഘട്ട പ്രവേശന പരീക്ഷ 'അഭിരുചി 2014' ഡിസംബർ 21 ന് നടന്നു. മാനന്തവാടി രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി 1113 (10-ാം ക്ലാസ്) 960, (11-ാം ക്ലാസ്), 1012 (12-ാം ക്ലാസ്) കുട്ടികൾ പേര് രജിസ്റ്റർ ചെയ്തു. ഈ പരിപാടികളോടു സഹകരിച്ച മുഴുവൻ വികാരിയച്ചന്മാരോടും, കാറ്റിക്കിസം ഡയറക്ടറച്ചനോടും, ഹെഡ്മാസ്റ്റർമാരോടും, ഫൊറോന സെക്രട്ടറിമാരോടും നന്ദി പറയുന്നു.

**സാലു അബ്രാഹം മേച്ചേരിൽ** (ചെയർമാൻ)
സിസിഎഫ് വയനാട് ജില്ലാ കമ്മിറ്റി
**റെയ്മൺ താഴത്ത്** (ജനറൽ സെക്രട്ടറി)
**ജോസ് മാത്യു താഴത്തേൽ** (സെക്രട്ടറി)

**Tidings Since 25 November 2014**

The College submitted a project proposal worth rupees 1 crore to The University Grants Commission for the construction of a new, two storied Library Block.

The interview for the selection of a regular faculty member in English was held on 29 November 2014. The selected candidate, Mr. Toby K Joseph, MA, MPhil, BEd, NET was appointed Assistant Professor in the Department of English.

The College is gearing up for the inauguration of its Vicennial celebration, scheduled on 12 January 2012. His Excellency Dr. Jose Porunnedam, Bishop, Diocese of Mananthavady and Patron of the College, and Ms. Jayalakshmi, Hon. Minister for Tribal Development and Youth Affairs, Government of Kerala, have consented to grace the occasion by their presence.

In view of increasing access to Higher Education, the College forwarded application to Kannur University for sanctioning UG programmes in Botany and PG programmes in English, Commerce and Zoology.

Odd semester examination for all the undergraduates has been completed and the College closed for the Christmas holidays on 19 December 2014.

The NSS units of the College, with its 100 volunteers are camping at Government BEd College, Mananthavady for social work and training. The camp, lead by the Programme Officers, Mr Sabu OJ and Sr Bindhu K Thomas, commenced on 19 December 2014. The expected date of reopening is 30 December.

**Dr. Saban Kurumthottam V** - Principal

ദൈവം സമ്മാനമായി തന്ന ഒരു പുതുവർഷം കൂടി ഇതാ നമ്മെ ത്തേടി എത്തിയിരിക്കുന്നു. ഏവർക്കും നന്മ നിറഞ്ഞതും അനുഗ്രഹദായക വുമായ ഒരു പുതുവത്സരം ആശംസിക്കുന്നു. കഴിഞ്ഞ അധ്യയന വർഷ ത്തിലെ നമ്മുടെ ജീവിതത്തെ വിലയിരുത്തുകയും ലഭിച്ച അനുഗ്രഹങ്ങൾക്ക് നല്ലദൈവത്തിന് നന്ദി പറയുകയും വന്നുപോയ വീഴ്ചകൾ ആവർത്തിക്കാ തിരിക്കാനുള്ള കൃപ യാചിക്കുകയും ചെയ്യാം. 2014 -2015 വർഷത്തെ വർഷാ വസാന പരീക്ഷയും, പ്രത്യേകിച്ച് SSLC, +1, +2 പരീക്ഷകളും അടുത്തെ ത്തിയിരിക്കുമ്പോൾ ഏറ്റവും നല്ല വിജയം മുന്നിൽ കണ്ടുകൊണ്ട് നമ്മുക്ക് ഒന്നുചേർന്ന് യത്നിക്കാം. കൂടുതൽ വിജയശതമാനം നേടുന്നതിനായി പരിശ്രമിക്കാം പ്രവർത്തിക്കാം.

**അഭിനന്ദനങ്ങളും നന്ദിയും**

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി HSA, UPSA, LPSA എന്നീ വിഭാഗങ്ങളിലേക്ക് നിയമനങ്ങൾക്കായി അദ്ധ്യാപകരുടെ പുതിയ പൂൾ ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ രണ്ടാം ഘട്ടമായ ഒത്തുചേരൽ നവംമ്പർ 15 നും, മൂന്നാം ഘട്ടമായ എഴുത്ത് പരീക്ഷ നവംമ്പർ 22 നും ദ്വാരക എ.യു.പി സ്കൂളിൽ വച്ച് നടത്തപ്പെട്ടു. ഇതിനായി സഹായസഹക രണങ്ങൾ ചെയ്തുതന്ന ദ്വാരക എ.യു.പി സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ഷാജി വർഗീസ് സാറിനും, ഒപ്പം പ്രവർത്തിച്ച മുഴുവൻ അദ്ധ്യാപകർക്കും, അനദ്ധ്യാ പകർക്കും, പ്രത്യേകം അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

സംസ്ഥാനത്തും ജില്ലയിലും വച്ച് നടത്തപ്പെട്ട കലാ-കായിക, ശാസ്ത്ര, സാഹിത്യ പ്രവർത്തി പരിചയ മേളകളിൽ പങ്കെടുക്കുകയും ഉന്നത നേട്ടം കരസ്ഥമാക്കുകയും ചെയ്ത എല്ലാ സ്കൂളുകളിലെയും ഹെഡ്മാ സ്റ്റർമാരെയും, അദ്ധ്യാപകരെയും അനദ്ധ്യാപകരെയും, വിദ്യാർത്ഥികളെയും സഹായസഹകരണങ്ങൾ നൽകിയ രക്ഷിതാക്കളെയും പിടിഎ , മദർ പിടിഎ തുടങ്ങിയ സമിതികളെയും CEADOM -ന്റെ അനുമോദനങ്ങളും അഭിനന്ദന ങ്ങളും അറിയിക്കുന്നു.

**ട്രാൻസ്ഫറും, പ്രമോഷനും**

രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിൽ ജോലി ചെയ്യുന്ന എല്ലാ അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കും, 2015- 2016 അധ്യയന വർഷത്തേയ്ക്കുള്ള ട്രാൻസ്ഫർ & പ്രമോഷൻ ഫോം ദ്വാരകയിലുള്ള കോർപ്പറേറ്റ് ഓഫീസിൽ നിന്നും 2015 ജനുവരി 2-ാം തീയതി മുതൽ ലഭിക്കുന്നതാണ്. അപേക്ഷാ ഫോം ന്റെ ഹാഡ് കോപ്പി പൂരിപ്പിച്ച് ലോക്കൽ മാനേജറുടെയും, ഹെഡ്മാസ്റ്ററിന്റെയും അംഗീകാരത്തോടു കൂടി

2015 ഫെബ്രുവരി 9 നു മുമ്പ് ദ്വാരകയിലുള്ള കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കുകയും, CEADOM Website ൽ ഇതിന്റെ സോഫ്റ്റ് കോപ്പി ഫിൽ ചെയ്ത് ഹെഡ്മാസ്റ്റർ മുഖേന ഫോർവേഡ് ചെയ്യുകയും വേണം.

**HS, HSS പ്രധാനാദ്ധ്യാപക സമ്മേളനം**

2014 -2015 അധ്യയന വർഷത്തെ സ്കൂൾ പ്രവർത്തനങ്ങൾ പങ്കുവയ്ക്കുന്നതിനും, കുട്ടികളുടെ പഠനനിലവാരവും, പഠനാനുബന്ധ പ്രവർത്തനവും വിലയിരുത്തുന്നതിനും, വർഷാവസാന പരീക്ഷയും പ്രത്യേകിച്ച് SSLC, HSS പരീക്ഷകളും , അഭിപ്രായങ്ങൾ ആരായുന്നതിനും വേണ്ടി 2015 ജനുവരി 10 ശനിയാഴ്ച 10.00 am മുതൽ 1.00 pm വരെ രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാ ഹയർസെക്കന്ററിയിലെയും, ഹൈസ്ക്കൂളുകളിലെയും പ്രധാനാദ്ധ്യാപകരുടെ യോഗം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

**സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്**

**സെന്റ് തോമസ് എച്ച്.എസ്.എസ്, നടവയൽ :** തിരൂരിൽ നടന്ന സംസ്ഥാന ശാസ്ത്രോത്സവത്തിൽ ഹൈസ്കൂൾ വിഭാഗം ഐ.റ്റി മേഖലയിൽ നാലാം സ്ഥാനവും, പ്രവർത്തി പരിചയ മേളയിൽ 7 എ ഗ്രേഡും 1 ബി ഗ്രേഡും, സാമൂഹ്യ ശാസ്ത്ര സ്റ്റിൽ മോഡലിൽ എ ഗ്രേഡും, ഗണിത ശാസ്ത്ര അപ്ലൈഡ് കൺസ്ട്രക്ഷനിൽ ബി ഗ്രേഡും നേടി. ഐ.റ്റി മേഖലയിൽ യു.പി വിഭാഗത്തിന് ഓവറോൾ ചാമ്പ്യൻഷിപ്പും, ഉപജില്ല തലത്തിലും ജില്ലാതലത്തിലും നടത്തിയ പ്രവർത്തി പരിചയമേളയിൽ ഒന്നാം സ്ഥാനവും ലഭിച്ചു. മാനന്തവാടിയിൽ വച്ച് നടത്തിയ ജില്ലാ കായികോത്സവത്തിൽ 6 -ാം സ്ഥാനവും കരസ്ഥമാക്കി. എയ്ഡഡ് വിദ്യാലയങ്ങളിലെ ഏറ്റവും മികച്ച സ്ഥാനമായിരുന്നു ഇത്. സ്റ്റുഡന്റ് കേഡറ്റ് പോലീസിന്റെ ആഭിമുഖ്യത്തിൽ ജില്ലാതലത്തിൽ ക്വിസ് മത്സരത്തിൽ അജയ് റോഷൻ ജോയ്, ഷാർലറ്റ് ജെ.കെ, ഫെബിൻ പി.ബാബു എന്നിവർ ഒന്നാം സ്ഥാനം നേടി.

ഗോത്ര വിദ്യാർത്ഥി പ്രോത്സാഹന പരിപാടിയായ ഉച്ചാലിന്റെ ആഭിമുഖ്യത്തിൽ അരിവാൾ രോഗനിർണ്ണയ ക്യാമ്പ് നടത്തി.

കാസ ലഹരിവിരുദ്ധ വേദിയുടെ ആഭിമുഖ്യത്തിൽ ലഹരിക്കെതിരെ വിരൽ മുദ്ര ക്യാമ്പെയിൻ പൊതുജന പങ്കാളിത്തത്തോടെ സംഘടിപ്പിച്ചു. നല്ല പാഠം പദ്ധതിയുടെ ഭാഗമായി വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളിൽ നിന്നുവരുന്ന വിദ്യാർത്ഥികൾക്ക് സ്നേഹത്തിന്റെ സൂര്യ വെളിച്ചം എന്ന പേരിലിൽ സോളാർ വിളക്കുകൾ വിതരണം ചെയ്തു.

**സെന്റ് ആന്റണീസ് യു.പി.സ്കൂൾ പഴൂർ:** വിദ്യാരംഗം കലാ സാഹിത്യ വേദിയുടെ ഉപജില്ലാ മത്സരങ്ങളിൽ 1500 ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു. വിദ്യാരംഗം, ശാസ്ത്രമേള, സംസ്കൃതോത്സവം, കലോത്സവം എന്നിവയിലെല്ലാം യു.പി വിഭാഗത്തിൽ രണ്ടാംസ്ഥാനം ലഭിച്ചു.

**ഫാ. ജോ. പി. ജോർജ്ജ് പൊൻപാറയ്ക്കൽ** - കോർപ്പറേറ്റ് മാനേജർ

# അറിയിപ്പുകൾ




## വിൻസെൻഷ്യൻ വൈദിക വിദ്യാർത്ഥികൾ നയിക്കുന്ന ജീസസ് മിഷൻ ധ്യാനം

മെയ് മാസത്തിൽ ഇടവകകൾതോറും നടത്തുന്ന കുട്ടികളുടെ മൂന്നു ദിവസത്തെ ജീവിത നവീകരണ ധ്യാനവും കൂട്ടായ്മയും

- കുഞ്ഞുമക്കളെ ദൈവാനുഭവത്തിലേക്കു നയിക്കുന്ന വചനശുശ്രൂഷകൾ
- സ്വർഗ്ഗീയാനുഭൂതി പകരുന്ന ആരാധനാ നിമിഷങ്ങൾ
- ദൈവികജീവനേകുന്ന ദിവ്യബലി
- ബൈബിൾ സന്ദേശം ഉൾക്കൊള്ളുന്ന Action Song, Audio-Visual Programme
- ദൈവ-മനുഷ്യ അനുരഞ്ജന ശുശ്രൂഷ
- സാക്ഷ്യമേകുന്ന ബൈബിൾറാലി
- ആത്മീയാനുഭൂതി പകരുന്ന ഗാനശുശ്രൂഷകൾ
- സൗഹൃദം വളർത്തുന്ന സ്നേഹവിരുന്ന്

ജീസസ് മിഷൻ ധ്യാനം നടത്തുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക:- Director, Jesus Mission, Vincentian Vidyabhavan, aluva. Mob: 07025428804

# Pastoral Centre Programme



**January 2015**

| | | |
|---|---|---|
| 03 | - | CML Executive, Zion |
| 10 | - | H.M.P.P. Conference |
| 10 | - | Corporate HSS,HS H.M Conference |
| 11 | - | Media Commission Meeting |
| 11-14 | - | MPC |
| 15 | - | CMA Executive |
| 15 | - | Bible Class |
| 18-22 | - | Zion Retreat |
| 20 | - | Marian Singles |
| 23-26 | - | MPC |
| 25 | - | CML Executive & Team Meeting |
| 26 | - | Media Workshop |
| 27 | - | KCYM |

**Fr. Mathew Periappuram**
Director, Pastoral Centre

# Bishop's Programme



***January 2015***

| | | |
|---|---|---|
| *1* | *Thu Morning......* | *Kabanigiri: Ordination of Deacon Varghese (Noble) Parackal & Deacon Steby Kalloorkattu VC* |
| *2* | *Fri ....................* | *Out of Station* |
| *3* | *Sat Morning .....* | *Chungakkunnu: Ordination of Deacon Abraham (Shinto) Pulikuzhiyil* |
| | *Afternoon .....* | *Kayyunni: Anniversary of Sacred Heart School* |
| *4* | *Sun ..................* | *Karimani: Parish Jubilee* |
| *5* | *Mon 10 Sat ......* | *Kakkanad: Synod of Bishops* |
| *12* | *Mon Morning....* | *Mary Matha College, Excellence Day* |
| | *Evening.....* | *Silver Jubilee of Priests* |
| *13* | *Tue ..................* | *Engaged* |
| *14* | *Wed ..................* | *Visitors' Day* |
| *15* | *Thu ..................* | *Palchuram: Ordination of Deacon Bobit Paimbillikunnel MI* |
| *16* | *Fri ....................* | *Out of Station* |
| *18* | *Sun Morning.....* | *Pudussery: Foundation stone laying of the new church.* |
| | *Afternoon....* | *Thomattuchal: Blessing of the Presbytery* |
| *19* | *Mon .................* | *Kalpetta: Fathima Matha Hospital, Thanksgiving Day* |

| | | |
|---|---|---|
| *20* | *Tue .................* | *Engaged* |
| *21* | *Wed ................* | *Visitors' Day* |
| *22* | *Thu .................* | *Bishop's House: Reception to the New Priests* |
| *23* | *Fri ..................* | *Out of Station* |
| *24* | *Sat 26 Mon .......* | *Ernakulam: KLM Meeting* |
| *28* | *Wed ..................* | *Vaduvanchal: Anniversary of Auxilium School* |
| *29* | *Thu .................* | *Chelivayal: Convention* |
| *30* | *Fri ....................* | *Out of Station* |
| *31* | *Sat ..................* | *Edapetty: Orphanage Day* |

## *February 2015*

| | | |
|---|---|---|
| *1* | *Sun .................* | *Bathery: Foundation Stone Laying of the new church* |
| *2* | *Mon .................* | *Blessing of Grotto, St. Camillus Seminary* |
| *3* | *Tue 5 Thu .........* | *Junior Priests' Course* |
| *6* | *Fri ...................* | *Out of Station* |
| *7* | *Sat Morning......* | *MSMI Provincial House, Bathery* |
| | *Afternoon....* | *Valavayal: Jubilee of Sisters* |
| *8* | *Sun .................* | *Kartikulam: Parish Jubilee* |
| *9* | *Mon ................* | *Visitors' Day* |
| *10* | *Tue ..................* | *Dwaraka: Blessing of CMC Convent* |
| *11* | *Wed .................* | *Valllikett: Blessing of the renovated church* |
| *12* | *Thu ..................* | *Pullurampara: Bethania Convention* |
| *13* | *Fri ..................* | *Out of Station* |
| *14* | *Sat Morning.....* | *Pastoral Council* |
| | *Afternoon........* | *Kartikulam: Holy Mass* |
| *16* | *Mon ...............* | *Ash Monday* |
| *17* | *Tue ..................* | *Engaged* |

| | |
|---|---|
| *18 Wed ..................* | *Consultors and Finance Council Meeting* |
| *20 Fri ...................* | *Out of Station* |
| *21 Sat ...................* | *Engaged* |
| *22 Sun ..................* | *Pastoral Centre: CML Anniversary* |
| *24 Tue ...................* | *Thariode: School Anniversary* |
| *25 Wed ..................* | *Visitors' Day* |
| *27 Fri .....................* | *Pastoral Centre: Lahari Vimuktha Varsham Conclusion* |
| *28 Sat ....................* | *Pastoral Centre: Meeting of the Office Bearers of Associations* |